# സത്യദൂതൻ

2023 ജനുവരി | ലക്കം 01
വില ₹ 30



**ഉടമ്പടികൾ സന്ധികൾ കരാറുകൾ**

**സൂഫിവര്യന്മാർ പ്രചരിപ്പിച്ച ഇസ്‌ലാം**

**സ്പോട്സും ഇസ്‌ലാമും**

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*



The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ


2023 ജനുവരി
ഹി.ശ.1403- സുലഹ്
1444 ജ.ഉ.ആഖിർ - റജബ്
പുസ്തകം 95 ലക്കം 01
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല**



**7**
പ്രഭാഷണം
**ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഡിസംബർ 22-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**ദൈവത്തിന്റെ സൃഷ്ടിയും അവന്റെ കല്പനയും**
ഹദ്റത്ത് അഹ്മദ് (അ)

**12**
**ഉടമ്പടികൾ, സന്ധികൾ, കരാറുകൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**19**
**സൂഫിവര്യന്മാർ പ്രചരിപ്പിച്ച ഇസ്‌ലാം**
എ.എം. മുഹമ്മദ് സലീം

**23**
**തത്തയും വ്യാപാരിയും**
ജലാലുദ്ദീൻ റൂമി

**25**
**ഇസ്‌ലാം മഹനീയ പാഠങ്ങളുടെ കലവറ**
മഹ്മൂദ് കൽക്കുളം

**29**
**അവിശ്വാസികളെ കൊല്ലാൻ ഖുർആൻ കൽപ്പിക്കുന്നുവോ?**
ഇബ്നു അബ്ദുല്ല

**32**
ഭാഗം - 35
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**സ്പോട്സും ഇസ്‌ലാമും**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ നാഥന്റെ വചനങ്ങൾ ഓർമ്മപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25:74)





## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഫറജ്' വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് 'ഫറജ്'? നബിതിരുമേനി(സ) കൈ കൊണ്ട് ഇങ്ങിനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗ്ഗം ... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫി ദ്ദീൻ' (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായിക്കാണുന്നു. (കിശ്തീനൂഹ്)



എഡിറ്റോറിയൽ


# സത്യദൂതൻ
# ശതാബ്ദിയിലേക്ക് ഒരു വർഷം

ആകാശത്ത് ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ നിരീക്ഷിച്ചവർക്കറിയാം. എല്ലാ നക്ഷത്രങ്ങളും ഉദിച്ചസ്തമിച്ചാലും നേരം പുലരും വരെ ഇരുട്ടിൽ യാത്രികർക്ക് വഴികാട്ടിയായി ഭൂമിയുടെ വടക്ക് ഭാഗത്ത് അസ്തമിക്കാതെ നിൽക്കുന്ന ഒരു നക്ഷത്രമുണ്ട്. അതാണ് ധ്രുവനക്ഷത്രം. അതുപോലെയാണ് സത്യദൂതൻ. 1925 മുതൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന സത്യദൂതന്റെ സ്ഥൈര്യനൈരന്തര്യമാണ് മുസ്‌ലിം മലയാള പ്രസിദ്ധീകണങ്ങളുടെ താരനിരയിലെ ധ്രുവനക്ഷത്രമാക്കി സത്യദൂതനെ മാറ്റുന്നത്. 98 വർഷമായി സത്യദൂതൻ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. സഹസ്രത്തിൽ പരം ചന്ദ്രന്മാരുടെ വൃദ്ധിക്ഷയങ്ങൾക്ക് സാക്ഷിയായ സത്യദൂതന്റെ ഒളിമങ്ങാത്ത ദ്യുതിക്ക് കാരണം അത് ഒരു ദൈവനിയുക്ത വാദിയുടെ ദൗത്യ പ്രചാരണത്തിന്റെ സേവന രാശിയിയിൽ സ്ഥിതിചെയ്യുന്നു എന്നത് കൊണ്ടാണ്.

ഇസ്‌ലാമിനെ തങ്ങളുടെതായ രീതിയിൽ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും മഹാരഥന്മാരുടെയും മഹാപ്രസ്ഥാനക്കാരുടെയും പിന്തുണയോടെ നിരവധി പ്രസിദ്ധീകരണങ്ങൾ സത്യദൂതനോടൊപ്പം കഴിഞ്ഞ നൂറ്റാണ്ടിൽ മലയാളത്തിൽ ഉദയം ചെയ്തു. അവരുടെയെല്ലാം ഒരു പൊതു ലക്ഷ്യം സത്യദൂതൻ പ്രതിനിധാനം ചെയ്യുന്ന ദൈവിക പ്രസ്ഥാനത്തെ എതിർക്കുകയെന്നതും കൂടിയായിരുന്നു. അവയെല്ലാം ഇന്നെവിടെപോയി? വിസ്മൃതിയുടെ ചക്രവാളങ്ങളിലേക്ക് തിരോഭവിച്ചു. സത്യദൂതനാകട്ടെ ഒരു നൂറ്റാണ്ടിന്റെ പൂർണ്ണതയിലേക്ക് പ്രയാണം തുടരുകയാണ്.

ജീർണ്ണതയുടെ പതന ഘട്ടത്തിൽ ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കാൻ ആഗതനാകുമെന്ന് റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)യഥാകാലം വരുകയുണ്ടായി. ദൈവവും മനുഷ്യനുമായുള്ള ബന്ധം ദൃഢകരമാക്കുകയാണ് ആ മഹാഗമനത്തിന്റെ പരമലക്ഷ്യം. കേരളക്കരയിൽ ആ മഹാത്മാവിന്റെ സന്ദേശ പ്രചരണമാണ് സത്യദൂതൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. അന്യാദൃശമായ ആർജ്ജവവും ആത്മീയ ശോഭയും വിരൽ സ്പർശമായി ആ സന്ദേശങ്ങൾക്കുണ്ടായിരുന്നു. സൂര്യനുദിച്ചാൽ ചളിവെള്ളത്തിലും അതിന്റെ പ്രകാശം പ്രതിഫലിക്കുന്നത് പോലെ ഇമാം മഹ്ദിയുടെ ഉജ്ജ്വല തേജസ്സ് അഹ്മദിയ്യാ പ്രസ്ഥാനത്തെ എതിർക്കുന്ന പൊതു മുസ്‌ലിംകളുടെ ഇരുട്ടു കോട്ടകളിലും പ്രകാശം പരത്തിയിട്ടുണ്ട്. സത്യദൂതനിലൂടെ കേരളത്തിലെ മുസ്‌ലിം പൊതുമണ്ഡലത്തിലും അതിന്റെ പാർശ്വ ദീപതി പ്രസരിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം. ഖുർആൻ വചനങ്ങൾക്ക് വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും നൽകിയ വ്യാഖ്യാനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഇസ്‌ലാമിനെ സംബന്ധിച്ച് നുറ്റാണ്ടുകളായി പ്രചരിച്ചുവന്നിരുന്ന പല ദുർധാരണകളും തിരുത്തിയും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളിൽ കടന്നുകൂടിയ തെറ്റുകൾ ചൂണ്ടിക്കാട്ടിയും ഇസ്‌ലാം മത വിമർശകർക്ക് യുക്തമായ മറുപടി നൽകിയും വൈജ്ഞാനിക ലോകത്തെ ഇസ്‌ലാമിക യഥാർത്ഥ പരിപ്രേക്ഷ്യത്തിൽ പരിചയപ്പെടുത്തിയും സത്യദൂതൻ പതിറ്റാണ്ടുകളിലൂടെ മുന്നേറി. ലോക സംഭവങ്ങൾക്ക് മുമ്പിൽ പ്രതിഷ്ഠിച്ച ഇസ്‌ലാമിക ദർപ്പണങ്ങളായിരുന്നു അഹ്മദിയ്യാ ഖലീഫമാർ. ലോകത്തിന്ന് ഇസ്‌ലാമികമായ ദിശാബോധം നൽകുന്ന സുചിന്ത്യവും സാരസമ്പൂർണ്ണവുമായ അവരുടെ ചിന്തകളും വചനങ്ങളും ഇസ്‌ലാമിന്റെ നേർ വചനങ്ങളായിരുന്നു. അത് മലയാളത്തിൽ കേൾപ്പിക്കാൻ സത്യദൂതനായിട്ടുണ്ട്. ധാർമികവും അദ്ധ്യാത്മികവുമായ അവരുടെ മാർഗ്ഗ ദർശനങ്ങൾക്ക് പുറമേ കാലികസംഭവങ്ങളോടുള്ള പ്രതികരണങ്ങളും സത്യദൂതനിലൂടെ വെളിച്ചം കണ്ടു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ, ജപ്പാനിൽ വർഷിക്കപ്പെട്ട അണുബോംബ്, ഐക്യ രാഷ്ട്ര സഭയുടെ രൂപീകരണം, ഇസ്റായേൽ രൂപീകരണം, യഹൂദ ഗൂഢാലോചനകൾ, ഇന്ത്യൻ സ്വാതന്ത്ര്യ സമരം, അറബികളുടെ ദുർഘടാവസ്ഥ, ചെവി കൊടുത്തില്ലെങ്കിലും കാലാകാലങ്ങളിൽ അറബ് മുസ്ലിം ലോകത്തിന് നൽകിയ സദുപദേശങ്ങൾ, ഗൾഫ് യുദ്ധങ്ങൾ, കമ്യൂണിസത്തിന്റെ തകർച്ച, മതരാഷ്ട്ര് വാദത്തിന്റെ അപകടങ്ങൾ സാമ്രാജ്യത്വത്തിന്റെ തകർച്ച, മൂന്നാം ലോക മഹായുദ്ധത്തെ പറ്റിയുള്ള താക്കീതുകൾ, ലോകത്തിന്റെ ഭാവി അങ്ങനെ ലോക സംഭവങ്ങളോടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ഇസ്‌ലാമികമായ പ്രതികരണങ്ങളും വിലയിരുത്തലും മാർഗ്ഗനിർദ്ദേശങ്ങളും സത്യദൂതനിലൂടെ മലയാളത്തിൽ പ്രകാശിതമായിട്ടുണ്ട്.

സത്യദൂതന്റെ ജനനം ഒരു ജനുവരിയിലാണ്. ഈ 98-ാം പിറന്നാളിൽ വായനക്കാർക്ക് സത്യദൂതന്റെ ഹാർദ്ദമായ **പുതുവത്സരാശംസകൾ.**



ഹദ്റത്ത് അഹ്മദ് (അ)

# തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല

ഈ മഹാവിപ്ലവത്തെ നോക്കിക്കാണുവീൻ! ഇതു മനുഷ്യന്റെ കൈക്ക് സംഭവിക്കുന്നതാണോ എന്നാലോചിക്കുവീൻ! ലോകർ ആഗ്രഹിച്ചു, ഈ പ്രസ്ഥാനത്തിന്റെ നാമാടയാളങ്ങൾ പോലും ബാക്കിയാവാത്ത നിലയിൽ നശിപ്പിച്ചു കളയണമെന്ന്. ഇത് അവരുടെ വരുതിയിൽപ്പെട്ട കാര്യമാണെങ്കിൽ ഈ പ്രസ്ഥാനം എന്നേ നശിച്ചൊടുങ്ങുമായിരുന്നു. എന്നാൽ, ഇതു അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു. അവൻ ഉദ്ദേശിക്കുന്നതെന്തോ അതിനെ തടയാൻ ഈ ലോകത്തിന് സാധിക്കുന്നതല്ല. ലോകം ഉദ്ദേശിക്കുന്നതെന്തോ അത് ദൈവം ഇച്ഛിച്ചതല്ലെങ്കിൽ അതൊരിക്കലും സംഭവിക്കുന്നതല്ല. ചിന്തിച്ചു നോക്കുവീൻ! എന്റെ കാര്യത്തിൽ മുഴുവൻ ഉലമാക്കന്മാരും പീർപുത്രന്മാരും പുണ്യസ്ഥാനികളും എതിരാളികളായി അണിനിരന്നു. മറ്റു മതസ്ഥരെയും എന്റെ ശത്രുതയിൽ അവർ കൂട്ടുകാരാക്കിമാറ്റി. എന്നെ സംബന്ധിച്ചിടത്തോളം അവർ എല്ലാതരം ശ്രമങ്ങളിലും ഏർപ്പെട്ടു. മുസ്ലിംകളേയും എന്റെ നേരെ ദുർഭാവന പുലർത്തുന്നവരാക്കി മാറ്റാനായി കുഫ്റ ഫത്വ പുറപ്പെടുവിച്ചു. ഈ പരിപാടിയിലും വിജയം സിദ്ധിക്കാതെ വന്നപ്പോൾ കേസ്സുകളുടെ ഒരു പരമ്പര ആരംഭിച്ചു. കൊലക്കേസ്സിലും എന്നെ കുരുക്കിയിട്ടു. എന്നെ ശിക്ഷയിലകപ്പെടുത്തുന്നതിന് കഴിയുന്നത്ര എല്ലാ ശ്രമങ്ങളും നടത്തി. ഒരു പാതിരിയെ വധിക്കാൻ ശ്രമിച്ചതായി എന്റെ പേരിൽ കള്ള കുറ്റം ചുമത്തി . ഈ കേസിൽ മുഹമ്മദ് ഹുസൈൻ ഭട്ടാലവി സാക്ഷി പറയാൻ സന്നദ്ധനാവുകയും ചെയ്തു. ഞാൻ കേസിൽപെട്ടു വിഷമിക്കണമെന്നും ശിക്ഷിക്കപ്പെടണം എന്നും അദ്ദേഹം ആഗ്രഹിക്കുന്നു ണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ ഈ ശ്രമങ്ങൾ വ്യക്തമാക്കിയത് തെളിവുകളും പ്രമാണങ്ങളുമുന്നയി ക്കാൻ അദ്ദേഹം അശക്തനാണെന്നത്രേ. ശത്രു ന്യായവാദങ്ങൾ ഉന്നയിക്കാൻ പ്രാപ്തനാകാതെ വരുമ്പോഴും പ്രമാണങ്ങളിലൂടെ കുറ്റം വിധിക്കാൻ കഴിയാതെ വരുമ്പോഴും ദ്രോഹിക്കാനും കൊല്ലാനും പ്ലാനിടുകയും നാട്ടിൽ നിന്നും ആട്ടിപുറത്താക്കാൻ വട്ടം കൂട്ടുകയും ചെയ്യുന്നതാണല്ലോ സമ്പ്രദായം. അവർ പല തരത്തിലുള്ള ഗൂഢാലോചനകളും ആസുത്രണം ചെയ്യാൻ തുടങ്ങുന്നു. തിരുനബി (സ) ക്കെതിരെ മക്കയിലെ അവിശ്വാസികൾക്ക് ഒന്നും ചെയ്യാനാകാതെ വരികയും എല്ലാ വിധത്തിലും അവർ അശക്തരായി ഭവിക്കുകയും ചെയ്തപ്പോൾ അവരും ഇത്തരത്തിൽ തന്നെ തിരുമേനി(സ)യെ കൊല്ലുകയോ തടവിലിടുകയോ നാട്ടിൽ നിന്നും അടിച്ചോടിക്കുകയോ ചെയ്യാൻ ഗൂഢാലോചന നടത്തുകയോ ആണല്ലോ ഉണ്ടായത്. തിരുനബി(സ)യുടെ സഹചരർക്ക് കടുത്ത ക്ലേശങ്ങൾ ഉണ്ടാക്കിവെച്ചു. എന്നാൽ ഒടുവിൽ തങ്ങളുടെ എല്ലാ ആസൂത്രണങ്ങളിലും ഗൂഢാലോചനകളിലും അവർ പരാജിതരും നിരാശരുമായിതീർന്നു. അതേ സുന്നത്തും രീതികളും തന്നെയാണ് എന്റെ കാര്യത്തിലും പ്രാവർത്തികമാക്കപ്പെടുന്നത്. എന്നാൽ ഈ ലോകം അതിന്റെ സ്രഷ്ടാവും സർവ്വലോക രക്ഷിതാവുമായ ഒരു സത്തയുടെ പ്രഭാവത്തിന്നടിമപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് കള്ളവാദിയേയും സത്യവാദിയെയും വേർതിരിക്കുന്നത്. സത്യവാദിക്ക് പിന്തുണ നൽകുകയും സത്യവാദിയെ വിജയിപ്പിച്ചു കാണിക്കുകയും ചെയ്യുന്നതും അവൻ തന്നെ. ഇപ്പോൾ ഈ കാലഘട്ടത്തിലും ദൈവം അവന്റെ അത്ഭുത ശക്തിയുടെ ഉദാഹരണം കാണിച്ചിരിക്കയാണ്. ദൈവത്തിന്റെ പിന്തുണയുടെയും സഹായങ്ങളുടെയും സജീവമായ ഒരടയാളമാകുന്നു ഞാൻ. സമുദായം മുഴുവനും തള്ളിക്കളഞ്ഞ അതേവ്യക്തി തന്നെയാണ് ഈയുള്ളവൻ. ഞാനിന്നും സ്വീകൃതന്മാരിൽപെട്ടവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. ഇന്നേക്ക് നാൽപ്പത് കൊല്ലം മുമ്പ് ഞാനിവിടെ വന്നിരുന്നപ്പോൾ എന്നോടൊന്നിച്ച് നിൽക്കാൻ ആരാണ് ഇഷ്ടപ്പെട്ടിരുന്നത്? ഉലമാക്കളും ഫുക്കറാക്കളും എല്ലാതരത്തിൽ പെട്ട മഹാന്മാരും ഉന്നതരായ വ്യക്തികളും ഞാൻ നശിച്ചു പോകണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ഈ പ്രസ്ഥാനം നശിച്ചൊടുങ്ങിപ്പോവുമെന്നും അവർ ആശിച്ചുകൊണ്ടിരുന്നു. എനിക്ക് പുരോഗതിയുണ്ടാകുമെന്ന് അവർ ഊഹിക്കുക പോലും ചെയ്തിട്ടില്ല. എന്നാൽ തന്റെ സത്യദാസരെ എപ്പോഴും പിന്തുണച്ചുപോന്ന ആ ദൈവം, സാത്വികരേയും സദ്ധർമ്മികളേയും വിജയിപ്പിച്ചു കൊണ്ടിരുന്ന ആ സർവ്വാധിനാഥൻ എന്റെ പിന്തുണക്കെത്തി. എന്റെ എതിരാളികൾതിക്കെതിരെ അവരുടെ ഉദ്ദേശ്യങ്ങൾക്കും ആസൂത്രണങ്ങൾക്കും നേർ വിപരീതമായ നിലയിൽ, എനിക്കവൻ സ്വീകാരം തന്നനുഗ്രഹിക്കുകയും ഒരു ജനക്കൂട്ടത്തെ എനിക്കനുകൂലമായി തിരിച്ചുവിടുകയും ചെയ്തു. ആ ശത്രുതയുടെയും കഷ്ടപ്പാടുകളുടെയും തിരശ്ശീലയേയും തടസ്സങ്ങളെയും പിച്ചിചീന്തിക്കൊണ്ടാണവർ എന്റെ അടുക്കലേക്ക് ഓടിയെത്തിയതും വന്നടുത്തുകൊണ്ടിരിക്കുന്നതും. മനുഷ്യരുടെ ആലോചനകളും ആസൂത്രണങ്ങളും കൊണ്ട് ഈ വിജയഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്ന് നല്ല വണ്ണം ആലോചിച്ചു നോക്കുക!. (ലക്ചർ സിയാൽക്കോട്ട്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഡിസംബർ 22-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

വാഗ്ദത്ത മസീഹ്(അ) പറയുന്നു: നിസ്സംശയം ഹദ്റത്ത് അബൂബക്കർ സിദ്ദീഖും ഉമർ ഫാറൂഖും അല്ലാഹുവിനുവേണ്ടി ഉയർന്ന കൊടുമുടികൾ താണ്ടിയ സംഘത്തിന്റെ നേതാക്കന്മാരായിരുന്നു. അവർ പരിഷ്കൃതരേയും അപരിഷ്കൃതരേയും സത്യത്തിലേക്ക് ക്ഷണിച്ചു. ഏതുവരെയെന്നാൽ അവരുടെ ക്ഷണം വിദൂരദേശങ്ങളിലേക്കും വ്യാപിച്ചു. ഇരുവരുടെയും ഖിലാഫത്തിൽ, ഇസ്ലാമിനു സത്ഫലങ്ങൾ ലഭിക്കുകയും പല തരത്തിലുള്ള നേട്ടങ്ങളും വിജയങ്ങളുംകൊണ്ട് സുഗന്ധ പൂരിതമാക്കപ്പെടുകയും ചെയ്തു. ഹദ്റത്ത് സിദ്ദീഖ് അക്ബറിന്റെ കാലത്ത് ഇസ്ലാം പലതരം കുഴപ്പങ്ങളുടെ അഗ്നിയിൽ അകപ്പെട്ടിരുന്നു. കൊള്ളസംഘങ്ങൾ തന്റെ ജമാഅത്തിനുമേൽ ആക്രമിക്കുകയും അതിനെ കൊള്ളയടിച്ച് വിജയഭേരി മുഴക്കുവാൻ തുനിയുകയായിരുന്നു. ആ സമയത്ത് തന്നെ ഹദ്റത്ത് അബൂബക്കറിന്റെ ആത്മാർഥത കാരണം പ്രതാപവാനായ അല്ലാഹു ഇസ്ലാമിന്റെ സഹായത്തിന് എത്തുകയും തന്റെ പ്രിയപ്പെട്ട സമ്പത്തിനെ അഗാധ ഗർത്തത്തിൽ നിന്ന് പുറത്തെടുക്കുകയും ചെയ്തു. അങ്ങനെ ഇസ്ലാം മോശമായ അവസ്ഥയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് തിരിച്ചു വന്നു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ)ന്റെ സ്തുത്യർഹമായ ഗുണങ്ങൾ ഉജ്ജ്വലമായ സൂര്യനെപ്പോലെ തിളക്കമുള്ളതും അതിനെ നിഷേധിക്കുന്നവൻ കള്ളം പറയുകയും നാശത്തെയും ശൈത്താനെയും അഭിമുഖീകരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് അബൂബക്കറിന്റെ സ്ഥാനത്തിലും പദവിയിലും സംശയിക്കുന്നവർ മനഃപൂർവം തെറ്റുചെയ്തവരാണ്. അവർ ധാരാളം ഉള്ള വെള്ളത്തെ കുറിച്ചാണെന്നു മനസ്സിലാക്കി. പ്രഥമ സ്ഥാനത്തുള്ള ആദരണീയനും മാന്യനുമായ വ്യക്തിയെ നിന്ദിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കറിൽ നിന്നും എപ്പോഴും വിശ്വാസികൾക്ക് വിജയവും അഭിവൃദ്ധിയും ആണ് വെളിപ്പെട്ടത്. തന്റെ ആവശ്യങ്ങൾക്ക് മാത്രം മതിയാകുന്നത്ര ഈ ലോക

ത്തിൽ നിന്നു പങ്കുപറ്റിയിരുന്ന ഒരാൾ, പിന്നെ എങ്ങനെയാണ് അല്ലാഹു വിന്റെ റസൂൽ(സ)യുടെ കുടുംബത്തോട് അനീതി കാണിക്കുമെന്ന് കരുതാൻ സാധിക്കുക? സിദ്ദിഖ് അക്ബറിൽ അല്ലാഹു കാരുണ്യം വർഷിക്കുമാറാകട്ടെ. അവിടുന്ന് ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കുകയും കപടന്മാരെ വധിക്കുകയും ഖിയാമത്ത് വരേക്കും തന്റെ സൽകർമ്മങ്ങളുടെ അനുഗ്രഹങ്ങളെ നിലനിർത്തുകയും ചെയ്തു. വളരെ അധികം കരയുന്നതും അല്ലാഹുവിനുവേണ്ടി എല്ലാം ത്യജിക്കുന്നതും വിനീതനായി പ്രാർഥിക്കുന്നതും അല്ലാഹുവിന്റെ മുമ്പിൽ വീണുകിടക്കുന്നതും അവന്റെ പടിവാതിലിൽ താഴ്മയോടെ കുനിയുന്നതും അവന്റെ കോന്തലയെ മുറുകെ പിടിക്കുന്നതും അദ്ദേഹത്തിന്റെ പതിവായിരുന്നു. അദ്ദേഹം സുജൂദിൽ മുഴുവൻ ശക്തിയും ചെലുത്തിയിരുന്നു. ഖുർആൻ പാരായണ സമയത്ത് കരയുമായിരുന്നു. ഹദ്റത്ത് അബൂബക്കർ നിസ്സംശയം ഇസ്‌ലാമിന്റെയും പ്രവാചകന്മാരുടെയും അഭിമാനമായിരുന്നു. സൃഷ്ടികുലോത്തമനായ തിരുനബി(സ)യുടെ സ്വഭാവത്തോട് കൂടുതൽ സാമിപ്യമുള്ളതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. പ്രവാചകത്വത്തിന്റെ പരിമളങ്ങൾ സ്വീകരിക്കാൻ തയ്യാറായവരിലും, മാലിന്യങ്ങളാൽ മലീമസമായ പുതപ്പുകളെ പരിശുദ്ധമാക്കുന്നവരിലും ഒന്നാമനായിരുന്നു അദ്ദേഹം. പ്രവാചകൻമാരെ അവരുടെ സ്വഭാവസവിശേഷതകളിൽ സാമ്യപ്പെടുത്തുകയും ചെയ്തവരിൽ ഒന്നാമനായിരുന്നു അദ്ദേഹം. വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ കുറിച്ചല്ലാതെ മറ്റൊരു സ്വഹാബിയേയും പരാമർശിക്കുന്നതായി കാണപ്പെടുന്നില്ല; സംശയിക്കുന്നവർക്ക് സംശയം തോന്നുന്നതല്ലാതെ. ഊഹങ്ങൾക്ക് യാഥാർഥ്യത്തിനു മുന്നിൽ ഒരു പ്രസക്തിയുമില്ല. സത്യാന്വേഷികൾക്ക് അത് തൃപ്തി നൽകുന്നതുമല്ല. അദ്ദേഹത്തോട് ശത്രുതയുള്ള വ്യക്തിക്കും സത്യത്തിനും ഇടയിൽ തടസ്സമായി ഒരു അടഞ്ഞ വാതിലുണ്ട്. അത് സിദ്ദീഖുമാരുടെ നേതാവിലേക്കു തിരിയാതെ തുറക്കുന്നതല്ല.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ)ന്റെ ആത്മാവ് ആത്മാർഥതയും പരിശുദ്ധിയും സ്ഥൈര്യവും ഭക്തിയും നിറഞ്ഞതായിരുന്നു. ലോകം മുഴുവൻ വിശ്വാസത്യാഗം ചെയ്താലും അദ്ദേഹം അത് ഗൗനിക്കാതെ, പിന്നോട്ട് പോകാതെ, മുന്നോട്ട് പോയിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ തന്നെയാണ് പ്രവാചകന്മാർക്ക് തൊട്ടു പിന്നാലെ സിദ്ദീഖുമാരെ പരാമർശിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത്:

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ
عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ

ഈ ആയത്തിൽ സിദ്ദീഖെ അക്ബറിനേയും അദ്ദേഹത്തിന് മറ്റുള്ളവരുടെ മേലുള്ള ശ്രേഷ്ഠതയേയും സൂചിപ്പിക്കുന്നു. കാരണം നബി(സ) അദ്ദേഹത്തിന്റെ പദവിയും മഹത്വവും കാണിക്കാൻ തന്റെ സ്വഹാബത്തിൽ ആരെയും സിദ്ദീഖ് എന്ന് വിളിച്ചിരുന്നില്ല. ഈ ആയത്തിൽ സാലിക്കുമാർക്ക് ഉന്നതമായ പദവികളും അത് പ്രാപിക്കുന്നവർക്ക് ഒരു വലിയ സൂചനയുമുണ്ട്. നാം ഈ ആയത്തിൽ ചിന്തിച്ച് അതിന്റെ പാരമ്യതയിൽ എത്തിച്ചപ്പോൾ അബൂബക്കർ സിദ്ദീഖിന്റെ അനുഗ്രഹങ്ങളുടെ സമ്പൂർണതയിലേക്ക് ഏറ്റവും വലിയ സാക്ഷ്യമാണ് ഈ ആയത്ത് എന്ന് വെളിപ്പെട്ടു. ദൃഢജ്ഞാനത്തിലേക്ക് ചായുന്ന ഓരോ വ്യക്തിക്കും വെളിപ്പെടുന്ന ഗഹനമായ ഒരു രഹസ്യം ഇതിൽ അട ങ്ങിയിരിക്കുന്നു. അങ്ങനെ പ്രവാചകൻ(സ)ന്റെ അനുഗ്രഹീത അധരത്താൽ സിദ്ധീഖ് എന്ന പദവി ലഭിച്ച ആളാണ് അബൂബക്കർ(റ).

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഇബ്നു ഖുൽദൂൻ പറയുന്നു: നബി(സ)യുടെ പ്രയാസങ്ങൾ കൂടുകയും മോഹാലസ്യപ്പെടുകയും ചെയ്തിരുന്ന (അവസാന നാളുകളിൽ) നമസ്കാരത്തിനുള്ള സമയമായപ്പോൾ നബി(സ) പറഞ്ഞു: അബൂബക്കറിനോട് നമസ്കരിപ്പിക്കാൻ പറയുക. മൂന്ന് കാര്യങ്ങൾ വസ്വിയ്യത്ത് ചെയ്തശേഷം റസൂൽ(സ) പറഞ്ഞു: അബൂബക്കറിന്റെ വാതിലൊഴികെ പള്ളിയിലേക്കു തുറക്കുന്ന എല്ലാ വാതിലുകളും അടയ്ക്കുക. കാരണം നന്മയിൽ അബൂബക്കറിനേക്കാൾ ശ്രേഷ്ഠനായി സ്വഹാബികൾക്ക് ഇടയിൽ ആരെയും ഞാൻ കാണുന്നില്ല. ഇബ്നു ഖൽദൂൻ പറയുന്നു: അല്ലാഹു അദ്ദേഹത്തിന് നൽകിയ അനിതര സാധാരണമായ അനുഗ്രഹങ്ങളിൽ ഒന്ന്, അല്ലാഹുവിന്റെ റസൂൽ(സ)മുമായി അദ്ദേഹത്തിന്റെ അടുപ്പത്തിന്റെ സവിശേഷതയാണ്, റസൂൽ(സ)യെ കൊണ്ടുപോയ അതേ മരണശയ്യയിലാണ് അദ്ദേഹത്തേയും കൊണ്ടുപോയത്. അദ്ദേഹത്തിന്റെ ഖബർ നബി(സ)യുടെ ഖബർ പോലെയാക്കി. സ്വഹാബികൾ അദ്ദേഹത്തിന്റെ ഖബർ നബി(സ)യുടെ ഖബറിന് വളരെ അടുത്ത് തന്നെ വെച്ചു. അല്ലാഹുവേ! നീ എന്നെ ഒരു മുസ്‌ലിമായ അവസ്ഥയിൽ മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ എന്നതായിരുന്നു അദ്ദേഹം അവസാനമായി പറഞ്ഞ വാക്ക്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: അബൂബക്കർ ഒരു സാധാരണക്കാരനായ ദൈവഭക്തനായിരുന്നു. അദ്ദേഹം ഇരുട്ടിനുശേഷം ഇസ്‌ലാമിന്റെ മുഖത്ത് വെളിച്ചം നൽകി. ഇസ്‌ലാം ഉപേക്ഷിച്ചവനെ അദ്ദേഹം നേരിട്ടു. സത്യത്തെ നിഷേധിച്ചവരോട് അദ്ദേഹം യുദ്ധം ചെയ്തു. ഇസ്‌ലാമിന്റെ ഭവനത്തിൽ പ്രവേശിച്ചവരോട് സൗമ്യതയോടെയും അനുകമ്പയോടെയും പെരുമാറി. ഇസ്‌ലാമിന്റെ പ്രചാരണത്തിനായി അദ്ദേഹം കഷ്ടതകൾ സഹിച്ചു. എല്ലാ വെല്ലുവിളികളേയും അദ്ദേഹം നേരിട്ടു. വ്യാജപ്രവാചകത്വം അവ

കാശപ്പെട്ടവരെ എല്ലാവരെയും അദ്ദേഹം നശിപ്പിച്ചു. അല്ലാഹുവിന് വേണ്ടി എല്ലാ ബന്ധങ്ങളും വലിച്ചെറിഞ്ഞു. അദ്ദേഹത്തിന്റെ സന്തോഷമെല്ലാം തിരുനബിയെ അനുഗമിക്കുന്നതിലായിരുന്നു. സിദ്ദിഖ് അക്ബറിനെ യഥാർഥ സിദ്ദിഖ് ആണെന്ന് ഞാൻ കണ്ടെത്തിയിരിക്കുന്നു. ഗവേഷണത്തിലൂടെ എനിക്ക് വെളിപ്പെട്ടത് ആണത്. ഞാൻ അദ്ദേഹത്തെ ഇമാമുകളുടെ ഇമാമായും മതത്തിന്റെ വിളക്കായും കണ്ടെത്തിയപ്പോൾ, ഞാൻ അദ്ദേഹം സഞ്ചരിക്കുന്ന വാഹനത്തിന്റെ കടിഞ്ഞാണിൽ മുറുകെ പിടിച്ചു; അദ്ദേഹത്തിന്റെ സമാധാനത്തിൽ അഭയം തേടുകയും ചെയ്തു. സ്വാലിഹീങ്ങളെ സ്നേഹിച്ചുകൊണ്ട് തന്റെ നാഥന്റെ അനുഗ്രഹം കരസ്തമാക്കാൻ ആഗ്രഹിച്ചു. അങ്ങനെ കരുണാമയനായ ദൈവം എന്നിൽ കരുണ ചൊരിയുകയും എനിക്ക് അഭയം നൽകുകയും എന്നെ പിന്തുണക്കുകയും എനിക്ക് ശിക്ഷണം നൽകുകയും ചെയ്തു. എന്നെ ആദരണീയരിൽ ഒരാളാക്കുകയും അവന്റെ പ്രത്യേക കാരുണ്യത്താൽ എന്നെ ഈ നൂറ്റാണ്ടിലെ മുജദ്ദിദും വാഗ്ദത്ത മസീഹുമാക്കുകയും എന്നെ ഇൽഹാം ഇറങ്ങുന്ന ഒരാളാക്കുകയും ചെയ്തു. എന്നിൽ നിന്ന് ദുഃഖങ്ങൾ അകറ്റി, ലോകത്ത് മറ്റാർക്കും നൽകാത്തത് എനിക്ക് സമ്മാനിച്ചു. ഇതെല്ലാം ഈ ഉമ്മിയായ പ്രവാചകന്റെ സ്നേഹംകൊണ്ടും അദ്ദേഹത്തിന്റെ അടുപ്പമുള്ളവരുടെ സ്നേഹം കൊണ്ടും ആണ് നേടിയത്. അല്ലാഹുവേ, പ്രവാചക ശ്രേഷ്ഠനും ഖാതമുൽ അമ്പിയാഉം സകല മനുഷ്യരിൽ ഉത്തമനുമായ മുഹമ്മദ്(സ)ന് മേൽ അനുഗ്രഹവും സമാധാനവും നൽകേണമേ. അല്ലാഹുവാണേ, ഹദ്റത്ത് അബൂബക്കർ ഹറമൈനിലും തന്റെ ഖബറുകളിലും റസൂൽ(സ)യുടെ കൂടെയാകുന്നു. ഈ ഒരു ഖബർകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ഗുഹയാണ്. രണ്ടാമത്തേത് മദീനയിൽ തിരുനബി(സ)യുടെ ഖബറിടത്തോട് ചേർന്ന ഖബറാണ്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ മാതൃക എപ്പോഴും നിങ്ങൾ അവലംബിക്കുക. ഖുറൈശികളായ ശത്രുക്കൾ നാനാ ഭാഗത്തുനിന്നും ദ്രോഹിക്കുകയും തിരുനബിയെ വധിക്കാൻ പദ്ധതിയിടുകയും ചെയ്ത തിരുനബി(സ)യുടെ ആ കാലത്തിൽ ചിന്തിക്കുക. അത് വലിയ പരീക്ഷണങ്ങളുടെ കാലമായിരുന്നു. അക്കാലത്ത് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് ശരിയായ സുഹൃത്തിന്റെ ബാധ്യത നിറവേറ്റിയതിന് ഉദാഹരണം ലോകത്ത് എവിടെയും കാണാൻ സാധിക്കില്ല. ആത്മാർഥമായ വിശ്വാസം കൂടാതെ ഈ ശക്തി ഒരിക്കലും ഉണ്ടാകില്ല. ഇന്ന് ഇവിടെ ഇരിക്കുന്ന നിങ്ങൾ എല്ലാവരും നിങ്ങളുടെ തലങ്ങളിൽ ഒന്ന് ചിന്തിച്ചു നോക്കുക; ഇത്തരമൊരു പരീക്ഷണം നമുക്ക് വന്നാൽ എത്രപേർ സഹായിക്കാൻ തയ്യാറാകും? ഇത് കേൾക്കുമ്പോൾ ചിലരുടെ കൈകാലുകൾക്ക് മരവിപ്പ് തോന്നുമെന്ന് എനിക്കറിയാം. അവർക്ക് ഉടൻ തന്നെ അവരുടെ സ്വത്തുക്കളെയും ബന്ധുക്കളെയും കുറിച്ച് ചിന്ത വരും; ഇതൊക്കെ ഉപേക്ഷിക്കേണ്ടി വരുമെന്ന്. പ്രയാസങ്ങളിൽ കൂടെ നിൽക്കുക എന്നത് തികഞ്ഞ വിശ്വാസമുള്ള ആളുകളുടെ പ്രവർത്തനമാണ്. അതി നാൽ, ഒരു വ്യക്തി പ്രായോഗികമായി തന്നിൽ വിശ്വാസം വളർത്തിയില്ലെങ്കിൽ, വെറും വാക്കുകൾ കൊണ്ട് ഒന്നും നേടുകയില്ല.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: നബി(സ)ന്റെ ധാർമ്മികതയുടെ പ്രഭാവം ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)ന്റെ ധാർമ്മികതയിൽ സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ജ്ഞാനത്താൽ പ്രകാശപൂരിതമായിരുന്നു. അതിനാൽ നബിതിരുമേനിക്കു ശേഷം അദ്ദേഹം പ്രകടിപ്പിച്ച ധൈര്യത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃക കണ്ടെത്താൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ ജീവിതം ഇസ്ലാമിന്റെ ജീവിതമായിരുന്നു. ഞാൻ സത്യമായും പറയുന്നു: ഹദ്റത്ത് അബൂബക്കർ ഇസ്ലാമിന്റെ രണ്ടാമത്തെ ആദമാകുന്നു. നബി (സ)ന് ശേഷം ഹദ്റത്ത് അബൂബക്കറിന്റെ അസ്തിത്വം ഇല്ലായിരുന്നുവെങ്കിൽ ഇസ്ലാം നിലനിൽക്കില്ലായിരുന്നുവെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇസ്ലാമിനെ പുനഃസ്ഥാപിച്ചത് അബൂബക്കർ സിദ്ദിഖിന്റെ വലിയ ഔദാര്യമായിരുന്നു. എല്ലാ മനുഷ്യരെക്കാളും പ്രവാചകത്വത്തിന്റെ വിശേഷണങ്ങ(ളുടെ പ്രകടനങ്ങ)ൾക്ക് അദ്ദേഹം കൂടുതൽ അർഹനായിരുന്നു. തിരുനബി(സ)യുടെ ഖലീഫയാകാൻ അദ്ദേഹം പ്രഥമ സ്ഥാനത്തായിരുന്നു. അദ്ദേഹം അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഉള്ള സ്നേഹത്തിൽ സ്വയം ലയിക്കുകയുണ്ടായി. ഇതായിരുന്നു ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ).

ബദ്രി സ്വഹാബക്കളുടെ പരാമർശം ഇവിടെ അവസാനിക്കുകയാണ്. ഈ സ്വഹാബികളുടെ പാത പിന്തുടരാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ, അവർ സ്ഥാപിച്ച നിലവാരങ്ങൾ സ്ഥാപിക്കാൻ നമുക്ക് സാധിക്കുമാറാകട്ടെ.

alislam.org
Humanity First
humanityfirst.org

# ദൈവത്തിന്റെ സൃഷ്ടിയും അവന്റെ കല്പനയും

മനുഷ്യമനസ്സിലുണ്ടാവുന്ന ചിന്തകളും ദൈവത്തിൽ നിന്നുണ്ടാകുന്ന വെളിപാടുകളും തമ്മിലുള്ള വ്യത്യാസം വാഗ്ദത്ത മസീഹ് വിവരിക്കുന്നു.
*വിവ: ആരിഫ് മുഹമ്മദ് ശാഹിദ്*

## ഹദ്റത്ത് അഹ്മദ് (അ)

ചിന്തകളുടെയും നിരീക്ഷണങ്ങളു ടെ യും ഫലമായി മനുഷ്യ ഹൃദയങ്ങളിൽ നന്മതിന്മകളുടെ ഉപായങ്ങളും അവയെ സംബന്ധിച്ച് സൂക്ഷ്മജ്ഞാനങ്ങളും വഞ്ചനയുടെയും തട്ടിപ്പിന്റെയും വിവിധങ്ങളായ കാര്യങ്ങളുമെല്ലാം ഉദ്ഭവിക്കുന്നത് ആരിൽ നിന്നാണ്? എവിടെ നിന്നാണ്? എന്തുകൊണ്ട് മനുഷ്യൻ ഒരു കാര്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നവന് ഉദ്ദേശിച്ച കാര്യത്തിന് പരിഹാരം ലഭിക്കുന്നു? എന്നൊക്കെയുള്ള സംശയങ്ങൾ ആരെയെങ്കിലും ഗ്രസിച്ചിട്ടുണ്ടെങ്കിൽ എനിക്കവനോട് പറയുവാനുള്ളത് ആ ചിന്തകളെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടിയാണ്; അവന്റെ കല്പനയല്ല എന്നാണ്. അവന്റെ സൃഷ്ടിയും കല്പനയും തമ്മിൽ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. ദൈവം ഭൗതിക മാർഗേണ ഒരു വസ്തുവിനെ സൃഷ്ടിച്ച് ആ വസ്തുവിന്റെ ആദികാരണമായി തന്നെ ബന്ധപ്പെടുത്തുന്നു. ഇതാണ് സൃഷ്ടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഭൗതികമായ ഉപാധികളുടെ ഇടപെടലുകൾ ഒന്നുമില്ലാതെ ദൈവത്തിൽ നിന്ന് നേരിട്ട് വെളിപ്പെടുന്നതാണ് കല്പന. ആയതിനാൽ സർവ്വ ശക്തനായ ദൈവത്തിൽ നിന്നിറങ്ങുന്ന വെളിപാടുകളും കല്പനയുടെ ലോകത്ത് നിന്നാണ്; സൃഷ്ടിയുടെലോകത്തു നിന്നല്ല. മനുഷ്യൻ ചിന്തിക്കുമ്പോഴും നിരീക്ഷിക്കുമ്പോഴും അവന്റെ മനസ്സിൽ ഉരുവം കൊള്ളുന്ന ചിന്തകളെല്ലാം മാർഗോപാധികളുടെ മറയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന ദിവ്യശക്തിയുടെ സൃഷ്ടിലോകത്തു നിന്നുള്ളതാണ്.

പലവിധ കഴിവുകളോടും ശക്തികളോടും കൂടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യൻ തന്റെ ചിന്തയെ നല്ലതോ ചീത്തയോ ആയ കാര്യങ്ങൾക്കായി വിനിയോഗിക്കുമ്പോൾ അതിനനുസരിച്ച പദ്ധതികളും അവന്റെ മുന്നിൽ തെളിയുന്നു എന്ന പ്രത്യേകതയും അവനുണ്ട്. കണ്ണു തുറക്കുമ്പോൾ കാണുകയും കാതോർക്കുമ്പോൾ കേൾക്കുകയും ചെയ്യുന്നുവെന്നത് പ്രകൃതി നിയമമാണ്. ഇതേപോലെ നല്ലതോ ചീത്തയോ ആയ ഏതെങ്കിലും കാര്യത്തിൽ വിജയമാർഗത്തിനായി ചിന്തിക്കുന്ന വ്യക്തിയുടെ മുന്നിലും എന്തെങ്കിലും പദ്ധതികൾ തെളിഞ്ഞു വരുന്നു. സദ്വൃത്തൻ സന്മാർഗത്തിൽ ചിന്തിച്ച് സത്കർമ്മങ്ങൾ ചെയ്യുന്നു. കള്ളൻ കൊള്ളയടിക്കാനുള്ള മാർഗങ്ങൾ ആലോചിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു. സൂക്ഷ്മവും വഞ്ചനാത്മവുമായ പൈശാചിക കൃത്യങ്ങളെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നതു പോലെത്തന്നെ ആ കഴിവുകളെ അവൻ സന്മാർഗത്തിൽ വിനിയോഗിക്കുകയാണെങ്കിൽ സത്കർമ്മങ്ങളെക്കുറിച്ച് ഒന്നാംതരം ചിന്തകളും അവന് കൈവരും. അവന്റെ ചീത്ത ചിന്തകളെ സംബന്ധിച്ച്, അത്രെ തന്നെ ഗഹനവും സ്വാധീന ശക്തിയുള്ളതായാലും ശരി, അവ ദൈവിക വചനങ്ങളല്ലെന്ന് പറയപ്പെടാവുന്നതു പോലെ നല്ലതാണെന്ന് അവൻ വിചാരിക്കുന്ന അവന്റെ ചിന്തകളും ദൈവിക വചനങ്ങളല്ല. ചുരുക്കത്തിൽ, സദ്ജനങ്ങൾക്കുണ്ടാകുന്ന നല്ല ചിന്തകളും നിരീക്ഷണത്തിന്റെയും ഗാഢ ചിന്തയുടെയും ഫലമായി കള്ളന്മാർക്കും കൊള്ളക്കാർക്കും കൊലപാതകികൾക്കും വ്യഭിചാരികൾക്കും വഞ്ചകന്മാർക്കുമുണ്ടാകുന്ന ചീത്ത ചിന്തകളുമെല്ലാം പ്രകൃതിഗുണങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. ദൈവം എല്ലാ കാരണങ്ങളുടെയും ആദികാരണമായതുകൊണ്ടാണ് അവയെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടി എന്നറിയപ്പെടുന്നത് (ഖൽഖുല്ലാഹ്); അല്ലാഹുവിന്റെ കല്പന എന്നല്ല. ചില സസ്യങ്ങൾക്ക് വയറ് ശുദ്ധീകരിക്കാനും അതിനെ ഉറപ്പിക്കാനും മറ്റും

പ്രകൃതിപരമായി കഴിവുള്ളതു പോലെ മനുഷ്യന്റെ പ്രകൃതപരമായ ഗുണങ്ങളാണവ. യുക്തിജ്ഞനായ ദൈവം മറ്റു വസ്തുക്കൾക്ക് വിവിധങ്ങളായ ഗുണങ്ങൾ നല്കിയതുപോലെ, മനുഷ്യന്റെ ചിന്താശക്തിക്കും അവനുദ്ദേശിക്കുന്ന നന്മതിന്മകൾ രൂപപ്പെടുത്താൻ സഹായിക്കാനുള്ള കഴിവും നല്കിയിരിക്കുന്നു. ആരെയെങ്കിലും നിന്ദിച്ചുകൊണ്ട് കവിത രചിക്കുന്ന ഒരു കവിയുടെ മനസ്സ് ആ വഴിക്ക് പോകുന്നു. അദ്ദേഹത്തിന് അത്തരമൊരു ആക്ഷേപഹാസ്യം രചിക്കാനും സാധിക്കുന്നു. എന്നാൽ അതേ വ്യക്തിയെ സ്തുതിച്ചുകൊണ്ട് കവിത രചിക്കുന്ന മറ്റൊരു കവിയുടെ മനസ്സിലേക്ക് വരുന്നത് സ്തുതി വചനങ്ങളാവും. ആയതിനാൽ നല്ലതും ചീത്തയുമായ ഇത്തരം ചിന്തകൾ ദൈവേച്ഛയുടെ ദർപ്പണമായിരിക്കാവതല്ല. അവയെ ദൈവവചനമെന്നും പറയാവതല്ല. പരിശുദ്ധ ദൈവവചനം പൂർണ്ണമായും മനുഷ്യ കഴിവുകൾക്കതീതവും ശ്രേഷ്ഠതയും ശകതി മഹാത്മ്യവും വിശുദ്ധിയും കൊണ്ട് നിറഞ്ഞു നില്ക്കുന്നതുമാണ്. അതു വെളിപ്പെടുന്നതിനുള്ള ഒന്നാമത്തെ നിബന്ധന മനുഷ്യ കഴിവുകൾ പൂർണ്ണമായും നിഷ്ക്രിയവും പ്രവർത്തനരഹിതവുമായി തീരുക എന്നതാണ്. ചിന്തയോ നിരീക്ഷണമോ ഒന്നുമില്ലാതെ മനുഷ്യൻ മയ്യിത്തിനെപ്പോലെ ആയിത്തീരുകയും എല്ലാ മാധ്യമങ്ങളും വിച്ഛേദിക്കപ്പെടുകയും വേണം. അപ്പോൾ സാക്ഷാൽ ദൈവം തന്റെ സ്വന്തം ഇച്ഛയാൽ ഒരുവന്റെ ഹൃദയത്തിൽ തന്റെ വചനങ്ങളിറക്കുന്നു. ആയതിനാൽ സൂര്യപ്രകാശം ആകാശത്തു നിന്ന് വരുന്നതു പോലെ, അത് കണ്ണിന്റെ ഉള്ളിൽ തന്നെ ഉണ്ടാകുന്നതല്ലല്ലോ, വെളിപാടിന്റെ പ്രകാശവും ദൈവത്തിൽ നിന്ന് പ്രത്യേകമായി അവന്റെ ഇച്ഛയോടെ വരുന്നതാണ്. ഒരു വ്യക്തിയുടെ അന്തരാളത്തിൽ നിന്ന് പൊന്തിവരുന്നതല്ല. ദൈവം യഥാർഥത്തിൽ ഉള്ളതിനാലും അവൻ കാണുകയും കേൾക്കുകയും അറിയുകയുകയും സംസാരിക്കുകയും ചെയ്യുന്നതിനാലും അവന്റെ വചനങ്ങളും അനാദ്യനും അനന്തനുമായ ആ ദൈവത്തിൽ നിന്നു തന്നെയാണ് അവതരിക്കേണ്ടത്. മനുഷ്യന്റെ മനോവ്യാപാരങ്ങൾ ദൈവവചനങ്ങളായിരിക്കാവതല്ല. നമ്മുടെ മനസ്സിൽ നിന്നും പൊന്തി വരുന്ന നല്ലതോ ചീത്തേയോ ആയ ചിന്തകൾ നമ്മുടെ പ്രകൃതത്തിനനുസരിച്ച് നമ്മുടെ ഉള്ളിൽ തന്നെ കുടികൊള്ളുന്നതാണ്. എന്നാൽ ദൈവത്തിന്റെ നിസ്സീമമായ ജ്ഞാനവും അനന്തമായ തത്ത്വജ്ഞാനങ്ങളും നമ്മുടെ ഹൃദയങ്ങളിൽ പൂർണ്ണമായും ഉൾകൊള്ളാൻ സാധ്യമല്ല. ദൈവത്തിന്റെ പക്കലുള്ളത്ര അറിവിന്റെയും വിവേകജ്ഞാനത്തിന്റെയും രഹസ്യജ്ഞാനത്തിന്റെയും ഖജനാവുകൾ മനുഷ്യഹൃദയങ്ങളിലും കുടികൊള്ളുന്നുവെന്നും അവയിൽ നിന്നു സാവേശം അലകളുതിർക്കുന്നുവെന്നും വിചാരിക്കുന്നതിനെക്കാൾ ദൈവ നിഷേധം മറ്റെന്തുണ്ട്? മറ്റു വാക്കുകളിൽ പറഞ്ഞാൽ നാം തന്നെയാണ് ദൈവം, നാമെല്ലാതെ സ്വയംഭൂവും ദൈവമെന്ന് പറയത്തക്കവിധം ഗുണങ്ങളോടു കൂടിയതുമായ മറ്റൊരു സത്തയില്ലെന്ന് പറയുന്നതു പോലെയാണ്. ദൈവം യഥാർഥത്തിൽ ഉണ്ടെങ്കിൽ, അവന്റെ ജ്ഞാനം അതിരില്ലാത്തതും നമ്മുടെ ഹൃദയങ്ങൾക്ക് അവയെ തിട്ടപ്പെടുത്താനാവാത്തതുമാണെങ്കിൽ അവന്റെ അതിരറ്റ ആജ്ഞാനങ്ങളത്രയും നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നുവെന്നും ദൈവിക യുക്തിജ്ഞാനത്തിന്റെ ഖജനാവുകളെ നമ്മുടെ മനസ്സിന് ഉൾക്കൊള്ളാനാവുമെന്നും പറയുന്നത് എത്രമാത്രം അസംബന്ധമാണ്. അപ്പോൾ മനുഷ്യ ഹൃദയങ്ങളിൽ കൊള്ളുന്നത്ര പരിമിതമാണ് ദൈവിക ജ്ഞാനം എന്നു വന്നു. ചിന്തിച്ചു നോക്കൂ! ഇത് ദിവ്യത്വത്തിന്റെ വാദമല്ലാതെ മറ്റെന്താണ്? മനുഷ്യ ഹൃദയത്തിന് ദൈവത്തിന്റെ എല്ലാ മഹദ് ഗുണങ്ങളെയും ഗ്രഹിക്കാൻ സാധ്യമാണോ? ഒരു പരമാണുവിന് സൂര്യനായിത്തീരുക അനുവദനീയമാണോ? ഒരിക്കലും ഒരിക്കലും അല്ല!

ദൈവികത്വത്തിന്റെ സവിശേഷ ഗുണങ്ങളായ അദൃശ്യ ജ്ഞാനം, സൂക്ഷ്മ ജ്ഞാനത്തിന്റെ ഗ്രാഹ്യത, മറ്റു പ്രകൃതി പ്രതിഭാസങ്ങൾ എന്നിവ മനുഷ്യനാൽ വെളിപ്പെടുത്താനാവുന്നതല്ല. ദൈവിക വചനം എന്നത് അവന്റെ മഹത്വവും ശക്തിപ്രഭാവവും അനുഗ്രഹവും തത്ത്വജ്ഞാനവും അതുല്യതയും ഉൾക്കൊള്ളുന്നതാണ്. ഈ സവിശേഷതകളെല്ലാം തന്നെ വിശുദ്ധ ഖുർആനിലുള്ളതാണ്. അതിനുള്ള തെളിവ് അതിന്റേതായ സന്ദർഭത്തിൽ വിവരിച്ചുകൊള്ളാം. ആയതിനാൽ, ബ്രഹ്മ സമാജക്കാർ അദൃശ്യ കാര്യങ്ങളും മറ്റു ശകതിപ്രഭാവങ്ങളുമുൾക്കൊള്ളുന്ന വെളിപാടുകളുടെ അസ്തിത്വത്തെ നിഷേധിക്കുന്നതിൽ ശാഠ്യം പിടിക്കുകയാണെങ്കിൽ അവർ വിശുദ്ധ ഖുർആൻ പൂർണ്ണ ശ്രദ്ധയോടെ വായിക്കേണ്ടതാണ്; മനുഷ്യ ശക്തിക്കതീതമായിക്കൊണ്ട് അദൃശ്യ ജ്ഞാനത്തിന്റെയും അത്ഭുത പ്രതിഭാസങ്ങളുടെയും നദികൾ ഒഴുക്കുന്ന വചനങ്ങളാണവയെന്ന് അവർക്ക് ബോധ്യമാകുന്നതിനു വേണ്ടി. ഉൾക്കാഴ്ച്ചയുടെ അഭാവം കാരണം വിശുദ്ധ ഖുർആന്റെ സവിശേഷതകൾ അവർക്ക് സ്വയം കണ്ടെത്താനായില്ലെങ്കിൽ നമ്മുടെ ഈ ഗ്രന്ഥത്തെ അവർ കണ്ണു തുറന്ന് വായിക്കട്ടെ; വിശുദ്ധ ഖുർആനിൽ നിറഞ്ഞിരിക്കുന്ന അദൃശ്യകാര്യങ്ങളുടെയും രഹസ്യ ജ്ഞാനങ്ങളുടെയും ചില സാമ്പിൾ അവർ കണ്ടെത്തുന്നതിന് വേണ്ടി.

ദൈവത്തിൽ നിന്ന് പ്രത്യേകം അവതരിക്കുന്നതും അദൃശ്യകാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ദൈവിക വെളിപാടിന്റെ അസ്തിത്വത്തിന് തെളിവായി മറ്റൊരു മാർഗം കൂടി തുറന്നു കിടപ്പുണ്ട്. അല്ലാഹു

ശേഷം പേജ് 18 ൽ

# ഉടമ്പടികൾ, സന്ധികൾ, കരാറുകൾ

മതപരിഗണനകൾക്കതീതമായി കരാറുകളും സന്ധികളും ഉടമ്പടികളും പാലിക്കാൻ മുസ്‌ലികൾ ബാദ്ധ്യസ്ഥരാണ്. അത് മതേതരമായ ഒരു സാർവ്വത്രിക മൂല്യമായാണ് ഇസ്‌ലാം കാണുന്നത്. കരാർ പാലനം സംബന്ധിച്ച് അത്യുന്നതമായ ധാർമികാദ്ധ്യാപനങ്ങളാണ് ഇസ്‌ലാം നൽകുന്നത്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'കേവല നീതി കാരുണ്യം ബന്ധുത്വം: മൂന്ന് സക്രിയ തത്ത്വങ്ങൾ' എന്ന പുസ്തകത്തിൽ നിന്നുള്ള ലേഖനം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത എന്തെന്നാൽ അലംഘനീയമാണെന്ന് പറയപ്പെട്ട എല്ലാ ഉടമ്പടികളും, അത് ഏത് മതക്കാരും വംശക്കാരും തമ്മിലുള്ളതാകട്ടെ അവയെല്ലാം മനുഷ്യന്ന് പൊതുവായുള്ളതാണ്. ഈ അദ്ധ്യാപനം സർവ്വകാലത്തേക്കും സർവ്വ മനുഷ്യർക്കും ബാധകമായിട്ടുള്ള അദ്ധ്യാപനങ്ങളാണ്. താഴെക്കാണുന്ന വചനം മുസ്‌ലിംകളുടെ കരാറുകളെ കുറിച്ചാണ് പറയുന്നത്. ആ കരാറുകൾ ബിംബാരാധകരോട് ആയാൽ പോലും ഒരേ തരത്തിൽ പാവനമാണ്.

**ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും എന്നിട്ട് അതിൽ നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ കരാറിന്റെ കാലപരിധിവരെ നിങ്ങൾ തികച്ചു പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു. (സൂറ:തൗബ 9:4)**

ഇത് കേവല നീതിയുടെ അനുപമ സൗന്ദര്യമുള്ള ഉദാഹരണമാണ്. അല്ലാഹു ഇവിടെ നൽകുന്ന താക്കീത് എന്തെന്നാൽ, നാം അല്ലാഹുവിനോടും അവന്റെ പ്രവാചകന്മാരോടും ചെയ്ത ഉടമ്പടി മാത്രം പാലിച്ചാൽ പോര, ബിംബാരാധകരോട് ചെയ്ത ഉടമ്പടി പോലും പാലിക്കാൻ നാം ബാദ്ധ്യസ്ഥരാണ എന്നാണ്. മാത്രമല്ല ഉടമ്പടി ചെയ്ത മറുകക്ഷി ബലവാനോ ദുർബലനോ ആവട്ടെ അല്ലെങ്കിൽ സാത്വികനോ പാപിയോ ആയിക്കൊള്ളട്ടെ അടിസ്ഥാന തത്വം എന്തെന്നാൽ നിങ്ങൾ നിങ്ങളുടെ കരാർ പാലിക്കാൻ ഏത് നിലക്കും ബാദ്ധ്യസ്ഥരാണ് എന്നതാണ്. ഏതൊരാളോടും ചെയ്ത കരാർ പോലെ തന്നെ സുപ്രധാനമാണ് ബിംബാരാധകരോട് ചെയ്ത കരാറും. എത്രത്തോളമെന്നാൽ അവർ കരാർ ലംഘിക്കാൻ ഉദ്ദേശിക്കുന്നുവെന്ന തരത്തിലുള്ള അടയാളങ്ങൾ നിങ്ങൾക്ക് പ്രകടമായെങ്കിലും അവർ നിങ്ങൾക്കെതിരെ പെട്ടെന്ന് ആക്രമണം നടത്താൻ രഹസ്യമായി തയ്യാറെടുക്കുന്നുവെന്ന് വന്നാൽ പോലും നിങ്ങൾക്ക് അവരെ ആക്രമിക്കാൻ അപ്പോഴും അനുവാദമില്ല. അവർ അക്രമിക്കുമ്പോൾ നിങ്ങൾക്ക് സ്വയം പ്രതിരോധിക്കാൻ വേണ്ടി എല്ലാ പ്രതിരോധ സന്നാഹങ്ങളുമൊരുക്കാം. താഴെ കാണുന്ന വചനം അത്തരം സഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നു.

**ഏതെങ്കിലും ഒരു ജനതയിൽ നിന്ന് നീ വഞ്ചന ഭയപ്പെടുന്നുവെങ്കിൽ സമനിലയിൽ ആയിത്തീരുമാറ് അവരുടെ കരാർ നീ അവരിലേക്ക് തിരിച്ചെറിയുക. തീർച്ചയായും വഞ്ചകരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (സൂറ: അൻഫാൽ 8:59)**

പരിശുദ്ധ പ്രവാചകൻ (സ) കാണിച്ച മാതൃക ഇതിനെ ശക്തിപ്പെടുത്തുന്നു. ശത്രുക്കൾ കരാർ ലംഘിക്കുമെന്ന ഭീതിമൂലം അവിടുത്തെ ഭാഗത്ത് നിന്ന് ഒരിക്കൽ പോലും കരാർ ലംഘനമുണ്ടായിട്ടില്ല. ശത്രു എത്രത്തോളം പ്രായോഗിക തലത്തിൽ കരാർ ലംഘിച്ചിട്ടില്ലയോ അതിനുള്ള പ്രതികരണമായി പരിശുദ്ധ പ്രവാചക(സ)നും ഒരിക്കലും കരാർ ലംഘിച്ചിട്ടില്ല. എന്തായിരുന്നാലും ആത്യന്തികമായി അത്തരം സന്ദർഭത്തെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പുകൾ

അവിടുന്ന് നടത്തിയിരുന്നു. അതുകൊണ്ട് ശത്രുവിന് ഒരിക്കലും പെട്ടെന്ന് ഒരാക്രമണം നടത്താൻ കഴിഞ്ഞില്ല.

## അമുസ്‌ലികളുമായി രണ്ടു തരത്തിലുള്ള ഉടമ്പടി

ഞാൻ ഇപ്പോൾ അമുസ്‌ലിം കളുമായി രണ്ട് തരത്തിലുള്ള ഉടമ്പടികളെ കുറിച്ച് വിവരിക്കാം. ഒന്ന് നിർബന്ധിത സാഹചര്യത്തി ലുള്ളത്. രണ്ടാമത്തേത് മുസ് ലിംകൾക്ക് പ്രാബല്യമുള്ളപ്പോൾ ഏർപ്പെടുന്ന കരാറുകൾ. ഒന്നാമ ത്തേ തരത്തിലുള്ള കരാറിന്ന് ഹുദൈബിയായിൽ വെച്ചുണ്ടാക്കിയ സമാധാന കരാറാണ് ഉദാഹരണം.

ഈ കരാർ നിലവിലുള്ള കാലത്ത്, മുസ്‌ലിംകൾക്ക് ഹജ്ജ് തീർഥാടനം നിർവ്വഹിക്കാനുണ്ടായി രുന്ന അവകാശം ശത്രുക്കൾ നിഷേ ധിക്കുകയുണ്ടായി. ഈ കരാർ ലംഘനം പരിശുദ്ധ പ്രവാചക(സ) ന്റെ ഭാഗത്ത് നിന്നുള്ള ബലഹീനത കൊണ്ടും ശത്രു ബലവാനായിരുന്ന തുകൊണ്ടും അത്പോലെ അവിടു ത്തെ അനുചരന്മാർക്ക് സുരക്ഷാ ഭീഷണിയുള്ളതുകൊണ്ടുമാണെന്നും പ്രത്യക്ഷ്യത്തിൽ തോന്നിയേക്കാം. എന്തായിരുന്നാലും റസൂൽ തിരുമേ നി (സ) ഹജ്ജ് തീർത്ഥാടനത്തിൽ നിന്നും സ്വയം വിട്ടുനിന്നത് ഇതൊന്നുകൊണ്ടുമായിരുന്നില്ല. വിശുദ്ധ ഖുർആനിലെ വ്യക്തമായ ഒരു വചനമാണ് ഹജ്ജ് നിർവ്വഹി ക്കുന്നതിൽ നിന്നും അവിടുത്തെ തടഞ്ഞത്. മക്കയിലേക്കുള്ള പാത ക്ക് തടസ്സമുണ്ടായിരുന്നെങ്കിൽ അതി ലേക്ക് പ്രവേശിക്കാൻ അവിടുന്ന് യുദ്ധം ചെയ്യുമായിരുന്നു. എന്ത് വിലകൊടുത്തും മക്കയിലേക്കുള്ള തീർത്ഥാടനം നടത്താൻ തന്റെ അനുചരന്മാർ തയ്യാറായിരുന്നിട്ടും ഖുർആനിലുള്ള ഒരു വചനമായിരു ന്നു പരിശുദ്ധ പ്രവാചകൻ തന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കാനു ണ്ടായ ഒരേയൊരു കാരണം.

അവസാനമായി ഹുദൈബിയാ യിലെ കരാർ എഴുതപ്പെടുകയും ഇരു കക്ഷികളും അതിൽ ഒപ്പുവെ ക്കുകയും ചെയ്തു. കരാറിന്റെ നിബന്ധനകൾ ചിട്ടപ്പെടുത്തുന്നതി നിടയിൽ നടന്ന ശ്രദ്ധേയമായ ഒരു സംഭവം പരിശുദ്ധ പ്രവാചക(സ) ന്റെ നീതിയുടെ പക്ഷം ചേർന്ന് നിൽക്കുന്നതിനെ വെളിവാക്കുന്നു.

ഉടമ്പടിയുടെ വ്യവസ്ഥകൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച്, അതിലെ ഏതെങ്കിലും ഒരു വ്യവ സ്ഥ ലംഘിക്കുന്നതിൽ പരിശുദ്ധ പ്രവാചകൻ അത്യധികം ഉത്ക ണ്ഠാകുലനായിരുന്നു. ഹുദൈബി യായിൽ ഇരുകക്ഷികൾ തമ്മിൽ സന്ധി സംഭാഷണങ്ങൾ പുരോഗ മിച്ചു കൊണ്ടിരിക്കുകയായിരുന്നു. മക്കക്കാരുടെ ഭാഗത്ത് നിന്ന് സുഹൈൽ ഇബ്നു അമറും മുസ്‌ലിം പക്ഷത്ത് നിന്ന് റസൂൽ തിരുമേനി(സ)യുമായിരുന്നു പ്രതി നിധികൾ. വാക്കാലുള്ള നിബന്ധന കൾ പറഞ്ഞുറച്ചു. കരാർ മിക്കവാ റും ഒപ്പിടാൻ തയ്യാറായിരുന്നു. പെട്ടെന്ന് സുഹൈലിന്റെ പുത്രൻ അബൂ ജൻദൽ എങ്ങനെയോ ഹുദൈബിയാ മൈതാനത്ത് എത്തി. ചങ്ങലകളിൽ ബന്ധിതനായിരുന്ന അബൂ ജൻദൽ കാലിടറി ഇടക്കിടെ നിലത്ത് വീഴുന്നുണ്ടായിരുന്നു. അദ്ദേഹം ഇസ്‌ലാം മതം വിശ്വസി ച്ചുവെന്ന് വ്യക്തമാണ്. അക്കാരണ ത്താൽ അദ്ദേഹം സ്വന്തം പിതാവി നാൽ പീഡിപ്പിക്കപ്പെടുകയും ജയി ലിൽ അടക്കപ്പെടുകയുമുണ്ടായി. ജിൻദലിന്റെ പിതാവായ അതേ സുഹൈൽ തന്നെയാണ് ബിംബാ രാധകരെ പ്രതിനിധീകരിച്ചത്. തന്റെ പിതാവിന്റെ കരാളഹസ്തങ്ങളിൽ നിന്നും തന്നെ രക്ഷിക്കാൻ ഇസ്‌ലാം മതം ആശ്ലേഷിച്ച ജിൻദൽ മുസ്‌ലിം കളോട് ദയനീയമായി അഭ്യർത്ഥിച്ചു. ഇതിനോട് അയാളുടെ പിതാവ് രൂക്ഷമായാണ് പ്രതികരിച്ചത്. 'നിങ്ങൾ അവന്ന് അഭയം നൽകുക യാണെങ്കിൽ സമാധാന കരാറിൽ ഒപ്പുവെക്കില്ല.' പരിശുദ്ധ പ്രവാചക ൻ (സ) സുഹൈലിനോട് അദ്ദേഹ ത്തിന്ന് അഭയം അനുവദിക്കണ മെന്ന് ആവർത്തിച്ചു അഭ്യർത്ഥിച്ചു. പക്ഷേ അയാൾ നിർദ്ദാക്ഷിണ്യം അത് നിരസിച്ചു. ആ സന്ദർഭത്തിൽ അബൂ ജൻദലിനോട് മക്കത്തേക്ക് മടങ്ങുവാൻ അവിടുന്ന് കൽപ്പിച്ചു. കാരണം മക്കത്ത് നിന്ന് രക്ഷപ്പെട്ട് വരുന്ന അഭയാർത്ഥികൾക്ക് അഭയം നൽകരുത് എന്ന കരാർ, വാക്കാൽ പറഞ്ഞുവെച്ചു കഴിഞ്ഞിരുന്നു.

പ്രത്യക്ഷത്തിൽ ഈ കരാർ മുസ്‌ലിംകൾക്ക് എതിരായിരുന്നു. എന്നാൽ പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞ വഴിയനുസരിച്ച് മുസ്‌ലിംകൾക്ക് അത് ഗുണകരമാ യി കലാശിച്ചു. മക്കത്ത് നിന്ന് രക്ഷപ്പെട്ടു വരുന്ന എല്ലാ മുസ്‌ലിം കളേയും മക്കത്തേക്ക് തിരിച്ചയ ക്കാൻ റസൂൽ തിരുമേനി(സ) ക്ക് ബാദ്ധ്യതയില്ലായിരുന്നു. മദീനക്ക് പുറത്ത് എവിടെയെങ്കിലും ഇഷ്ട പ്പെടുന്ന സ്ഥലത്ത് അവർക്ക് താമസിക്കാമായിരുന്നു. ഉടമ്പടിയി ലെ ഈ ഭാഗം മക്കക്കാരുടെ കച്ചവടസംഘങ്ങൾക്ക് ഗുരുതര മായ വലിയ ഭീഷണിയായി തീർന്നു. മക്കത്ത് നിന്നും ഇസ്‌ലാം മതം സ്വീകരിച്ചിരുന്നവരും മക്കക്കാരുടെ തടവിൽ നിന്നും രക്ഷപ്പെട്ടവരും ക്രമേണ വളർന്ന് ശക്തരായ ഒരു സംഘമായി തീർന്നു. അവരെല്ലാം മക്കക്കാരുടെ കച്ചവട വീഥിയിൽ എവിടെയെങ്കിലും തങ്ങി താമസം തുടങ്ങി. അവർ മക്കത്തെ കച്ചവട സംഘങ്ങളെ പെട്ടെന്ന് ആക്രമിക്കാ നാരംഭിച്ചു. പിടിച്ചെടുത്ത മുതലു കളുമായി അവർ കടന്നു കളയുക യും ചെയ്തു. അവർക്ക് ജീവിക്കാ ൻ അതായിരുന്നു മാർഗ്ഗം.

ഒരു നിരീക്ഷകന്റെ ബാഹ്യ മാത്രമായ നോട്ടത്തിൽ പരിശുദ്ധ പ്രവാചകന്റെ വാക്കുകളിൽ ഉള്ളട ങ്ങിയ വിവേക ജ്ഞാനത്തിന്റെ ആഴം അളക്കാൻ സാദ്ധ്യമല്ല. കുറച്ച് കാലം കഴിഞ്ഞപ്പോഴാണ് അവരെ യെല്ലാം അതിശയിപ്പിക്കുന്ന പരിശു ദ്ധ പ്രവാചക(സ)ന്റെ അതീവ ശ്രദ്ധ യാർന്ന ഉടമ്പടി വ്യവസ്ഥയിലെ വാക്കുകളുടെ യാഥാർത്ഥ്യം ബോദ്ധ്യമായത്. മക്കത്തെ ബിംബാ രാധകന്മാർ തങ്ങളിൽ നിന്നും

രക്ഷപ്പെട്ടു വരുന്നവർക്ക് മദീനയിൽ അഭയം നൽകണമെന്ന് അംഗീകരിച്ചിരുന്നുവെങ്കിൽ അവർ പരിശുദ്ധ പ്രവാചക(സ)ന്റെ കർശനമായ നിയന്ത്രണത്തിലാകുമായിരുന്നു. അവർ ഒരിക്കലും തന്നെ മക്കക്കാരെ ആക്രമിക്കില്ലായിരുന്നു. കാരണം അത് ഉടമ്പടിയുടെ ലംഘനമാകും. എന്നാൽ മദീനക്ക് പുറത്ത് അവർ താമസിക്കുകയാണെങ്കിൽ അവരുടെ സ്വന്തം ഇഷ്ടമനുസരിച്ച് അവർക്ക് ഇഛാനുസരണം പ്രവർത്തിക്കാൻ കഴിയുമായിരുന്നു.

## മദീനാ ഉടമ്പടി

ഉടമ്പടിയിൽ പങ്കെടുക്കുന്ന കക്ഷികൾ അവർ ഏത് മതക്കാരാകട്ടെ മറ്റു പങ്കാളികളെ പോലെ സമാവകാശമുള്ളവരായിരിക്കാം എന്നാണ് ഒരു തരത്തിലുള്ള ഉടമ്പടി. മദീനാ ഉടമ്പടി ഈ തരത്തിലുള്ള ഒന്നായിരുന്നു.

ഈ ചർച്ചയിൽ പ്രസക്തമാവുന്ന ഏറ്റവും പ്രധാനപ്പെട്ട മദീനാ കരാറിലെ നിബന്ധനകൾ തുടർന്ന് വരുന്നതാണ്.

1. മക്കത്ത് നിന്നും കുടിയേറ്റക്കാരായി വരുന്ന ഖുറൈശികളും അവർക്ക് മദീനയിൽ അഭയം നൽകിയ അൻസാറുകളും അവർ മുസ്‌ലിംകൾ അല്ലെങ്കിലും കരാറിൽ അവരോടൊപ്പം ഒപ്പുവെച്ചവരാണെങ്കിൽ അവരെയെല്ലാം ഒരു ഉമ്മത്ത് ആയിട്ടായിരിക്കും പരിഗണിക്കുക. ഉടമ്പടി പ്രകാരം മദീനയെ പുറമെ നിന്ന് ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ മദീനയിൽ താമസിക്കുന്നവർ എല്ലാവരും ചേർന്ന് മദീനയെ പ്രതിരോധിക്കണം. ഉടമ്പടിയിലെ ഒന്നാമത്തെ ഭാഗത്തെ അവശേഷിക്കുന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുകയാണ്. കാരണം അത് ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന വിഷയവുമായി നേരിട്ട് ബന്ധമില്ലാത്തതാണ്.

2. മോചിപ്പിക്കപ്പെട്ട അടിമയുടെ മുസ്‌ലിമായ പൂർവ്വ യജമാനന്റെ സമ്മതമില്ലാതെ ഒരു മുസ്‌ലിമിന് ആ അടിമയെ പിന്തുണക്കാനോ സുഹൃത്താവാനോ പാടില്ല.

3. ഒരു അക്രമിയായ വിശ്വാസി മറ്റൊരു വിശ്വാസിക്ക് നേരെ ക്രൂരത കാട്ടുകയോ അപമര്യാദയായി സംസാരിക്കുകയോ മറ്റൊരാളെ ആക്രമിക്കുകയോ വിശ്വാസികൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ ശ്രമിക്കുകയോ ചെയ്താൽ എല്ലാ വിശ്വാസികളും ഒന്നിച്ച് ആ വിശ്വാസിക്കെതിരെ കൈകോർക്കണം. ഇതിനോട് എല്ലാ വിശ്വാസികളും യോജിക്കണം. അക്രമി ഒരാളുടെ പിതാവാണെങ്കിൽ പോലും അയാൾക്കെതിരെ വിശ്വാസി നിലകൊള്ളണം.

4. ഒരു അവിശ്വാസിക്ക് വേണ്ടി വിശ്വാസി മറ്റൊരു വിശ്വാസിയെ വധിക്കാൻ പാടില്ല. അത് പോലെ ഒരു വിശ്വാസി സഹവിശ്വാസിയായ ഒരാൾക്കെതിരെ ഒരു അവിശ്വാസിയെ സഹായിക്കാനും പാടില്ല.

5. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ പാവനത ബാധകമായിരിക്കും. ഏറ്റവും താഴ്ന്ന നിലയിലുള്ളവർക്ക് വരെ ദൈവത്തിന്റെ പാവനതയുടെ പങ്ക് ലഭിക്കും.

6. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്നവർ അവർ യഹൂദികളായാലും ശരി അവർക്ക് മുസ്‌ലിംകൾക്ക് ഉള്ളത് പോലെയുള്ള തുല്യ അവകാശങ്ങളായിരിക്കും ഉണ്ടാവുക. അവരൊരിക്കലും അക്രമിക്കപ്പെട്ടുകൂടാ. അവർക്കെതിരെ അവരുടെ ശത്രുക്കളെ സഹായിക്കുകയും അരുത്.

7. എല്ലാ ഓരോ വിശ്വാസിയുടെയും സുരക്ഷ എല്ലാവരുടെയും സുരക്ഷ പോലെ പ്രധാനപ്പെട്ടതാണ്.

8. അബദ്ധവശാൽ ഒരു അവിശ്വാസി ഒരു വിശ്വാസിയെ വധിച്ചുവെങ്കിൽ വധിക്കപ്പെട്ടയാളുടെ ബന്ധുക്കൾ മാപ്പുകൊടുക്കുന്നില്ലെങ്കിൽ അയാൾക്ക് ബ്ലഡ് മണി (നഷ്ടപരിഹാരത്തുക) നൽകേണ്ടതാണ്. അയാൾ ബ്ലഡ് മണി കൊടുക്കുകയോ കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ മാപ്പാക്കുകയോ ചെയ്യുന്നില്ലെങ്കിൽ ഉടമ്പടിയിൽ പങ്കാളികളായ എല്ലാവരും അയാളെ അതിന്ന് നിർബന്ധിക്കേണ്ടതാണ്.

9. ഉടമ്പടിയിൽ പങ്കാളികളായവർ തമ്മിൽ എന്തെങ്കിലും വഴക്കുണ്ടായാൽ അവരുടെ വഴക്ക് അല്ലാഹുവിന്ന് മുമ്പിലും പ്രവാചകന്റെ മുമ്പിലും വിധി തീർപ്പിന്നായി സമർപ്പിക്കേണ്ടതാണ്.

10. മക്കത്തെ ബിംബാരാധകർക്കോ അവരുടെ കൂട്ടാളികൾക്കോ അഭയം നൽകാൻ പാടുള്ളതല്ല.

11. ആരെങ്കിലും മദീനയെ ആക്രമിക്കുകയാണെങ്കിൽ ഉടമ്പടിയിൽ പങ്കാളികളായവർ പരസ്പരം സഹായിക്കേണ്ടതാണ്. യുദ്ധവിരാമം മുന്നോട്ടുവെക്കുകയാണെങ്കിൽ ഉടമ്പടിയിൽപെട്ട എല്ലാവരും ഒരൊറ്റ കക്ഷിയായി ആ തീരുമാനത്തിൽ പങ്കെടുക്കണം.

12. ഒരു വിശ്വാസി കരാറിൽ ഏർപ്പെട്ട മറ്റുള്ളവർക്കും അതേ അവകാശം നൽകേണ്ടതാണ്. മതപരമായ വ്യത്യാസത്തിന്റെ പേരിൽ എതിർക്കുന്നില്ലെങ്കിൽ അയാൾക്കും ഒരേ രീതിയിലുള്ള അവകാശങ്ങളും അവരുടെ വിഹിതവും നൽകേണ്ടതാണ്.

13. ഈ ഉടമ്പടി അക്രമികളെയും പാപികളെയും പിന്തുണക്കുന്നില്ല.

14. എല്ലാ മദീനക്കാരനും അയാൾ യാത്രയിലാവട്ടെ മദീനയിൽ താമസിക്കുന്നവനാകട്ടെ സുരക്ഷക്ക് ഒരേ പരിഗണനയായിരിക്കണം ഉണ്ടാകേണ്ടത്.

15. ആരാണോ സാത്വികതയോടെ പ്രവർത്തിക്കുന്നത് അല്ലാഹുവും അവന്റെ ദൂതനും അയാളുടെ കൂടെയായിരിക്കും.

ഈ ഉടമ്പടി ഒരു ഗവൺമെന്റിന്റെ നിയമമല്ല എന്നത് വ്യക്തമാണ്. ഈ ഉടമ്പടിയിലെ നിബന്ധനകൾ എല്ലാ സമൂഹങ്ങളുടെയും സാമൂഹി

കമായ ആവശ്യമാണ്. അതായത് ഈ ഉടമ്പടിയുടെ സ്പിരിറ്റ് മുസ്‌ലിംകളെ പോലെ തന്നെ യഹൂദർക്കും ഒരേ അവകാശം പ്രദാനം ചെയ്യുന്നു. ഈ ഉടമ്പടി പ്രകാരം ഇതിൽ പങ്കാളികളായ എല്ലാവരും അവർ മദീനയിൽ താമസിക്കുന്നവരാകട്ടെ മദീന വിട്ട് എവിടെയെങ്കിലും താമസിക്കുന്നവരാകട്ടെ അയാൾക്ക് സമാധാന പൂർണ്ണമായി ജീവിക്കാനുള്ള അവകാശമുണ്ടായിരിക്കും. ഈ ഉടമ്പടിയിൽ പങ്കാളികളായവർ മറ്റു കരാർ പങ്കാളികളുടെ കാര്യങ്ങളിൽ ഇടപെടാനുള്ള അവകാശമുണ്ടായിരിക്കില്ല. ഭാവിയിൽ തർക്കത്തിലാവുന്ന എല്ലാ ജനവിഭാഗങ്ങൾക്കും നീതിപൂർവ്വവും അനുരഞ്ജനാത്മകവുമായി പരിഹരിക്കാൻ കഴിയുന്ന ഒരു ധാർമിക പ്രഖ്യാപനമാണ് ഈ ഉടമ്പടി.

ഈ ഉടമ്പടി പ്രകാരം ശക്തരായ ജനവിഭാഗത്തിന്ന് ബലഹീനരായ ജനതയുടെ മേൽ തങ്ങളുടെ ഇച്ഛ അടിച്ചേൽപ്പിക്കാനുള്ള യാതൊരു പ്രത്യേക അവകാശവും നൽകുന്നില്ല. അതായത് ഐക്യരാഷ്ട്ര സഭാ പ്രമാണത്തിൽ ഒപ്പുവെച്ച എല്ലാ അംഗരാജ്യങ്ങളും അവരുടെ സംഘടിത ശക്തി മറ്റൊരു രാഷ്ട്രത്തെ ആക്രമിക്കുന്ന അക്രമി രാഷ്ട്രത്തിന്നെതിരെ പ്രയോഗിക്കാവുന്നതാണ്. ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ തർക്കത്തിലിരിക്കുന്ന ഇരു രാജ്യങ്ങൾക്കുമെതിരെ അവരുടെ ശത്രുത അവസാനിപ്പിക്കാനുള്ള ഐക്യരാഷ്ട്രങ്ങളുടെ സംയുക്ത ശക്തി പ്രയോഗിക്കണം. അതിന്ന് ശേഷം അവരുടെ തർക്കം അവർ ഇരുവരും അംഗീകരിക്കുന്ന ഒരു ആധികാരിക നീതി പീഠത്തിനു മുമ്പിൽ കൊണ്ട് വന്ന് പരിഹരിക്കണം.

മാത്രമല്ല മദീനാ പ്രഖ്യാപനം മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള തർക്കങ്ങൾക്ക് പരിശുദ്ധ പ്രവാചക(സ)നാണ് മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ വിധികർത്താവായി നേതൃത്വപരമായ അധികാരം നടത്താനുള്ള അവകാശം നൽകിയിരിക്കുന്നത്. ഈ ഉപാധി തന്റെ വിശ്വാസം മറ്റു അവിശ്വാസികളുടെ മേൽ അടിച്ചേൽപ്പിക്കാൻ ഒരിക്കലും അവിടുന്ന് ഉപയോഗിച്ചിട്ടില്ല. അമുസ്‌ലിംകൾക്ക് തിരഞ്ഞെടുക്കാൻ മൂന്ന് ഉപാധികളായിരുന്നു അവിടുന്ന് മുന്നോട്ട് വെച്ചത്. അമുസ്‌ലിംകൾക്ക് ഒരു മതഗ്രന്ഥം ഉണ്ടായിരുന്നെങ്കിൽ അവർക്ക് ആ ഗ്രന്ഥം അനുസരിച്ച് വിധി പറയാനുള്ള അവകാശം ഉണ്ടായിരിക്കും. അവർക്ക് തങ്ങളുടെ തർക്കം ഇസ്‌ലാമിക നിയമമനുസരിച്ച് വിധി തീർപ്പുണ്ടാകണം എന്നുണ്ടെങ്കിൽ അതും അവർക്ക് തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. മൂന്നാമത്തെത് അവരുടെ തർക്കങ്ങൾ നിലവിലുള്ള അറബ് കീഴ്‌വഴക്കങ്ങളനുസരിച്ചാണ് വിധി തീർപ്പുണ്ടാക്കണമെന്നുണ്ടെങ്കിൽ അവർക്ക് അതിന്നും അവകാശമുണ്ടായിരിക്കും.

## ഉടമ്പടി പാലനം: പരിശുദ്ധ പ്രവാചകന്റെ വ്യക്തിപരമായ മാതൃക

കരാർ പാലനത്തിന്റെ പ്രതിബദ്ധതക്ക് പരിശുദ്ധ പ്രവാചക(സ)ന്റെ ചില മാതൃകകൾ ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കാം.

ഒരിക്കൽ ഒരു ജനവിഭാഗത്തിന്റെ ദൂതൻ പ്രവാചകന്റെ അടുത്ത് ഒരു സന്ദേശം എത്തിക്കാനായി വന്നു. പരിശുദ്ധ പ്രവാചക(സ)നെ കണ്ടമാത്രയിൽ അദ്ദേഹം പ്രവാചകനിൽ ആകൃഷ്ടനായി. ഇസ്‌ലാം മതം വിശ്വസിച്ചു. അദ്ദേഹത്തിന്റെ കുടുംബവും കാലികളും സമ്പത്തും എല്ലാം തന്നെ ഉപേക്ഷിച്ച് അവിടുത്തെ പാദാരവിന്ദങ്ങൾ സേവിക്കാൻ തനിക്ക് അവസരം നൽകണമെന്ന് കേണപേക്ഷിച്ചു. അദ്ദേഹത്തിന്ന് പ്രവാചകനെ പിരിഞ്ഞു പോകാൻ ആകുമായിരുന്നില്ല. കാര്യം അങ്ങനെയാണെങ്കിലും പരിശുദ്ധ പ്രവാചകൻ ഇപ്രകാരം പ്രതിവചിച്ചു: 'ഉടമ്പടി ലംഘനത്തിന്റെ പേരിൽ കുറ്റവാളിയാകാൻ എനിക്കാവില്ല എന്നാണ്. ഒരു വിഭാഗത്തിന്റെ ദൂതൻ എന്ന നിലക്ക് താങ്കൾ മടങ്ങിപ്പോവേണ്ടതാണ്.' ആ ജനവിഭാഗത്തിന്റെ ആ ദൂതന് സന്ദേശം കൊണ്ടു വരാൻ അനുവദിക്കപ്പെട്ടില്ല. തന്റെ യജമാനന്ന് ഒരു ഉത്തരം നൽകാൻ മടങ്ങിപ്പോവാതെ അവിടെ താമസിക്കാനും അനുവദിച്ചില്ല. എന്തൊരു മഹിതമായ അദ്ധ്യാപനം! പ്രവാചകന്റെ സ്ഥാനത്ത് മറ്റാരെങ്കിലുമാണെങ്കിൽ എങ്ങനെയായിരുന്നു പെരുമാറുക. അദ്ദേഹം ഹൃദയപൂർവ്വം മതം മാറിയവനെ സ്വീകരിക്കുമായിരുന്നു. ഇങ്ങനെ അദ്ദേഹത്തോട് പറയുകയും ചെയ്യുമായിരുന്നു: 'സന്തോഷമുണ്ട്, അത് താങ്കളുടെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമാണ്. താങ്കൾ ഒരു സ്വതന്ത്ര മനുഷ്യനാണ്. താങ്കൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം താങ്കൾക്കുണ്ട്. എന്തു തന്നെയായാലും പരിശുദ്ധ പ്രവാചക(സ)ൻ അദ്ദേഹത്തോട് തന്റെ ഉത്തരം പറഞ്ഞ ശേഷം അദ്ദേഹത്തോട് തിരിച്ചു പോവാനാണ് ആവശ്യപ്പെട്ടത്. അദ്ദേഹം വീട്ടിലേക്ക് തിരിച്ചു പോയി. അദ്ദേഹം ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. കുറച്ച് സമയം കഴിഞ്ഞ ശേഷം അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ അടുത്ത് തിരിച്ചു വന്നു. ഈ സമയത്ത് അദ്ദേഹം ഒരു പ്രതിനിധിയായിരുന്നില്ല. ഒരു കുടിയേറ്റക്കാരൻ മാത്രമായിരുന്നു.

മറ്റൊരു സന്ദർഭത്തിൽ ഹുസൈഫ ബിൻ യമാൻ (റ) എന്ന് പേരുള്ള ഒരു മക്കക്കാരൻ ബദ്ർ യുദ്ധ വേളയിൽ പരിശുദ്ധ പ്രവാചകനടുത്തേക്ക് വരികയുണ്ടായി. താൻ മക്കക്കാർക്കെതിരായി യുദ്ധത്തിൽ റസൂൽ തിരുമേനി(സ) യോടൊപ്പം ചേരാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന് പറഞ്ഞു. പക്ഷേ മക്കക്കാർ ഈ വിവരം എങ്ങനെയോ അറിഞ്ഞു. അത് കാരണം മക്കക്കാർക്കെതിരെ യുദ്ധം ചെയ്യില്ല എന്ന ഒരു വാഗ്ദാ

നം അയാളിൽ നിന്നും മക്കക്കാർ വാങ്ങി. പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു താങ്കൾ വാഗ്ദാന പാലനത്തിന്റെ ഭാഗമായി യുദ്ധത്തിൽ പങ്കെടുക്കാതെ മടങ്ങുക. ഇതു കൂടി അവിടുന്ന് കൂട്ടിചേർത്തു. ദൈവം അവരെ സഹായിക്കാൻ കഴിവുള്ളവനാണ്.

അല്ലാഹുവിന് സ്തുതി ധാർമ്മികതയുടെ എന്തൊരു അതുല്യ മാതൃകയായിരുന്നു അവിടുന്ന്. നിർബ്ബന്ധിതാവസ്ഥയിലാണ് കരാർ എഴുതപ്പെട്ടത് എന്നതിനാൽ അത് അദ്ദേഹത്തിന്ന് ബാധകമല്ല എന്ന് ഓർമ്മിപ്പിക്കാനുള്ള അവകാശം പരിശുദ്ധ പ്രവാചകനുണ്ടായിരുന്നു. പക്ഷേ അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് പരിശുദ്ധ പ്രവാചകന്റെ അത്യുന്നത നിലാവാരത്തിൽ നിന്നും വളരെ താഴെയുള്ളതായിരുന്നു. കഷ്ടം ഇക്കാലത്തെ മുല്ലമാർ എന്ന് വിളിക്കപ്പെടുന്ന കൂട്ടരുടെ സ്വഭാവം പരിശുദ്ധ പ്രവാചക(സ) നിൽ നിന്നും എത്ര വിദൂരമാണ്.

പ്രവാചകനായ മുഹമ്മദ് (സ)അവിടുത്തെ പ്രതിജ്ഞകൾ മാത്രമല്ല ആദരിക്കാൻ പ്രതിബദ്ധത കാണിച്ചത്, അവിടുത്തെ അനുചരന്മാരുടെ കരാറുകളെയും പാലിക്കാൻ പ്രതിബദ്ധത കാണിച്ചിരുന്നു. അവിടുന്ന് തന്റെ പേരിൽ നടപ്പാക്കാൻ അനുചരന്മാരെ അധികാരപ്പെടുത്തിയിട്ടില്ലാത്ത കരാറുകളെ പോലും അവിടുന്ന് അതിനോട് ആദരം പ്രകടിപ്പിച്ച് പാലിക്കാൻ പ്രതിബദ്ധത കാട്ടുകയുണ്ടായി. ഇവിടെ അത് നീതിയുടെ കാര്യം മാത്രമായി നിൽക്കുന്നില്ല അതിനെക്കാളുപരി ***ഇഹ്സാന്റെ*** അത്യുന്നത പദവികൂടി അതാവശ്യപ്പെടുന്നു.

അബൂതാലിബിന്റെ മകളായിരുന്ന ഉമ്മു ഹാനി നിവേദനം ചെയ്ത അതുപോലെയുള്ള ഒരു സംഭവം വിവരിക്കാം. അവർ വിവരിക്കുന്നു: ഒരിക്കൽ അവർ മക്കാ വിജയത്തിന്ന് ശേഷം അവിടുത്തെ സവിധത്തിലേക്ക് വന്നു. അപ്പോൾ പരിശുദ്ധ പ്രവാചകൻ പ്രാർത്ഥനയിലായിരുന്നു. അത് അവസാനിക്കുന്നത് വരെ അവർ അവിടെ കാത്തുനിന്നു. അവർ റസൂൽ തിരുമേനി (സ) യോട് പറഞ്ഞു. മറ്റു സഹാബികളോട് ചോദിക്കാതെയും പരിശുദ്ധ പ്രവാചക(സ)നിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങാതെയും ഹാബിറയുടെ മകന് താൻ സംരക്ഷണം നൽകുകയുണ്ടായി. എന്തായിരുന്നാലും അവരുടെ യഥാർത്ഥ സഹോദരൻ അലി (റ) ജനിച്ചത് അവരുടെ അതേ മാതാവിലാണ്. അലി (റ) അയാളെ വധിക്കാൻ തയ്യാറായി വന്നിരിക്കുകയായിരുന്നു. അത് കാരണം അവർ ചെയ്ത സംരക്ഷണ വാഗ്ദാനത്തിന്ന് പ്രാബല്യം നഷ്ടപ്പെട്ടിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ) പ്രഖ്യാപിച്ചു: 'ഓ ഉമ്മുഹാനി, ആർക്കാണോ താങ്കൾ സംരക്ഷണം നൽകിയത് ഞാനും അവർക്ക് എന്റെ സംരക്ഷണം നൽകുന്നതാണ്.'

യാതൊരർത്ഥത്തിലും പരിശുദ്ധ പ്രവാചകന് ഉമ്മു ഹാനിയുടെ സംരക്ഷണ വാഗ്ദാനത്തിന്ന് വില കൽപ്പിക്കേണ്ടതില്ലായിരുന്നു. ഒരു നീതി തത്വവും അവിടുത്തോട് ഇത് പാലിക്കാൻ ചുമതലപ്പെടുത്തുന്നില്ല. തീർച്ചയായും അവിടുത്തെ കുടുംബത്തിലെ എളിയ ഒരംഗത്തിന്റെ പ്രതിജ്ഞ പാലിക്കാൻ അവിടുന്ന് മുന്നോട്ട് വന്നത് അവിടുത്തെ അനുപമമായ ഔദാര്യമായിരുന്നു.

## മുസ്ലിം രാഷ്ട്രീയ നേതാക്കന്മാരുടെ ധാർമിക അപചയം ഒരു പ്രവചനം

ഒരിക്കൽ അമുസ്ലിം പ്രജകളുടെ ബഹുമതി സംരക്ഷിക്കേണ്ടതിനെപറ്റി അവിടുന്ന് മുസ്ലിംകളെ താക്കീത് ചെയ്യുകയുണ്ടായി. മുസ്ലിംകൾ അമുസ്ലിംകളുടെ ബഹുമതി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ അല്ലാഹു അമുസ്ലിം പ്രജകളുടെ ഹൃദയം കടുപ്പിക്കുകയും അവർ ജിസിയ (നികുതി വിഹിതം) നൽകുന്നത് റദ്ദാക്കുകയും ചെയ്യും. ജിസിയ എന്നത് അമുസ്ലിം പ്രജകൾക്ക് സംരക്ഷണം നൽകുന്നതിന്ന് വേണ്ടി അവരിൽ നിന്ന് ഈടാക്കുന്ന നികുതിയാണ്.

ഒരു മുസ്ലിം ഭരണകൂടം ഈ താക്കീതിന് വേണ്ട പ്രാധാന്യം നൽകിയിരുന്നെങ്കിൽ അവർ ഒരിക്കലും ക്ഷയിച്ചു പോകില്ല. ഇതനുസരിച്ച് ആദ്യകാല മുസ്ലിം സ്റ്റേറ്റുകൾ പിന്നീടുണ്ടായിരുന്നവരേക്കാൾ തികച്ചും വ്യത്യസ്തമായിരുന്നു. ആദ്യകാലങ്ങളിൽ മുസ്ലിം ഭരണാധികാരികൾ അവരുടെ പ്രതിജ്ഞകൾ പാലിക്കുകയും അവർ തങ്ങളുടെ പ്രജകളോട് വളരെ കാരുണ്യത്തോടെ പെരുമാറുകയും ചെയ്തിരുന്നു. അവരുടെ പ്രജകളും സ്നേഹബഹുമാനങ്ങളോടെയാണ് അവരെ അനുസരിച്ചുകൊണ്ട് പ്രതികരിച്ചിരു

പ്രവാചകനായ മുഹമ്മദ് (സ)അവിടുത്തെ പ്രതിജ്ഞകൾ മാത്രമല്ല ആദരിക്കാൻ പ്രതിബദ്ധത കാണിച്ചത്, അവിടുത്തെ അനുചരന്മാരുടെ കരാറുകളെയും പാലിക്കാൻ പ്രതിബദ്ധത കാണിച്ചിരുന്നു. അവിടുന്ന് തന്റെ പേരിൽ നടപ്പാക്കാൻ അനുചരന്മാരെ അധികാരപ്പെടുത്തിയിട്ടില്ലാത്ത കരാറുകളെ പോലും അവിടുന്ന് അതിനോട് ആദരം പ്രകടിപ്പിച്ച് പാലിക്കാൻ പ്രതിബദ്ധത കാട്ടുകയുണ്ടായി. ഇവിടെ അത് നീതിയുടെ കാര്യം മാത്രമായി നിൽക്കുന്നില്ല. അതിനെക്കാളുപരി ***ഇഹ്സാന്റെ*** അത്യുന്നത പദവികൂടി അതാവശ്യപ്പെടുന്നു.

ആദ്യകാലങ്ങളിൽ മുസ്‌ലിം ഭരണാധികാരികൾ അവരുടെ പ്രതിജ്ഞകൾ പാലിക്കുകയും അവർ തങ്ങളുടെ പ്രജകളോട് വളരെ കാരുണ്യത്തോടെ പെരുമാറുകയും ചെയ്തിരുന്നു. അവരുടെ പ്രജകളും സ്നേഹ ബഹുമാന ങ്ങളോടെയാണ് അവരെ അനുസരിച്ചുകൊണ്ട് പ്രതികരി ച്ചിരുന്നത്. മതപരമായ അന്തരം ഒരിക്കലും അവരുടെ പരസ്പര സഹകരണത്തിന് തടസ്സമായി നിന്നിരുന്നില്ല. തങ്ങളുടെ പ്രജകളുടെ കരാറുകൾ പാലിച്ചിരുന്ന ഭരണാധികാരികളെ അവരും സംരക്ഷിച്ചിരുന്നു.

ന്നത്. മതപരമായ അന്തരം ഒരിക്കലും അവരുടെ പരസ്പര സഹകരണത്തിന് തടസ്സമായി നിന്നിരുന്നില്ല. തങ്ങളുടെ പ്രജകളുടെ കരാറുകൾ പാലിച്ചിരുന്ന ഭരണാധികാരികളെ അവരും സംരക്ഷിച്ചിരുന്നു.

മുസ്‌ലിം ചരിത്രത്തിൽ ആവർത്തിച്ചാവർത്തിച്ച് പറയേണ്ട ഒരു മഹത്തായ സംഭവമുണ്ട്. ഒരിക്കൽ റോമൻ ആധിപത്യത്തിന് കീഴിലുണ്ടായിരുന്ന ഹിംസ് എന്ന പ്രദേശത്ത് നിന്നും മുസ്‌ലിം സൈന്യത്തിന്ന് നിർബന്ധിതാവസ്ഥയിൽ താൽക്കാലികമായി പിൻവാങ്ങേണ്ടി വന്നു. പിൻവാങ്ങിക്കൊണ്ടിരുന്ന മുസ്‌ലിംകൾ അവരുടെ പ്രജകളിൽ നിന്നും വാങ്ങിയ നികുതി(ജിസിയ) തിരിച്ചിച്ചു കൊടുക്കുകയുണ്ടായി. അവർ തങ്ങളുടെ പ്രജകളോട് പറഞ്ഞത്, തങ്ങൾ ഏതൊരു സംരക്ഷണ കാര്യത്തിന്ന് വേണ്ടിയാണോ നിങ്ങളിൽ നിന്നും നികുതി വാങ്ങിക്കൊണ്ടിരുന്നത് ആ കാര്യത്തിൽ ഞങ്ങൾ പരാജിതരായിരിക്കുന്നു. ഇപ്പോൾ ആ മേഖലയിൽ നിന്നും അവർ പിൻവാങ്ങിക്കൊണ്ടിക്കുകയായിരുന്നു. അത്കൊണ്ട് അവർക്ക് ശത്രുക്കളിൽ നിന്നും ആ ജനങ്ങളെ സംരക്ഷിക്കാൻ സാദ്ധ്യമായിരുന്നില്ല. ഹിമ്മിലെ ജനങ്ങൾ നൽകിയ താഴെക്കാണുന്ന ഈ മറുപടി സുവർണ്ണ ലിപികളിൽ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഞങ്ങൾ ഞങ്ങളുടെ തന്നെ വിശ്വാസക്കാരായ ആളുകളുടെ കൈകളാൽ പീഡനങ്ങൾക്ക് വിധേയമായിരിക്കുന്നു. ആ അവസരത്തിലാണ് നിങ്ങൾ വന്നത്. നിങ്ങളുടെ നീതിയും കൃപയും ഞങ്ങളെ ആസകലം കീഴടക്കുകയായിരുന്നു. ഇപ്പോൾ നിയമിതനായ നിങ്ങളുടെ ഗവർണ്ണർക്ക് കീഴിൽ ശത്രുവിനെതിരെ ഞങ്ങൾ ഒന്നടങ്കം നിങ്ങൾക്ക് വേണ്ടി പോരാടുന്നതാണ്. ഞങ്ങളെ ഒന്നാകെ വധിക്കാതെ ശത്രുവിന്ന് നിങ്ങളെ കൊള്ളെ മുന്നേറാൻ സാദ്ധ്യമല്ല.

അവർ വാഗ്ദാനം ചെയ്തത് പോലെ തന്നെ സംഭവിക്കുകയുണ്ടായി. റോമൻ ചക്രവർത്തിയായിരുന്ന ഹെരാക്ലിയോസ് പിന്മാറാൻ നിർബന്ധിതനായി. മുസ്‌ലിംകൾ ആ മേഖലയിൽ മഹത്തായ നിലയിൽ വിജയ സമേതം പുന:പ്രവേശിക്കുകയുണ്ടായി. ഹിമ്മിലെ മുഴുവൻ ജനതയും ആഘോഷപൂർവ്വം മുസ്‌ലിംകളെ സ്വീകരിച്ചു. നികുതി അടക്കാനുള്ള അവരുടെ തന്നെ കരാർ പുതുക്കാൻ സന്തോഷത്തോടു കൂടി സമ്മതിക്കുകയും ചെയ്തു.

അങ്ങനെ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ഭരണാധികാരികൾ മറന്നുപോയ നിർഭാഗ്യകരമായ കാലഘട്ടം കടന്നു വന്നു. ഖുർആനിക അദ്ധ്യാപനങ്ങളനുസരിച്ച് കീഴടക്കപ്പെട്ട ജനതകളോട് പെരുമാറേണ്ട വിധം അവർ പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. ഈ അവസരത്തിൽ അവരുടെ പ്രജകൾ അവരുമായുള്ള ബന്ധം വിഛേദിക്കുകയും അവരെക്കുറിച്ച് വിസ്മൃതരാവുകയും ചെയ്തു. അങ്ങനെ അവരുടെ മുറിഞ്ഞുപോയ കരാറുകൾ അവരുടെ സാമ്രാജ്യങ്ങളെ തകർക്കുകയും അവരുടെ പതനത്തിന്ന് അത് കാരണമാവുകയും ചെയ്തു.

## കരാർ പാലനത്തിന്റെ ചില ഉദാഹരണങ്ങൾ

പരിശുദ്ധ പ്രവാചകൻ (സ) വ്യക്തിപരമായി മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. നികുതിപ്പണം വാങ്ങുന്ന അവിടുത്തെ പ്രജകളോടുള്ള സമീപനം എല്ലാ വിമർശനങ്ങൾക്കും അതീതമായിരുന്നു.

ഒരിക്കൽ റസൂൽ തിരുമേനി

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ഭരണാധികാരികൾ മറന്നുപോയ നിർഭാഗ്യകരമായ കാലഘട്ടം കടന്നു വന്നു. ഖുർആനിക അദ്ധ്യാപനങ്ങളനുസരിച്ച് കീഴടക്കപ്പെട്ട ജനതകളോട് പെരുമാറേണ്ട വിധം അവർ പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. ഈ അവസരത്തിൽ അവരുടെ പ്രജകൾ അവരുമായുള്ള ബന്ധം വിഛേദിക്കുകയും അവരെക്കുറിച്ച് വിസ്മൃതരാവുകയും ചെയ്തു. അങ്ങനെ അവരുടെ മുറിഞ്ഞുപോയ കരാറുകൾ അവരുടെ സാമ്രാജ്യങ്ങളെ തകർക്കുകയും അവരുടെ പതനത്തിന്ന് അത് കാരണമാവുകയും ചെയ്തു.

(സ) യുടെ അടുത്ത അനുയായിയും രണ്ടാം ഖലീഫയുമായിരുന്ന ഹദ്റത്ത് ഉമർ (റ) ഒരു യഹൂദന്റെ വധത്തെ കുറിച്ചറിഞ്ഞു. കൊലപാതകത്തിന്റെ യാതൊരു അടയാളവും ബാക്കിയുണ്ടായിരുന്നില്ല. ഈ വിവരം അദ്ദേഹത്തെ ദു:ഖിതനാക്കി. അദ്ദേഹം എല്ലാ മുസ്‌ലിംകളെയും മുഖ്യ മസ്ജിദിൽ വിളിച്ച് ചേർത്തു. പ്രസംഗപീഠത്തിൽ നിന്ന് ഹൃദയസ്പൃക്കായ ഒരു പ്രഭാഷണം നടത്തി. 'നോക്കൂ, ഞാനെന്ത് ചെയ്യാനാണ്? ദൈവം അവന്റെ ജനതയുടെ ഭരണ ചുമതല എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഒരു ആദം സന്തതി കൊല്ലപ്പെട്ടിരിക്കുന്നതിനാൽ ഞാനെങ്ങനെ ദൈവത്തിന്ന് മുമ്പിൽ ഉത്തരം പറയും? ഞാൻ എന്താണ് ചെയ്തതെന്ന് ദൈവം എന്നോട് ചോദിക്കുന്നതായിരിക്കും.'

കൊലപാതകത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ വികാരനിർഭരമായ പ്രസംഗം, അവിടെ കൂടിയിരുന്നവരിൽ ഉണ്ടായിരുന്ന കൊലയാളി കേട്ട് എഴുന്നേറ്റു അദ്ദേഹത്തെ അഭിമുഖീകരിച്ച് പറഞ്ഞു: 'ഞാനാണ് ഘാതകൻ. താങ്കൾ എന്തിനാണ് അത്തരത്തിൽ വേദനപ്പെടുകയും ദുഖിതനാവുകയും ചെയ്യുന്നത്? അല്ലയോ വിശ്വാസികളുടെ നേതാവേ, എന്നെ ശിക്ഷിക്കുക. അങ്ങ് പോയി സമാധാനത്തോടെ കിടന്നുറങ്ങുക.' തീർച്ചയായും ഘാതകൻ തുടർന്ന് വധിക്കപ്പെട്ടു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നൽകട്ടെ.

ജിസ്‌യ നൽകുന്ന തന്റെ പ്രജകളോട് പരിശുദ്ധ പ്രവാചക (സ)ന്റെ അദ്ധ്യാപനങ്ങൾ അത്തരത്തിലുള്ളതായിരുന്നു. മേൽ വിവരിച്ചത് പോലെയുള്ള ഉജ്ജ്വലമായ അദ്ധ്യായങ്ങൾ വിരചിതമായത് അവിടുത്തെ ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങളുടെ ഫലമായിരുന്നു.

ഒരിക്കൽ ഒരു ദിമ്മി (ജിസിയ കൊടുത്തിരുന്ന അമുസ്‌ലിം പ്രജ)യെ കൊലചെയ്ത ഒരു മുസ്‌ലിമിനെ ഹദ്റത്ത് അലി (റ) മുമ്പാകെ കൊണ്ടുവരപ്പെട്ടു. എല്ലാ തെളിവുകളും അയാൾക്കെതിരായിരിക്കെ ഹദ്റത്ത് അലി (റ) അയാളെ വധിക്കാൻ ഉത്തരവിട്ടു.

ഘാതകന് മാപ്പ് കൊടുക്കുകയാണെങ്കിൽ ഘാതകന്റെ സഹോദരൻ കൊല്ലപ്പെട്ട ആളുടെ സഹോദരന് ബ്ലഡ് മണി (നഷ്ടപരിഹാരത്തുക) നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഈ വിഷയം അവസാന തീരുമാനത്തിന്നായി ഹദ്റത്ത് അലി (റ) യുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഹദ്റത്ത് അലി (റ) കൊല്ലപ്പെട്ടയാളുടെ സഹോദരനെ നേരിട്ട് ചോദ്യം ചെയ്യാതെ ആ വാഗ്ദാനം അംഗീകരിക്കില്ല എന്ന് പറഞ്ഞു. ചോദ്യം ചെയ്യുന്നതിന്ന് മുമ്പായി അയാളോട് തന്റെ അവകാശങ്ങളെ പറ്റി അറിയിച്ചു. എന്നിട്ട് അയാളെ ചോദ്യം ചെയ്യാനായി ആനയിക്കപ്പെട്ടു. അയാൾക്ക് മേൽ മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും വിധത്തിലുള്ള സ്വാധീനമുണ്ടായിട്ടുണ്ടോ എന്ന് അദ്ദേഹം കണിശമായി പരിശോധിച്ചു. അതിന്നുള്ള പ്രതികരണമായിക്കൊണ്ട്, താൻ യാതൊരു വിധ സമ്മർദ്ദങ്ങൾക്കും വിധേയനായിട്ടില്ല എന്ന് അദ്ദേഹം അറിയിച്ചു. ആ തീരുമാനം പൂർണ്ണമായും അദ്ദേഹത്തിന്റേതായിരുന്നു. ഘാതകനായ കുറ്റവാളിയെ വധിച്ചാൽ കൊല്ലപ്പെട്ട അദ്ദേഹത്തിന്റെ സഹോദരൻ മടങ്ങിവരില്ല. എന്നാൽ അദ്ദേഹം ബ്ലഡ് മണി സ്വീകരിച്ചാൽ അത് നഷ്ടം സംഭവിച്ച ഇരയുടെ കുടുംബത്തിന്ന് ആശ്വാസകരമായിത്തീരും എന്ന് തെളിയിക്കപ്പെടുകയും ചെയ്യും. അതിന് ശേഷം ഹദ്റത്ത് അലി (റ) കൊലപാതകിക്ക് മാപ്പ് അനുവദിച്ചു. ഇതിലടങ്ങിയ മാർഗ്ഗദർശനം വിവരിച്ചുകൊണ്ട് ഹദ്റത്ത് അലി(റ) പറഞ്ഞു: ഈ അന്വേഷണത്തിലൂടെ കടന്ന് പോകാൻ കാരണം ഇസ്‌ലാമിക നീതി തത്വമനുസരിച്ച് പൗരന്റെ രക്തം ഭരണാധികാരിയുടെ രക്തത്തിന്ന് സമമാണെന്നാണ്.

**പേജ് 11 ൽ നിന്ന് തുടർച്ച**

മുഹമ്മദീ ഉമ്മത്തിൽ സത്യസന്ധമായി നില കൊള്ളുന്നവർക്ക് തന്റെ വെളിപാടുകളും അദൃശ്യകാര്യങ്ങൾക്കൊണ്ടും അനുഗ്രഹിക്കുന്നു. ദൈവത്തിന് മാത്രം അറിവുള്ള ജ്ഞാനം അവർക്ക് പ്രദാനം ചെയ്യുന്നു. വിശുദ്ധ ഖുർആനെ സത്യ ഹൃദയത്തോടെ ദൈവിക വചനങ്ങളെന്ന് അറിയുകയും ആത്മാർഥമായി അതനുസരിച്ച് ജീവിക്കുകയും ഹദ്റത്ത് മുഹമ്മദ് നബി(സ)യെ ശ്രേഷ്ഠനും മഹാനും പ്രവാചകന്മാരുടെ മുദ്രയും മാർഗദർശകനുമാണെന്ന് വിശ്വസിച്ച് അംഗീകരിക്കുന്നവർക്ക് മാത്രമേ ഈ പരിശുദ്ധ വെളിപാട് പ്രദാനം ചെയ്യപ്പെടയുള്ളൂ. മറ്റുള്ളവർക്ക്, അതായത് യഹൂദികൾ, ക്രിസ്ത്യാനികൾ, ആര്യസമാജക്കാർ, ബ്രഹ്മ സമാജക്കാർ തുടങ്ങിയവർക്ക് ഈ വെളിപാടുകൾ ഒരിക്കലും ലഭിക്കുകയില്ല. മറിച്ച്, വിശുദ്ധ് ഖുർആനെ പൂർണ്ണമായും പിന്തുടരുന്നവർക്കേ അത് ലഭിച്ചുകൊണ്ടിരുന്നുള്ളൂ. ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇനി ഭാവിയിലും ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. (റൂഹാനി ഖസായിൻ വാള്യം.1)

alislam.org

Humanity First

humanityfirst.org

# സൂഫിവര്യന്മാർ പ്രചരിപ്പിച്ച ഇസ്‌ലാം

ഇന്ത്യയിൽ ഇസ്‌ലാം മതം വിപുലമായി പ്രചരിച്ചത് അധികാരത്തിന്റെയും സമ്പത്തിന്റെയും തണലിലല്ല. ജനങ്ങളുമായി അവരുടെ കഷ്ടപാടിലും ദാരിദ്ര്യത്തിലും രോഗപീഢയിലും സാന്ത്വനമരുളുകയും അവർക്ക് ആത്മീയമായ മാർക്ഷദർശനം നൽകുകയും അവരുടെ ഹൃദയം കവരുകയും ചെയ്ത സൂഫി വര്യന്മാരിലൂടെയാണ് ഇസ്‌ലാം ഇന്ത്യയിൽ പ്രചരിച്ചത്.

എ. എം. മുഹമ്മദ് സലീം

ഇന്ത്യയിൽ ഇസ്‌ലാം മതം എങ്ങനെ വിപുലമായ തോതിൽ പ്രചരിച്ചു എന്നത് വിവാദമായ ചരിത്രപ്രശ്നമാണ്. ഇന്ത്യയിൽ ഇസ്‌ലാം മത പ്രബോധനത്തിനും പ്രചാരണത്തിനും മുസ്‌ലിം രാജാക്കന്മാർ യാതൊരു സംഭാവനയും നൽകിയിട്ടില്ല. ഇസ്‌ലാംമതം പ്രചരിപ്പിക്കാൻ രാജാക്കന്മാർക്കും അധികസ്ഥന്മാർക്കും കഴിയില്ല എന്നതാണ് വാസ്തവം. രാജാക്കന്മാർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഇന്ത്യയിൽ ഇസ്‌ലാം തളരുകയാണുണ്ടായത്.

റസൂൽ തിരുമേനിക്ക് നുബൂവ്വത്ത് ലഭിച്ച് 15 വർഷം കഴിഞ്ഞപ്പോൾത്തന്നെ ഇന്ത്യയിലേക്ക് മുസ്‌ലിംകളുടെ വരവ് ആരംഭിച്ചിരുന്നു. മതപ്രചാരണാർത്ഥം ഇന്ത്യയിൽ വന്ന ഭക്തരായ ദിവ്യാത്മാക്കളും അധികാരവും സമ്പത്തും വെട്ടിപ്പിടിക്കാൻ വന്ന പടയോട്ടക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അധികാരവും സമ്പത്തും വെട്ടിപ്പിടിക്കാൻ ഒരിക്കലും ഇന്ത്യയിലേക്ക് മതപ്രബോധകർ വന്നിട്ടില്ല. അവരുടെ ലക്ഷ്യവും മാർഗ്ഗവും രീതിയുമെല്ലാം വ്യത്യസ്തമായിരുന്നു.

രാജാക്കന്മാരുടെ ആക്രമണം ഭയന്ന് കൂട്ടമായി ഇസ്‌ലാം മതത്തിൽ ചേർന്നവർ രാജാക്കന്മാരുടെ സാന്നിദ്ധ്യം ഒഴിഞ്ഞ ഉടനെ തന്നെ പൂർവ്വമതത്തിലേക്ക് തിരിച്ചുപോയ ചരിത്രവുമുണ്ട്. അഫ്ഗാൻകാരനായ മുഹമ്മദ് ഗസ്നിയുടെ ആക്രമണകാലത്തെ ഒരു സംഭവം അദ്ദേഹത്തിന്റെ സെക്രട്ടറി എഴുതിയ ചരിത്രത്തിൽ വിവരിക്കുന്നുണ്ട്. ബൂലന്ത് ശഹറിലെ ഹരിദത്ത എന്ന രാജാവ് മഹ്മൂദ് ഗസ്നിയുടെ പടയെ ഭയന്ന് പതിനായിരത്തോളം ആളുകളോടൊപ്പം ഇസ്‌ലാം മതം സ്വീകരിച്ചു. ഗസ്നി തിരിച്ചുപോയപ്പോൾ മുഴുവനാളുകളും ഹിന്ദുമതത്തിലേക്ക് തന്നെ തിരിച്ചുപോയി. 1193-ൽ ഖുതുബുദ്ദീൻ ഐബക്ക് ബറാൻ ആക്രമിച്ചപ്പോൾ അദ്ദേഹത്തെ ശക്തമായി പ്രതിരോധിച്ചത് ഹരിദത്തയുടെ പിൻഗാമിയായ ചന്ദ്രസേനനും അനുയായികളുമായിരുന്നു. രാജാക്കന്മാർക്ക് ഭൂമിയും സമ്പത്തും കവരുവാനല്ലാതെ മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കാൻ കഴിഞ്ഞിരുന്നില്ല.

മുഹമ്മദ് ഗോറിയുടെ കാലത്ത് ഹൃദയപരമായ ഒരു പരിവർത്തനം നടന്നതായി ചരിത്രത്തിൽ കാണാം. പഞ്ചാബിലെ വടക്ക് ഭാഗത്തുള്ള പർവ്വതങ്ങളിൽ വസിക്കുന്ന രണശൂരരായ ഘഖാർ ഗോത്രക്കാർ മുസ്‌ലിം സേനകൾക്ക് വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നു. ആ ഗോത്രത്തിന്റെ നേതാവിനെ മാനസാന്തരം ചെയ്യിക്കാൻ മുഹമ്മദ് ഗോറിക്ക് സാധിച്ചു. 'ഗോത്രത്തലവൻ' എന്ന പദവി വീണ്ടും ആ ഗോത്രനേതാവിന് നൽകി. ആ ഗോത്രക്കാരെല്ലാം പിന്നീട് ഇസ്‌ലാം മതം സ്വീകരിച്ചു.

നിർബന്ധ മതപരിവർത്തനത്തിന് ഏറ്റവും കുറ്റപ്പെടുത്തലിനു വിധേയനായ മുഗൾ രാജാവാണ് ഔറംഗസീബ് ആലംഗീർ. അദ്ദേഹത്തിന്റെ തീവ്രമായ മതാഭിനിവേശമാണ് നീതിമാനും എളിയ ജീവിതം നയിച്ചിരുന്നവനുമായിരുന്ന ഔറംഗ

സീബിന് ഈയൊരു അവമതിപ്പുണ്ടാക്കാൻ കാരണം. വ്യക്തമായ രേഖകളുള്ള ഔറംഗസീബിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ മതസഹിഷ്ണുതക്കുള്ള ധാരാളം തെളിവുകൾ ലഭിക്കുമ്പോൾ അന്യമത വിരോധത്തിന്റെ കെട്ടുകഥകൾക്ക് ചരിത്രരേഖകളുടെ പിൻബലമില്ല. അതുപോലെ വികൃതമാക്കപ്പെട്ട ചരിത്രമാണ് ടിപ്പുസുൽത്താന്റെയും ഹൈദരലിയുടെയും അവരുടെ യഥാർത്ഥ ചരിത്രരേഖകൾ മതസഹിഷ്ണുതയുടെ അത്ഭുതകരമായ അനേകം സംഭവങ്ങൾ വിളിച്ചോതുമ്പോൾ പ്രചരിപ്പിക്കപ്പെടുന്ന കെട്ടുകഥകൾ നേർവിപരീതവും. ഏതായാലും ഇന്ത്യയിലെ ഇസ്‌ലാമിക ചരിത്രത്തിൽ മതപരമായ ആവേശം കാണിച്ച രാജാക്കന്മാർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. അവരാകട്ടെ സഹിഷ്ണുതയുടെ മൂർത്തീരൂപങ്ങളുമായിരുന്നു. മറ്റു മുസ്‌ലിം രാജാക്കന്മാർ മിക്കവരും സുഖലോലുപരും സ്തുതിപാഠകരുടെ വലയത്തിൽ കഴിഞ്ഞ വിഷയലംബടരും അക്രമകാരികളുമായിരുന്നു. ഇന്ത്യയിലെ ഇസ്‌ലാംമത പ്രചാരണവുമായി മുസ്‌ലിം ഭരണാധികാരികൾക്ക് യാതൊരു ബന്ധവുമില്ലായിരുന്നു. മുസ്‌ലിം രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായിരുന്ന ഡൽഹിയിലും ആഗ്രയിലും മുസ്‌ലിം ജനസംഖ്യ വളരെ കുറവായത് തന്നെ ഇതിന്നുദാഹരണമാണ്. ഇന്ത്യയിൽ രാഷ്ട്രീയ ഭരണം ഏറ്റവും ദുർബ്ബലമായിരുന്ന സമയത്തും സ്ഥലത്തുമായിരുന്നു ഇസ്‌ലാം ഏറ്റവും വമ്പിച്ച മിഷണറി വിജയങ്ങൾ നേടിയത്. സൂഫിവര്യന്മാരും സാത്വികരായ മതപ്രബോധകരുമാണ് ഈ അത്ഭുതം കാഴ്ചവച്ചത്.

തെക്കെ ഇന്ത്യയിൽ നിന്നു തന്നെ തുടങ്ങാം. ഏകദേശം പ്രവാചകന്റെ വിയോഗം കഴിഞ്ഞ ഉടനെത്തന്നെ ഇസ്‌ലാമിക മിഷണറിമാർ കേരളത്തിലെത്തിച്ചേർന്നു. രാജാധികാരത്തിന്റെ പിൻബലമില്ലാതെ കേരളക്കരയിലെ ജനസാമാന്യത്തിനിടയിൽ ഇസ്‌ലാംമതം സ്വച്ഛന്ദം പ്രചരിക്കുകയായിരുന്നു. കേരളക്കരയിലെത്തിയ മാലിക്ബ്നുദീനാർ എന്ന പ്രബോധകന്റെ പ്രവർത്തനങ്ങൾ മുഖേന ചേരമാൻ പെരുമാൾ എന്ന രാജാവ് ഇസ്‌ലാംമതം സ്വീകരിച്ചു അറേബ്യയിലേക്ക് പോവുകയാണുണ്ടായതെന്ന് കേരളത്തിലെ മുസ്‌ലിം പാരമ്പര്യം പറയുന്നു. പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച വിശ്വപ്രശസ്തനായ മൊറോക്കൻ സഞ്ചാരി ഇബ്നുബത്തൂത്ത കോഴിക്കോട്ടെ സാമൂതിരിമാർ ഇസ്‌ലാംമത പ്രചാരണത്തിന് വമ്പിച്ച സഹായങ്ങൾ നൽകിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാരും പ്രബോധകരുമായ അറബി വണിക്കുകളെ കോഴിക്കോട് ധാരാളമായി അദ്ദേഹം കണ്ടുമുട്ടിയതായി തന്റെ കൃതികളിൽ പറയുന്നു. പക്ഷേ, ബ്രിട്ടീഷുകാരെപ്പോലെ ആ അറബി കച്ചവടക്കാർ ഈ നാടിനെ ഒരു കോളനിയാക്കിയില്ല. ഹിന്ദുക്കൾ പൊതുവേ കടൽ കടക്കാൻ ഇഷ്ടപ്പെടുകയോ ധൈര്യപ്പെടുകയോ ചെയ്തിരുന്നില്ല. ആയതിനാൽ കപ്പലുകളിൽ കച്ചവടാവശ്യാർത്ഥം വരുന്ന അറബി വണിക്കുകളെ സഹായിക്കാൻ കടൽതീരത്തെ മുക്കുവ കുടുംബങ്ങളിൽ ഒന്നോ രണ്ടോ പേർ ഇസ്‌ലാംമതം സ്വീകരിക്കണമെന്ന് സാമൂതിരി കൽപന പുറപ്പെടുവിച്ചതായും ഇബ്നുബത്തൂത്ത രേഖപ്പെടുത്തുന്നു.

ദക്ഷിണേന്ത്യയിലെ പ്രബലമായൊരു മുസ്‌ലിം ഗോത്രവംശമായിരുന്നു റാവുത്തർമാർ. ഒരു മുസ്‌ലിം സിദ്ധനായിരുന്ന സയ്യിദ് നാത്തർ (നാദിർ) ശാ ആയിരുന്നു റാവുത്തർമാരെ മതപരിവർത്തനം ചെയ്യിച്ച സൂഫിവര്യൻ. പേർഷ്യക്കാരനായ അദ്ദേഹത്തിന്റെ കബർ തൃശ്ശിനാപ്പള്ളിയിൽ ഒരു മുസ്‌ലിം പുണ്യസ്ഥലമായി ഇപ്പോഴും സ്തിതിചയ്യുന്നു. തമിഴ്നാട്ടിൽ മത പ്രബോധനം നടത്തിയ മറ്റൊരു മുസ്‌ലിം സൂഫിവര്യനായിരുന്നു ശാ അബ്ദുൽ ഹമീദ് (1532-1600). വടക്കേ ഇന്ത്യയിലെ മണിക്പൂരിൽ ജനിച്ച ആ മഹാൻ തഞ്ചാവൂരിനടുത്ത് നാഗൂറിൽ അന്ത്യവിശ്രമം കൊള്ളുന്നു. പരുത്തി കടയുകയും പരുക്കൻ തുണി നെയ്യുകയും ചെയ്യുന്നത് തൊഴിലാക്കിയ തൂരക്കുല മുസ്‌ലിംകൾ തങ്ങളുടെ മത പരിവർത്തനത്തിന് കാരണക്കാരനായി പറയുന്നത് ബാബാ ഫക്രുദ്ദീനെയാണ്. ഐതിഹ്യമനുസരിച്ച് ബാബാ ഫക്രുദ്ദീൻ സീസ്താനിലെ രാജാവായിരുന്നു. ഭരണം സഹോദരനെ ഏൽപിച്ച് കരിമ്പടം പുതച്ച് സിംഹാസനം വിട്ടിറങ്ങി വന്ന ബാബാ ഫക്രുദ്ദീനോട് ഇന്ത്യയിലേക്ക് പോകാൻ പ്രവാചകൻ സ്വപ്നത്തിൽ കൽപ്പിക്കുകയുണ്ടായി. തൃശ്ശിനാപ്പള്ളിയിൽ നാത്തർശായുടെ ശിഷ്യത്വം സ്വീകരിച്ച ഫക്രുദ്ദീൻ പണുകൊണ്ടമലയിൽ ഇസ്‌ലാംമത പ്രവർത്തനങ്ങൾ നടത്തി ജീവിച്ചു എന്നാണ് ഐതിഹ്യം. ഒരു ഹൈന്ദവ ക്ഷേത്രത്തിനടുത്തായിരുന്നു ഫക്രുദ്ദീൻ താമസിച്ചത്. ഇത് ഇഷ്ടപ്പെടാത്ത രാജാവ് ഫക്രുദ്ദീൻ ക്ഷേത്രത്തിലെ പുരോഹിതനേക്കാൾ ദിവ്യനാണോ എന്നറിയാൻ പുരോഹിതനേയും ഫക്രുദ്ദീനെയും നീറ്റുകക്ക നിറച്ച ചാക്കിൽ കെട്ടി കുളത്തിലെറിഞ്ഞു. പൂജാരി പിന്നെ പുറത്ത് വന്നില്ല. ബാബ നഗരത്തിന് പുറത്തുള്ള ഒരു കുന്നിൽ പ്രത്യക്ഷപ്പെട്ടുവെന്നും തന്റെ സത്യം തെളിയിച്ചുകൊടുത്ത ബാബ ഫ്രകുദ്ദീന് ക്ഷേത്രം പള്ളിയാക്കി രാജാവ് നൽകി എന്നുമാണ് അവിടുത്തെ മുസ്‌ലിംകൾ വിശ്വസിക്കുന്നത്. പീർ മഹാബീർ ഖംദായത്ത് ഡക്കാനിലെ അറബ് പ്രബോധകരിലൊരാളായിരുന്നു. എ. ഡി. 1304-ൽ എത്തിയ ഖംദായത്തിന്റെ ജീവിത വിശുദ്ധിയിൽ ഡക്കാനിലെ നിരവധി കർഷകർ ആകൃഷ്ടരാവുകയും ഇസ്‌ലാംമതം സ്വീകരിക്കുകയുമുണ്ടായി. അതുപോലെ 16-ാം നൂറ്റാണ്ടിൽ ബീജാപൂർ ഭരിച്ചിരുന്ന ഇബ്രാഹിം ആദിൽശാ രണ്ടാമന്റെ ഗുരുനാഥനായ ഹാശിംപീർ ഗുജറാത്തിയാണ് ജനങ്ങളുടെ ഹൃദയം കവർന്നെടുത്ത മറ്റൊരു സൂഫിവര്യൻ. നാസിക്കിൽ പ്രവർത്തിച്ച

കീർത്തികെട്ട സൂഫിവര്യനായിരുന്നു ഷാ മുഹമ്മദ് സാദിഖ് സർമസ്ത് ഹുസയ്നി. ഇദ്ദേഹത്തിന്റെ അനുയായിവൃന്ദം വളരെ വിപുലമായിരുന്നു. ബെൽഗാമിൽ പ്രവർത്തിച്ച രണ്ട് അറബ് മതാചാര്യന്മാർ സയ്യിദ് ഉമർ ഹൈദ്രൂസ് ബശീബൻ എന്നിവരാണ്. വിശ്വപ്രശസ്തനായ സൂഫി ഭരണാധികാരി ഖലീഫാ ഉമറുബ്നു അബ്ദിൽ അസീസിന്റെ സ്നേഹപൂർണ്ണമായ ക്ഷണമനുസരിച്ച് സിന്ധിലെ നിരവധി രാജാക്കന്മാർ മുസ്‌ലിംകളായി എന്ന് ചരിത്രം പറയുന്നു. ദരിദ്രരിൽ ദരിദ്രനായി ജീവിച്ച സൂഫിവര്യന്മാരും സിദ്ധന്മാരുമായ ആയിരക്കണക്കിന് മഹാത്മാക്കളുടെ പരിശുദ്ധജീവിതത്തിൽ ആകൃഷ്ടരായിക്കൊണ്ടാണ് വമ്പിച്ച ജനാവലി ഇസ്‌ലാംമതം വിശ്വസിക്കാൻ കാരണമായത്. അധികാരത്തിന്റെയോ നിർബന്ധത്തിന്റെയോ പ്രലോഭനങ്ങളുടെയോ ഒരു ലാഞ്ചനപോലും ഈ ജനസഞ്ചയത്തിന്റെ വിശ്വാസമാറ്റത്തിൽ ദർശിക്കാൻ സാധ്യമല്ല.

ഇന്ത്യയിലെ സൂഫികളുടെ രാജകുമാരനും സുപ്രസിദ്ധ മതപ്രബോധകനുമായിരുന്ന ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ (റ) ചരിത്രം നോക്കുക. ദരിദ്രരുടേയും അശരണരുടേയും അഭയകേന്ദ്രം-ഗരീബ് നവാസ്-എന്ന ബഹുമതി പേരിൽ അറിയപ്പെട്ടിരുന്ന ആ മഹാത്മാവിന്റെ ജീവിതം ലക്ഷക്കണക്കിന് മനുഷ്യാത്മാക്കൾക്ക് മാർഗ്ഗദർശകമായി പേർഷ്യയിലെ നിസാതാനിലായിരുന്നു മഹാനവർകൾ ജനിച്ചത്. ഇന്ത്യയിലെ ചിശ്തിയാ ത്വരീക്കത്തിന്റെ തുടക്കം കുറിച്ചത് ഈ പുണ്യാത്മാവായിരുന്നു. അനേകം നാടുകളിൽ ശിഷ്യസമേതം ചുറ്റിക്കറങ്ങിയ ഖാജാ സാഹിബ് അഫ്ഗാനിസ്താന്റെ തലസ്ഥാനമായ ഗസ്നിയിലെത്തി. ഗസ്നിയിൽ നിന്ന് പെശവാർ, കാബൂൾ നഗരങ്ങൾ സന്ദർശിച്ച് കൈബർ ചുരം കടന്ന് ഖാജാ സാഹിബും ശിഷ്യന്മാരും പഞ്ചാബിലെ ലാഹോറിലെത്തി. അവിടെ ഒരു പീറിന്റെ ദർഗയിൽ 40 ദിവസം താമസിച്ച ഖാജാ സാഹിബ് ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ആ സന്ദർഭത്തിൽ പടയോട്ടക്കാരനായ രാജാവ് മുഹമ്മദ് ഘോറിയേയും സൈന്യത്തെയും പഞ്ചാബിലെ സർഹിന്ദ് കോട്ടയിൽ നിന്ന് ആട്ടിയോടിക്കാൻ ഡൽഹിയും അജ്മീറും അടക്കി ഭരിച്ചിരുന്ന പൃഥ്വിരാജ് ഒരു സൈനിക മുന്നേറ്റം നടത്തുകയുണ്ടായി. എ.ഡി. 1209-ൽ പൃഥ്വിരാജിന്റെ രജപുത്ര സൈന്യത്തോട് മുഹമ്മദ് ഗോറി തോറ്റോടുകയായിരുന്നു. ഖാജാ മുഈനുദ്ദീൻ ചിശ്തി ഈയവസരത്തിലാണ് ഡൽഹിയിലേക്ക് യാത്ര തിരിച്ചത്. ഘോറിയുടെ പേടിച്ചോടിയ സൈന്യം ഖാജയെയും മുരീദുമാരെയും കണ്ടുമുട്ടി. ഉത്തരേന്ത്യയിലെ ഭീകരാവസ്ഥ വിവരിച്ച് അങ്ങോട്ട് പോകരുതെന്ന് പറഞ്ഞു. ഖാജാ തെല്ലും കൂസാതെ എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് ധീരമായ കാൽവെപ്പുകളോടെ ഡൽഹിയെ ലക്ഷ്യമാക്കി യാത്ര തുടർന്നു. ഖാജയെ ബന്ധനസ്ഥനാക്കാൻ നോക്കിയ പൃഥ്വിരാജിന്റെ സൈന്യങ്ങൾ ഖാജാ ചിശ്തിയുടെ അഭൗമികമായ ആത്മീയതേജസ്സിൽ ആകൃഷ്ടരാവുകയാണുണ്ടായത്. തേജസ്സാർന്ന ഹദ്റത്ത് സാഹിബിന്റെ മുഖം ദർശിച്ച മാത്രയിൽ ഡൽഹിയിലെ നൂറുകണക്കിന് കുടുംബങ്ങൾ അദ്ദേഹത്തിന്റെ അനുയായികളായി മാറി. പിന്നീട് അജ്മീറിലെത്തിയ ഖാജാ സാഹിബ് പൃഥ്വിരാജിന്റെ ഒട്ടകങ്ങൾ മേയുന്ന കുന്നിൻമുകളിലായിരുന്നു താവളം കണ്ടെത്തിയത്. അദ്ദേഹത്തിന്റെ ആത്മീയപ്രഭാവത്തിൽ ആകൃഷ്ടരായി അനേകം ആളുകൾ ഇസ്‌ലാംമതം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചുവരികയും ചെയ്തു. ഇതുകണ്ട പൃഥ്വിരാജ് മുഈനുദ്ദീൻ ചിശ്തിയെ അവിടെനിന്ന് തുരത്തിയോടിക്കാൻ ജയപാൽ എന്ന മന്ത്രവാദിയെ നിയോഗിച്ചു. അത്ഭുതകരമെന്ന് പറയട്ടെ മന്ത്രവാദിയായ ജയപാലും ബ്രാഹ്മണപുരോഹിതന്മാരുടെ നേതാവായ രാംദേവും ഖാജയിൽ ആകൃഷ്ടരായി അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. പൃഥ്വിരാജിന്റെ വിദ്വേഷം ഇതുകണ്ട് ആളിക്കത്തുകയാണ് ഉണ്ടായത്.

ഖാജയുടെ ഈ അതിശയകരമായ ധീരതയും ആരുടെയും സഹായമില്ലാതെ അല്ലാഹുവിലുള്ള അചഞ്ചലവിശ്വാസവും ദൃഢനിശ്ചയവും കണ്ട മുഹമ്മദ് ഘോറി ധൈര്യം സംഭരിച്ച് വീണ്ടും താനേശ്വറിനടുത്തുവെച്ച് പൃഥ്വിരാജിനെ ആക്രമിച്ച് പരാജയപ്പെടുത്തിയാണ് ഇന്ത്യയിലേക്ക് പ്രവേശിച്ചത്. ചുരുക്കത്തിൽ, മുസ്‌ലിം രാജാക്കന്മാർ തോറ്റോടിയ ഭാരതഭൂമിയിലേക്ക് സൂഫികളാണ് ധൈര്യസമേതം കടന്നുവന്ന് ഭാരതീയരുടെ ഹൃദയം കവർന്നെടുത്തത്. രാജാക്കന്മാർ സ്വർണ്ണവും സമ്പത്തും ഭൂമിയും കയ്യടക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സൂഫികളാകട്ടെ മനുഷ്യഹൃദയങ്ങളും.

കാശ്മീരിനും മുൽത്താനും കാബൂളിനും ഇടയിലുള്ള ഉസയ്ഫാനിലെ രാജാവ് ഇസ്‌ലാംമതം സ്വീകരിച്ചത് സംബന്ധിച്ച് ഒരു കഥയുണ്ട്. രാജാവിന്റെ മകൻ രോഗഗ്രസ്തനായപ്പോൾ പൂജാരിമാരോട് അവിടെയുള്ള വിഗ്രഹത്തിനു മുന്നിൽ പ്രാർത്ഥിച്ച് രോഗശാന്തി കൈവരുത്തണമെന്ന് രാജാവ് കൽപ്പിച്ചു. വിഗ്രഹം പ്രാർത്ഥന സ്വീകരിച്ചതായി പൂജാരിമാർ അറിയിച്ചു. പക്ഷെ കുറച്ചുകഴിഞ്ഞപ്പോൾ രാജകുമാരൻ മരിച്ചു. ക്രുദ്ധനായ രാജാവ് പുരോഹിതന്മാരെ വധിക്കുകയാണുണ്ടായത്. തുടർന്ന് മുസ്‌ലിം വ്യാപാരികളിൽ നിന്ന് ഇസ്‌ലാംമത തത്വങ്ങൾ ഗ്രഹിച്ച രാജാവ് ദൈവത്തിന്റെ ഏകത്വത്തെ അംഗീകരിക്കുകയും ചെയ്തു.

1422-ൽ സിന്ധിൽ വന്നെത്തിയ യൂസുഫുദ്ദീൻ ഖാദിരിയ്യാ ത്വരീഖത്തിന്റെ മഹാനായ ആചാര്യൻ ശെയ്ഖ് മുഹ്‌യുദ്ദീൻ അബ്ദുൽഖാദിർ ജീലാനിയുടെ വംശപരമ്പരയിൽപ്പെട്ട ആളാണ്. ഒരു സ്വപ്നത്തിൽ ശെയ്ഖ് ജീലാനി (റ) അദ്ദേഹത്തോട് ഇന്ത്യയിലേക്ക് പോയി

ഇസ്ലാംമത പ്രചാരണം നടത്തുവാൻ ആവശ്യപ്പെടുകയും അതുപ്രകാരം അദ്ദേഹം ഇന്ത്യയിൽ വരികയുമാണുണ്ടായത്. വളരെയധികം അത്ഭുതങ്ങൾ കാണിച്ച സിദ്ധനായിരുന്നു യുസുഫുദ്ദീൻ എന്ന് പറയപ്പെടുന്നു. വിജയശ്രീലാളിതനായ ഒരു മതപ്രബോധകനായിരുന്നു അദ്ദേഹം.

കച്ചിലും ഗുജറാത്തിലും പ്രവർത്തിച്ച ഒരു പീർ ആയിരുന്നു പിറാനയിലെ ഇമാം ശാ. 15-ാം നൂറ്റാണ്ടിൽ പാവപ്പെട്ട കർഷകരിലായിരുന്നു ഈ സൂഫിവര്യൻ പ്രവർത്തിച്ചത്. ഹിന്ദു തീർത്ഥാടകരുടെ ഒരു സംഘം കാശിയിലേക്ക് തങ്ങളെ എത്തിക്കണമെന്ന് പീറിനോട് പറഞ്ഞു. അദ്ദേഹം സമ്മതിക്കുകയും ചെയ്തു. അവർക്ക് കാശിയിലെത്തി ഗംഗാസ്നാനം കഴിഞ്ഞതായി അനുഭവപ്പെട്ടു. പക്ഷേ, അവർ പിറാനയിൽത്തന്നെയായിരുന്നു നിലകൊണ്ടത്. ഗംഗാസ്നാനം അവർക്കനുഭവപ്പെട്ട ഒരു ആത്മീയദർശനമായിരുന്നു. അവർ പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. ഇമാം ശായുടെ ഖബർ ഇപ്പോഴും മുസ്ലിംകളുടെയും ഹിന്ദുക്കളുടെയും പുണ്യകേന്ദ്രമാണ്.

ബംഗാളിലെ ഇസ്ലാംമത പ്രചാരണമാണ് ഏറ്റവും ശീഘ്രഗതിയിൽ സംഭവിച്ചത്. അവിശ്വസനീയമായ വേഗത്തിലും ഉത്സാഹത്തോടെയുമാണ് അവിടെ ഇസ്ലാം പ്രചരിച്ചത്. സഹിഷ്ണുവും വിശാലഹൃദയനുമായ ഹിന്ദു രാജാവ് രാജാ കൻസിന്റെ ഭരണകാലമാണ് (14-ാം നൂറ്റാണ്ട്) അതിനു മുമ്പുണ്ടായിരുന്ന മുസ്ലിം ഭരണത്തേക്കാൾ ഇസ്ലാം മതം പ്രചരിക്കാൻ സഹായകമായത്. 1414-ൽ അദ്ദേഹത്തിന്റെ പുത്രൻ ജത്മാൻ ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി. സിംഹാസനം ഉപേക്ഷിക്കാൻ തയ്യാറായ ജത്മാനെ (പിന്നീട് ജലാലുദ്ദീൻ മുഹമ്മദ് ശാ) ബന്ധുക്കളും ഉദ്യോഗസ്ഥരും നിർബന്ധിച്ച് രാജസ്ഥാനത്തുതന്നെ നിൽക്കാൻ അഭ്യർത്ഥിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ബംഗാളിൽ ഇസ്ലാമിന് വളരെയേറെ പുരോഗതിയുണ്ടായി.

ഇന്ത്യയിൽ ഇസ്ലാമിന്നു സംഭാവനകൾ നൽകിയ മറ്റൊരു മഹാവ്യക്തിയാണ് ശെയ്ഖ് അഹ്മദ് സർഹിന്ദി അൽ ഫഥാനി (റ) (1564-1624). ഇമാം റബ്ബാനി എന്ന പേരിലറിയപ്പെടുന്ന ഈ യുഗപുരുഷനെ ഹിജ്റ രണ്ടാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ദൈവത്താൽ നിയോഗിതനായ പരിഷ്കർത്താവായി മുസ്ലിം ലോകം കണക്കാക്കുന്നു. ഖലീഫാ ഉമറിന്റെ വംശപരമ്പരയിൽപ്പെട്ട ഒരു കുടുംബത്തിൽ പഞ്ചാബിലെ സർഹിന്ദിൽപിറന്ന അഹ്മദ് നഖ്ശ്ബന്ദിയാ ത്വരീഖത്ത് സ്വീകരിക്കുകയാണുണ്ടായത്. ആത്മീയമായ ഉയരങ്ങൾ കീഴടക്കിയ സർഹിന്ദ് തസവ്വുഫിന്റെയും ത്വരീഖത്തിന്റെയും പേരിൽ ഇസ്ലാമിൽ കടന്നുകൂടിയ അനാശാസ്യങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ശക്തിയുക്തം എതിർക്കുകുകയും 'വഹ്ജത്തുൽ വുജൂദി'ന്റെ അനഭിലഷണീയമായ തത്വങ്ങളെ വിമർശിക്കുകയും ചെയ്തു. ആത്മീയ പുരോഗതിക്ക് ശരീഅത്ത് മാർഗ്ഗത്തിന്റെ പ്രാധാന്യമാണ് അദ്ദേഹം പ്രബോധിച്ചത്. മുഗൾ ചക്രവർത്തി അക്ബറുടെ കാലത്ത് ഇസ്ലാമിലെ സൈദ്ധാന്തികമായ അടിത്തറയിൽ ഉണ്ടായ ചില ശൈഥില്യങ്ങളെയും മതപരമായ കുതിപ്പുകളെയും അദ്ദേഹം ഏകാകിയായി പ്രതിരോധിക്കുകയുണ്ടായി. ജഹാംഗീർ ചക്രവർത്തിക്ക് തലകുനിച്ചു പ്രണാമമർപ്പിക്കാത്തതിന്റെ പേരിൽ ഗ്വാളിയോറിലെ ജയിലിലടയ്ക്കപ്പെട്ട സർഹിന്ദി ആയിരക്കണക്കിന് ജയിൽപ്പുള്ളികളെ സന്മാർഗ്ഗത്തിലേക്ക് നയിക്കുകയുണ്ടായി. ഇന്ത്യയിൽ ജീവിച്ച ഈ യുഗപ്രഭാവനായ ആത്മീയതേജസ്സി ഇസ്ലാം മത പ്രചാരണത്തിന് നൽകിയ സംഭാവന അതുല്യമാണ്.

ചുരുക്കത്തിൽ, രാജാക്കന്മാർ അവഗണിച്ച ഇസ്ലാമിനെ ഇന്ത്യയിൽ പ്രചരിപ്പിച്ചതും വളർത്തിയെടുത്തതും ഭക്തരും സൂഫികളുമായ ആയിരക്കണക്കിന് മുസ്ലിം ഭക്തന്മാരും നിസ്വരായ സൂഫിവര്യന്മാരുമായിരുന്നു. അവരുടെ നിഷ്കളങ്കവും പരമപവിത്രവുമായ ജീവിതമായിരുന്നു. ജനസഹസ്രങ്ങളെ ആകർഷിച്ച് ഇന്ത്യയിൽ ഇസ്ലാമിന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തത്. രാജാക്കന്മാരുടെ ഭരണകാലത്ത് ഇസ്ലാം ശോഷിക്കുകയാണ് ചെയ്തത്. ഇസ്ലാമിന്റെ അത്ഭുതകരമായ ഈ ചരിത്രനിയമം ഇസ്ലാമിന്റെ വിമർശകരും അനുകൂലികളും തിരിച്ചറിയേണ്ട പ്രതിഭാസമാണ്.

കടപ്പാട് :

Preaching of Islam: By Sir Thomas Arnold.

## ജനങ്ങളെ വെറുപ്പിക്കരുത്

അനസ് (റ) നിവേദനം: തിരുമേനി (സ) അരുളി: നിങ്ങൾ (മതനടപടികളിൽ മനുഷ്യർക്ക്) എളുപ്പമാക്കിക്കൊടുക്കുക. അവരെ ഞെരുക്കരുത്. അവരെ സന്തുഷ്ടരാക്കുക. അവരുടെ മനസ്സ് വെറുപ്പിക്കരുത്. (ബുഖാരി)

# തത്തയും വ്യാപാരിയും

പതിമൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ച സുപ്രസിദ്ധ സൂഫികവിയും ദാർശനികനുമായിരുന്നു ജലാലുദ്ദീൻ റൂമി. അദ്ദേഹത്തിന്റെ തത്ത്വജ്ഞാന നിർഭരവും കൊച്ചു കഥകളെ കൊണ്ട് സമ്പന്നവുമായ മസ്നവി എന്ന രചനാ സമാഹാരത്തിൽ നിന്നും എടുത്തതാണ് ഈ വിവർത്തനം. വിവ അഖിൽ അജ്മൽ, കോഴിക്കോട്

**ജലാലുദ്ദീൻ റൂമി**

ഒരിക്കൽ ഒരു വ്യാപാരിക്ക് അതിമനോഹരമായ ഒരു പച്ച തത്ത ഉണ്ടായിരുന്നു. ആ തത്ത നല്ല ഉദാമധുര ഗീതങ്ങൾ പൊഴിക്കുകയും വളരെ വാഗ്മിതത്ത്വത്തോടെ ഭാഷണം നടത്തുകയും ചെയ്തുവന്നു. തത്ത വ്യാപാരിയുടെ ചങ്ങാതി മാത്രമല്ല അയാളുടെ കടയുടെ കാവൽക്കാരനുമായിരുന്നു. ദിവസം മുഴുവനും ആ തത്ത കടക്ക് കാവലിരിക്കുകയും തന്റെ മനോഹരമായ ഭാഷണം മുഖേന കടയിൽ വരുന്നവരെ തത്ത ആകർഷിക്കുകയും തൽഫലമായി കച്ചവടക്കാരന് കച്ചവടത്തിൽ അഭിവൃദ്ധിയുമുണ്ടായി. ഒരു ദിവസം വ്യാപാരി തത്തയെ കാവലേൽപ്പിച്ച് ഭക്ഷണം കഴിക്കാൻ വീട്ടിൽ പോയ സമയത്ത് ഒരു പൂച്ച എലിയെ പിന്തുടർന്നു കടയുടെ അകത്ത് കയറിവന്നു. പാവം തത്ത പേടിച്ചു പോയി. സ്വയരക്ഷാർത്ഥം അത് പറക്കുകയും തട്ടിൽ വെച്ചിരുന്ന ബദാം എണ്ണകുപ്പിയിൽ ചെന്ന് തട്ടി ആ കുപ്പികൾ താഴെ വീണു പൊട്ടുകയും തറയും തത്തയും ബദാം എണ്ണയിൽ കുളിക്കുകയുമുണ്ടായി. അധികം വൈകാതെ തന്നെ വ്യാപാരി കടയിൽ തിരിച്ചെത്തി. അലങ്കോലപ്പെട്ടു കിടക്കുന്ന കടയുടെ അവസ്ഥകണ്ട് കോപിഷ്ഠനായി. തന്നിൽ നിന്നുണ്ടായ അമളിയെ കുറിച്ച് വിഷമിച്ച് ഒരു മൂലയിൽ ഇരിക്കുന്ന തത്തയുടെ തലയിൽ സർവ ശക്തിയും ഉപയോഗിച്ച് അയാൾ ആഞ്ഞടിച്ചു. തന്റെ പക്കൽ നിന്ന് അറിയാതെ വന്നുപോയ അബദ്ധത്തിന് മുൻപേ തന്നെ കുറ്റബോധത്താൽ വിഷമിച്ചിരിക്കുന്ന ആ പാവം പക്ഷിക്ക് ലജ്ജാ ഭാരം സഹിക്കാൻ സാധിച്ചില്ല. കൂടാതെ അടിയുടെ ആഘാതം കൂടി ആയപ്പോൾ പറയുകയും വേണ്ട. ആ പാവം തത്തയുടെ തലയിൽ ഉണ്ടായിരുന്ന തൂവലുകൾ എല്ലാം തന്നെ കൊഴിഞ്ഞു പോയി. ആ സംഭവത്തിന്ന് ശേഷം ആ തത്തയുടെ പാട്ടും മധുരഭാഷണവും പൂർണ്ണമായും നിലച്ചു. തന്റെ ആനന്ദ ഭരിതനാക്കികൊണ്ടിരുന്ന ഒരു സുഹൃത്തിനെ അടിച്ചത്കൊണ്ട് മാത്രമല്ല. മറിച്ച് ലാഭത്തിൽ മുന്നോട്ട് ഗമിച്ചിരുന്ന കച്ചവടം മന്ദീഭവിപ്പിക്കുന്ന രീതിയിൽ ആ പക്ഷിയെ ആഘാതമേൽപ്പിച്ചത് വലിയ അബദ്ധം ആയിരുന്നു എന്ന് ആ വ്യാപാരി തിരിച്ചറിഞ്ഞു. വ്യാപാരി സ്വയം വരുത്തിവെച്ച തന്റെ പ്രവർത്തിയെ കുറിച്ച് അന്താളിക്കുകയും പശ്ചാത്താപിക്കുകയും ചെയ്തു. എന്റെ കൈകൾ പൊട്ടിയിരുന്നുവെങ്കിൽ എന്ന് അയാൾ ആഗ്രഹിച്ചുപോയി. മാധുര്യ ശബ്ദമുള്ള എന്റെ തത്തയെ എനിക്ക് എങ്ങനെ അടിക്കാൻ കഴിഞ്ഞു? ഇത്ര കഠിനത എങ്ങനെ എനിക്കുണ്ടായി? എങ്ങനെ എനിക്ക് ഇത്ര പൈശാചികമായി പെരുമാറാൻ കഴിഞ്ഞു? എന്നെല്ലാം ലജ്ജാഭാരത്താൽ അയാൾ വിലപിച്ചു.

അങ്ങനെ പശ്ചാത്താപ വിവശനായ വ്യാപാരി വഴിയേപോവുന്ന പാവപ്പെട്ട ദർവേശുകൾക്ക് ദാനങ്ങൾ നൽകി. സൽക്കർമ്മങ്ങൾ ചെയ്താൽ വ്യാപാരിക്ക് പൊറുത്തു കിട്ടുമെന്നും അദ്ദേഹത്തിന്റെ തത്ത വീണ്ടും തന്റെ മാസ്മരികമായ ഗാനം ആലപിക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. അങ്ങനെ മൂന്ന് ദിനരാത്രങ്ങളിലെ തത്തയുടെ നിശ്ബദതക്ക് ശേഷം അവസാനം വ്യാപാരിയുടെ ഭാഗ്യമെന്ന് പറയട്ടെ തത്ത വീണ്ടും സംസാരിച്ചു തുടങ്ങി.

ആ സംഭവം ഇങ്ങനെ ആകുന്നു. ആ ദിവസം മൊട്ടതലയൻ (തലയിൽ മുടി ഇല്ലാത്ത) ആയ ഒരു ദർവേഷ് കടയിലേക്ക് വന്നു. അയാളെ കണ്ടതും ആ തത്ത സംസാരിച്ചു എന്നിട്ട് ചോദിച്ചു: നീയും എന്നെ പോലെ ബദാം എണ്ണയുടെ കുപ്പികൾ മറിച്ചിട്ടിരുന്നുവോ? ആ മൊട്ടതലയൻ ആയ ദർവേഷും തന്നെ പോലെ ബദാം എണ്ണ മറിച്ചത് കൊണ്ടാകാം അയാളുടെയും തല മൊട്ടയായത് എന്ന് നിഷ്ക്കളങ്കയായ ആ

തത്തയുടെ അനുമാനം കണ്ട് ആ സമയം കടയിൽ ഉണ്ടായിരുന്ന ആളുകൾ ആശ്ചര്യപെട്ട് തത്തയെ നോക്കി ചിരിക്കാൻ തുടങ്ങി. എല്ലാവർക്കും പ്രിയങ്കരിയായിരുന്ന ചെറിയ തത്തയെ നോക്കി അവിടെ സന്നിഹിതരായിരുന്ന ഒരാൾ അനുകമ്പയോടെ പറഞ്ഞു, ഒരിക്കലും ഒന്നിനെ മറ്റൊന്നിനോട് താരതമ്യം ചെയ്യരുത്.

റൂമി പറയുന്നു: ദൈവത്തിന്റെ മഹാത്മാക്കളുടെ പ്രവർത്തികൾ നിങ്ങളുടെതിന് സമാനമായി അളക്കരുത്. കാരണം ***ശേറും*** (സിംഹം) ***ശീറും*** (പാൽ) എഴുതുമ്പോൾ ഒരു പോലെയാണ്. അല്ലാഹുവിന്റെ അബ്ദാലുകൾ ആയിട്ടുള്ള ആളുകളെ കുറിച്ചുള്ള അവബോധം വളരെ ചുരുക്കം പേർക്ക് മാത്രമെ ഉള്ളു. ഈ ഒരു കാര്യത്തിൽ മുഴുവൻ ലോകവും വഴിപിഴച്ചുപോയിരിക്കയാണ്. പ്രവാചകന്മാരെപോലെയാണ് തങ്ങളുമെന്ന് അവർ കരുന്നു. മഹാത്മാക്കളും തങ്ങൾക്ക് സമന്മാരെന്നും അവർ കരുതുന്നു. ശ്രദ്ധിക്കുക: അവർ പറയുന്നു ഞങ്ങളും മനുഷ്യർ ആണ്, അവരും മനുഷ്യർ ആണ്. ഞങ്ങളും അവരും ഒരു പോലെ നിദ്രക്കും ഭക്ഷണത്തിനും ആശ്രിതരാണ്. അവർ രണ്ട് കൂട്ടരും തമ്മിൽ അനന്തമായ അന്തരമുണ്ടെന്ന് അവർ തങ്ങളുടെ അന്ധത നിമിത്തം തിരിച്ചറിയുന്നില്ല,

***സൻബുർ*** (ഷ്ഡപദങ്ങൾ) ന്റെ രണ്ട് ഇനങ്ങളും ഒരിടത്ത് നിന്നാണ് തിന്നുകയും കുടിക്കുകയും ചെയ്യുന്നത്. എന്നാൽ ഒന്നിൽ (കടന്നൽ) നിന്ന് കുത്തുന്ന മുള്ളും മറ്റേതിൽ (തേനീച്ച) നിന്നും തേനും പുറത്ത് വരുന്നു. മാനുകളുടെ രണ്ട് വർഗവും ഒരേ പുല്ലും വെള്ളവും തന്നെ ആണ് പാനം ചെയ്തത്. എന്നാൽ ഒന്നിൽ നിന്നു പുറത്ത് വരുന്നത് വിസർജ്ജനവും മറ്റെതിൽ നിന്നാകട്ടെ ശുദ്ധമായ കസ്തൂരിയും. രണ്ട് വൃക്ഷങ്ങൾ (മുളയും കരിമ്പും) ഒരെ ഉറവിടത്തിൽ നിന്നും സേചനം ചെയ്യപ്പെടുന്നു. എന്നാൽ ഒന്നിൽ ആകട്ടെ ശൂന്യതയും മറ്റെതിൽ ആകട്ടെ, മധുരവും. ഇതുപോലെയുള്ള നൂറായിരം സാദൃശ്യങ്ങളെ പറ്റി ചിന്തിച്ചു നോക്കുക. അറിഞ്ഞുകൊള്ളുക, രണ്ടും തമ്മിലുള്ള ദൂരം എഴുപത് വർഷ പ്രയാണത്തെക്കാൾ എറെ ആണ്. ഒരു കൂട്ടർ ഭക്ഷണം കഴിക്കുകയും മാലിന്യം പുറത്തു വരികയും ചെയ്യുന്നു. എന്നാൽ മറ്റൊരുകൂട്ടരാകട്ടെ (മഹാത്മാക്കൾ ) പരിപൂർണ്ണമായും ദൈവത്തിന്റെ വെളിച്ചമായി പരിണമിക്കുന്നു. രണ്ടും ഭക്ഷണം കഴിക്കുന്നു. എന്നാൽ ഒന്നിൽ നിന്നും അത്യാഗ്രഹവും അസൂയയും അല്ലാതെ മറ്റൊന്നും ബഹിർഗമിക്കുന്നില്ല. മറ്റേതിൽ നിന്നാകട്ടെ, ദൈവസ്നേഹം അല്ലാതെ മറ്റൊന്നും ജനിക്കുന്നില്ല. ഇതാകട്ടെ, നല്ല വളം ഉള്ള മണ്ണും, മറ്റേത് ചീത്തയും ലവണം കലർന്നതും. ഒന്ന് സുന്ദരമായ മാലാഖ മറ്റേത് പിശാചും വന്യജീവിയും.

രണ്ട് ലായിനികളും കാണാൻ ഒരു പോലെയാകാം, എന്നാൽ ഒന്ന് കയ്പ്പുള്ളതും മറ്റേത് മധുരമുള്ളതും. ഇരു ജലത്തിനും ഒരേ തെളിച്ചം ആണുള്ളത്. ആത്മീയമായി അഭിരുചിയുള്ള ആൾക്കല്ലാതെ ഇവ രണ്ടും തമ്മിലുള്ള അന്തരം മറ്റാർക്കറിയാം.? ഉപ്പുവെള്ളത്തിൽ നിന്നും മധുരജലത്തെ തിരിച്ചറിയുന്ന ആളെ കണ്ടെത്തുക.

ഒരു വിഡ്ഢി ധരിച്ചുവെച്ചിരിക്കുന്നത് ജാലവിദ്യയും പ്രവാചകന്മാരുടെ അത്ഭുത ദൃഷ്ടാന്തങ്ങളും ഒരുപോലെ കൺകെട്ടിൽ അധിഷ്ഠിതമാണെന്നാണ്. മൂസാ നബി (അ) ക്ക് എതിരെ നിന്ന ജാലവിദ്യക്കാരും അദ്ദേഹത്തിനെ തോൽപ്പിക്കാൻ വേണ്ടി മൂസ(അ) നബിയുടെ വടി ഉയർത്തിയത് പോലെ അവരും വടി ഉയർത്തിപിടിച്ചിരുന്നു. എന്നാൽ ആ രണ്ടു വടികൾക്കും തമ്മിൽ അനന്തമായ വ്യത്യാസം ഉണ്ടായിരുന്നു. ഒന്ന് വെറും കൺകെട്ടു ജാലവിദ്യ ആയിരുന്നുവെങ്കിൽ മറ്റേത് മഹത്തായ ദൃഷ്ടാന്തവും ദിവ്യാത്ഭുതവും. ഒന്നാമത്തെ പ്രവർത്തി ആകട്ടെ, അല്ലാഹുവിന്റെ ശാപത്തിന്ന് ഇരയാകുന്നു, എന്നാൽ മറ്റേത് അല്ലാഹുവിന്റെ കാരുണ്യത്തിനും. അല്ലാഹുവിന്റെ പ്രവാചകന്മാരും മഹാത്മാക്കളും തങ്ങളോട് തുല്യരാണെന്ന് കൽപിക്കുന്ന അവിശ്വാസികളുടെ പ്രകൃതം കുരങ്ങനെ പോലെയാകുന്നു. അവരുടെ ദുഷിച്ച പ്രകൃതം ഹൃദയത്തിൽ പുണ്ണും ചൊറിയും ഉള്ളതാണ്. മനുഷ്യന്റെ ആംഗ്യം ഒരോ നിമിഷവും കുരങ്ങൻ കണ്ട് കൊണ്ട് അനുകരിക്കുന്നു. കുരങ്ങൻ വിചാരിക്കുന്നത് ഞാൻ അവനെപോലെ ചെയ്തു എന്നാണ്. തർക്കിക്കുന്ന ആ കുരങ്ങന് എന്ത് അറിയാം രണ്ടും തമ്മിൽ ഉള്ള അന്തരം? അല്ലാഹുവിന്റെ മഹാത്മാക്കൾ അവന്റെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കുന്നു, എന്നാൽ കുരങ്ങന്റെ പ്രകൃതം ഉള്ളവർ തർക്കിക്കാൻ വേണ്ടിയല്ലാതെ പ്രവർത്തിക്കുന്നില്ല.

റൂമി പറയുന്നു – തർക്കിക്കുന്ന മുഖം ഉള്ളവരുടെ തലയിൽ മണ്ണ് വാരി ഇടുക! ഈ ലോകത്ത് കയ്പ്പ് രസമുള്ള കടലും മധുരമുള്ള കടലും വേർതിരിച്ചിട്ടുണ്ട്. രണ്ടും തമ്മിൽ ഒരു തടസം ഉണ്ട്, രണ്ടും തമ്മിൽ അന്യോന്യം കൂടി ചേരുന്നില്ല. എന്നാൽ രണ്ടും ഒരേ ഉറവിടത്തിൽ നിന്നും ഉത്ഭവിക്കുന്നു.

ഉരക്കല്ല് ഇല്ലാതെ വെറും സ്വയം നിർണ്ണയം മാത്രം കൊണ്ട് മാറ്റുരച്ച് യഥാർത്ഥ സ്വർണ്ണവും മായം കലർന്ന സ്വർണ്ണവും നിങ്ങൾക്ക് ഒരിക്കലും തിരിച്ചറിയാൻ സാധ്യമല്ല. ആരുടെ ആത്മാവിലാണോ അല്ലാഹു ആ ഉരക്കല്ല് ഇട്ടു കൊടുക്കുന്നത്, അയാൾ യാഥാർത്ഥ്യത്തെ സംശയത്തിൽ നിന്നും വേർതിരിച്ച് മനസ്സിലാക്കുന്നതാണ്. ഈ ലോകത്തെ കുറിച്ചുള്ള അവബോധം ഭൂമിയിലേക്കുള്ള കോണിപ്പടി ആകുന്നു, എന്നാൽ മതത്തെ കുറിചുള്ള അവബോധം സ്വർഗത്തിലേക്കുള്ള കോണിപ്പടി ആകുന്നു.

# ഇസ്‌ലാം മഹനീയ പാഠങ്ങളുടെ കലവറ

മനുഷ്യൻ വ്യക്തിപരവും സാമൂഹികവുമായി പാലിക്കേണ്ട അത്യുന്നതവും സാർവ്വത്രികവുമായ ധാർമിക മൂല്യങ്ങളുടെ കലവറയാണ് ഇസ്‌ലാം മതം.

**മഹ്മൂദ് കൽക്കുളം**

ലോകം ഇന്ന് അശാന്തമാണ്. സങ്കീർണ്ണമായ പ്രശ്നങ്ങളുടെയും കലിയടങ്ങാത്ത പക പോക്കലുകളുടേയും ഭീതിദത്തമായ വാർത്തകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. ലോക ജനത സമാധാനം തേടി അലയുകയാണ്. വാസ്തവത്തിൽ സ്വാസ്ഥ്യം നഷ്ടപ്പെട്ട ഹൃദയങ്ങളാണ് അശാന്തിയുടെ വിത്ത് ലോകത്ത് പാകുന്നത്. വ്യക്തിയിൽ നിന്നാണ് സമൂഹം രൂപം കൊള്ളുന്നത്. അതിനാൽ വ്യക്തിയുടെ സമാധാനം സമൂഹത്തിന്റെ കെട്ടുറപ്പിന്ന് അനുപേക്ഷണനീയമാണ്. വ്യക്തിനിഷ്ഠമോ സാമൂഹികമോ സാമുദായികമോ ദേശീയമോ അന്തർദേശീയമോ ആകട്ടെ നിഖില മേഖലകളിലും സമാധാനമാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്. അതിന്നുള്ള വഴികളും ഉപാധികളും ഇസ്‌ലാം നിർദ്ദേശിക്കുന്നു. സമാധാനത്തിന്റെ അഭിവാദനമാണ് ഇസ്‌ലാം ലോകസമക്ഷം സമർപ്പിച്ചിട്ടുള്ളത്. ഉൽകൃഷ്ടമായൊരു ഉപഹാരം.! കണ്ടുമുട്ടുമ്പോൾ അങ്ങേക്ക് സമാധാനമുണ്ടാവട്ടെ എന്ന പ്രാർത്ഥനയിലൂടെ പരസ്പരം അഭിവാദനമർപ്പിക്കുവാൻ മുസ്‌ലിംകൾ നിഷ്ക്കർശിക്കപ്പെട്ടിരിക്കുന്നു. തന്നിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ദ്രോഹമോ പ്രയാസങ്ങളോ താങ്കൾക്കു ഉണ്ടാവില്ല. മറിച്ച് താങ്കളുടെ സമാധാനമാണ് ഞാൻ കാംഷിക്കുന്നത് എന്ന സന്ദേശമാണ് ഇത്വഴി ഓരോ മുസ്‌ലിമും നൽകുന്നത്. ഇപ്രകാരം സമാധാനത്തിന്റെ അഭിവാദ്യം സമർപ്പിക്കുന്നത് വ്യാപകമാക്കുവാൻ നബി (സ) അരുളുകയുണ്ടായി. സമാധാനമെന്ന ശബ്ദം വാക്കുകളിലും പ്രവർത്തികളിലും സർവ്വോപരി തങ്ങളുടെ പ്രാർത്ഥനകളിലും ഉയർന്നു നിൽക്കുവാനാണ് അവിടുന്ന് ഉൽക്കടമായി ആഗ്രഹിച്ചിരുന്നത്.

കേവലം പ്രതിരോധത്തിന്ന് വേണ്ടി യുദ്ധം ഇസ്‌ലാമിലും അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമാധാന സംസ്ഥാപനം തന്നെയാണ് അതിന്റെ അന്തിമ ലക്ഷ്യം. തദ്വിഷയകമായി ഇസ്‌ലാം നൽകുന്ന പാഠങ്ങൾ ശ്രദ്ധേയങ്ങളാണ്.

***'ഫിത്ന ഇല്ലാതാവുകയും മതം സ്വീകരിക്കുന്നത് തികച്ചു അല്ലാഹുവിന്ന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. അങ്ങനെ അവർ വിരമിക്കുന്നതായാൽ അവർ പ്രവർത്തിക്കുന്നത് തീർച്ചയായും അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്.'(8:40) 'അവർ സമാധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായുക. അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്.'(8:62) 'മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള ആക്രമണത്തിൽ നിന്നും സ്വയം രക്ഷിക്കുന്നതിന്ന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മസ്ജിദുകളുമെല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നുണ്ട്.' (22:41)*** ചുരുക്കത്തിൽ അതിക്രമം കാട്ടാനോ അമർഷം തീർക്കാനോ പ്രദേശങ്ങൾ വെട്ടിപിടിക്കാനോ ഉള്ള യുദ്ധം ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല എന്ന കാര്യം സുവിദമാണ്.

## യുദ്ധമര്യാദകൾ ഇസ്‌ലാമിക പാഠങ്ങൾ

യുദ്ധമര്യാദകളെ പറ്റി, മാനുഷിക മൂല്യങ്ങൾ അതിജയിച്ചു നിൽക്കുന്ന ഒട്ടേറേ ഉൽകൃഷ്ട പാഠങ്ങളാണ് ഇസ്‌ലാം സമർപ്പിച്ചിട്ടുള്ളത്. ലോകത്ത് ഇന്നേവരെക്കും ആരും സമർപ്പിച്ചിട്ടില്ലാത്ത അത്യുദാത്തമായ മാർഗ്ഗദർശനങ്ങൾ ഇത് സംബന്ധമായി ഇസ്‌ലാം നൽകുന്നുണ്ട്. എന്നിട്ടും ഇതിന്റെ പേരിൽ ഇസ്‌ലാമിനെ പ്രതിസ്ഥാനത്ത് നിർത്താൻ പാഴ്വേല നടത്തുന്നവർ, പ്രതിയോഗികളുടെ മൃതശരീരം പോലും

വികൃതമാക്കി അരിശം തീർക്കുന്ന അത്യന്തം പ്രാകൃതമായ വർത്തമാനകാല സാഹചര്യങ്ങളെ സൗകര്യപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയാണ്. ഇക്കാലത്ത് തടവുകാരോടും പ്രതിയോഗികളോടും മാത്രമല്ല നിരപരാധികളായ സ്ത്രീകളോടും കുഞ്ഞുങ്ങളോടുമെല്ലാം വൻ ശക്തികൾ നിർദ്ദാക്ഷിണ്യം കാട്ടുന്ന ക്രൂരമായ ചെയ്തികൾക്ക് നേരെ ഇസ്‌ലാം മത വിമർശകർ മൗനം ദീക്ഷിക്കുകയാണ്. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ ഇവയോടൊപ്പം ചേർത്തു വായിക്കുന്ന നിഷ്പക്ഷ മനസ്സുകൾക്ക് ഇസ്‌ലാമിന്റെ മഹനീയത ബോദ്ധ്യമാവുമെന്നത് സംശയമില്ല. യുദ്ധവേളയിൽ കെടുതികൾ പരമാവധി കുറക്കാനും നിഷ്ഠൂരമായ എല്ലാരീതിമുറകളും ഉപേക്ഷിക്കുവാനും റസൂൽ തിരുമേനി (സ) നിഷ്ക്കർഷിച്ചു. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, വശം കെട്ടവർ, നിരപരാധികൾ, മുറിവേറ്റവർ, മതനേതാക്കൾ എന്നിവരെ വധിക്കുന്നത് അവിടുന്ന് വിലക്കുകയുണ്ടായി. വ്യാപകമയ നാശനഷ്ടങ്ങൾ വരുത്താതെ പ്രത്യാക്രമണത്തിന്റെ പരിധിക്കുള്ളിൽ ഒതുക്കി നിർത്താനും ആരാധനാലയങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പരിരക്ഷ നൽകാനും അവിടുന്ന് ഉപദേശിച്ചു. പൊതുജനങ്ങൾക്ക് വിഷമം സൃഷ്ടിക്കുന്ന സ്ഥലങ്ങളിൽ പോരാളികൾ താവള മടിക്കുന്നത് ഒഴിവാക്കാനും സന്ദേശവാഹകരെയും തന്ത്ര പ്രതിനിനിധികളേയും അത്യാദരപൂർവ്വം ഉപചരിക്കാനും അവിടുന്ന് നിർദ്ദേശിച്ചു. യുദ്ധങ്ങളിൽ പോലും ഏറ്റവും മാന്യമായ രീതികൾ അവലംബിക്കാനാണ് നബി (സ) തിരുമേനി പഠിപ്പിച്ചത്. സ്വന്തം സുഖങ്ങളെക്കാൾ തടവുകാരുടെ സുഖസൗകര്യങ്ങളിൽ ശ്രദ്ധചെലുത്താനം കസ്റ്റഡിയിൽ വെക്കുന്ന തടവുകാരന്ന് താൻ ഉണ്ണുന്നതും ഉടുക്കുന്നതും പോലെ ഊട്ടുകയും ഉടുപ്പിക്കുകയും ചെയ്യാനും ഒരു മുസ്‌ലിം ബാദ്ധ്യസ്ഥനാണെന്ന് നബി (സ) ഉണർത്തുകയുണ്ടായി. ഒരു യുദ്ധതടവുകാരനെ ഒരു മുസ്‌ലിം ദ്രോഹിച്ചാൽ ആ കുറ്റത്തിന്ന് പ്രായശ്ചിത്വമെന്നോണം ആ തടവുകാരനെ മോചന മൂല്യം നൽകി വിട്ടയക്കാനാണ് അവിടുന്ന് നിർദ്ദേശിച്ചത്. ഇസ്‌ലാമിന്റെ ഉൽകൃഷ്ടമായ പാഠങ്ങളാണ് മേൽ ഉദ്ദരിച്ചത്. .ചുരുക്കത്തിൽ യുദ്ധമര്യാദകളെ സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ട് വെച്ചിരിക്കുന്ന അദ്ധ്യാപനങ്ങളിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത് ഗത്യന്തരമില്ലാത്ത ഘട്ടങ്ങളിൽ മാത്രമാണ് യുദ്ധത്തിന്ന് അനുവാദമുള്ളത് എന്നാണ്.

## വിശ്വാസകാര്യത്തിൽ ബലാൽക്കാരമില്ല

വിശ്വാസം എന്ന് മൊഴിമാറ്റം ചെയ്യാൻ കഴിയുന്ന അറബി വാക്യം ഈമാൻ എന്നാകുന്നു. മനുഷ്യഹൃദയത്തിൽ ആഴത്തിൽ ഇഴുകി ചേർന്ന വിശ്വാസത്തെയാണ് ഈമാൻ എന്ന പദം ദ്യോദിപ്പിക്കുന്നത്. ഇത്തരം വിശ്വാസം അംഗീകരിച്ച വ്യക്തിക്കാണ് മുഅ്മിൻ എന്ന പദം വിശുദ്ധ ഖുർആനിൽ പ്രയുക്തമായിട്ടുണ്ട്. ഹൃദയവുമായി ബന്ധമില്ലാത്ത ഉപരിതല സ്പർശിയായ വിശ്വാസ പ്രഖ്യാപനം കപട ഹൃദയമുള്ളവരും നടത്തിയിരുന്നതായി വിശുദ്ധ ഖുർആൻ ഉദ്ദരിക്കുന്നുണ്ട്. ***'കപട വിശ്വാസികൾ നിന്റെയടുക്കൽ വരുമ്പോൾ നീ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്നവർ പറയും. നീ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് അല്ലാഹുവിന്നറിയാം. എന്നാൽ കപട വിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു.'(വി: ഖുർആൻ 63:2)*** വിശ്വാസം പ്രഖ്യാപനത്തിൽ മാത്രം പരിമിതപ്പെടുത്തിയ കപടന്മാർക്ക് കഠിനമായ ശിക്ഷയാണ് വിധിക്കപ്പെട്ടിട്ടുള്ളത്. കപട വിശ്വാസികൾ നരകത്തിന്റെ ഏറ്റവും അടിത്തട്ടിലായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ ഓർമ്മപ്പെടുത്തുന്നു. (4:146). ഈമാൻ എന്നത് ഹൃദയം കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലാണെന്നതിനാൽ അടിച്ചേൽപ്പിക്കുന്ന വിശ്വാസത്തിന്ന് മനുഷ്യന്റെ അസ്ഥിക്കും മാംസത്തിന്നുമപ്പുറം അവന്റെ ഹൃദയാന്തരങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ സാധിക്കുന്നതല്ല. ഇതാണ് ഇസ്‌ലാമിനെ സംബന്ധിച്ച് ഇസ്‌ലാമിക വീക്ഷണം. ഈ വീക്ഷാഗതിയുടെ അടിസ്ഥനത്തിലാണ് ***'മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല' (2:257)*** എന്ന് വിശുദ്ധ ഖുർആൻ തുറന്നു പ്രഖ്യാപിച്ചത്. ഇഷ്ടമുള്ളത് വിശ്വസിക്കാനും ഇഷ്ടമുള്ളത് നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാം മനുഷ്യന്ന് നൽകുന്നു. ബലപ്രയോഗത്തെ തുടർന്നുള്ള വിശ്വാസം കേവലം ബാഹ്യതലത്തിൽ ഒതുങ്ങിനിൽക്കുന്നതും കാണിക്കാൻ വേണ്ടിയുള്ള കൃത്രിമ വിശ്വാസമായിരിക്കുമെന്ന് നിസ്സന്ദേഹമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന പാഠമിതായിരിക്കേ ഖഡ്ഗത്തിന്റെ പിൻബലത്താലാണ് ഇസ്‌ലാം പ്രചരിപ്പിക്കപ്പെട്ടതെന്ന് ആര് പറഞ്ഞാലും അവർ സാമന്യബോധമില്ലാത്തവരാകുന്നു.

## മേന്മയുടെ മാനദണ്ഡം

ജാതിവർഗ്ഗദേശഭാഷകളെല്ലാം ബഹുവിധങ്ങളായ മാനവ സമൂഹത്തെ പരസ്പരം സൗഹാർദ്ദത്തിലും സഹവർത്തിത്വത്തിലും കോർത്തിണക്കുന്നതിനുതകുന്ന അടിസ്ഥാന പാഠങ്ങൾ സമർപ്പിച്ചിട്ടുള്ളതും കേവലം ഇസ്‌ലാമാകുന്നു. ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ മനുഷ്യരെല്ലാം തുല്യരാണെന്നും പണമോ കുലമഹിമയോ മറ്റിതര മാനദണ്ഡങ്ങളോ ഒന്നുമല്ല ദൈവ ഭക്തിയാണ് ഏതൊരാളുടെയും മേന്മയുടെ മാനദണ്ഡമെന്നും ഇസ്‌ലാം ഉദ്ഘോഷിക്കുന്നു. ***'മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയുന്നതിന്ന് വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ***

***നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു.'(43:14)*** നബി(സ) തിരുമേനി ഇപ്രകാരം അരുളി: ***'ജനങ്ങളെ, നിങ്ങളുടെയെല്ലാം രക്ഷിതാവ് ഏകനാകുന്നു. നിങ്ങളെല്ലാം ഒരു പിതാവിന്റെ സന്തതികളാകുന്നു. അതിനാൽ അറബിക്ക് അനറബിയൊക്കാളും യാതൊരു മേന്മയുമില്ല. വെളുത്തവന്ന് കറുത്തവന്റെ മേലും ഒരു മേന്മയുമില്ല. ദൈവഭക്തിയിലല്ലാതെ'(ബൈഹക്കി)*** ദൈവം സമസ്ത മനുഷ്യരുടേയും രക്ഷിതാവാണെന്നതിനാൽ മുഴുവൻ ജനവിഭാഗങ്ങളും അവന്റെ കാരുണ്യത്തിന്ന് പാത്രീഭൂതരായിട്ടുണ്ടെന്നും വിശുദ്ധ ഖുർആൻ വിളംബരപ്പെടുത്തുന്നു. ***'എല്ലാ സമുദായങ്ങളിലും നാം ദൈവദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ ദൈവത്തെ ആരാധിക്കുക ദുശ്ശക്തികളെ വർജ്ജിക്കുക (എന്നതായിരുന്നു അവരുടെ സന്ദേശം)'(16:37) 'ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടിലാത്ത ഒരു സമുദായവുമില്ല.'(35:26) 'എല്ലാ ഓരോ സമുദായത്തിലും മാർഗ്ഗദർശകർ വന്നുകഴിഞ്ഞിട്ടുണ്ട്.'***(13:8) ഇപ്രകാരം എല്ലാ മതത്തിന്റെയും മതഗുരുക്കളേയും ആദരിക്കുവാൻ ഒരു മുസ്ലിം ബാദ്ധ്യസ്ഥനാകുന്നു.

## അദ്ധ്യാപനങ്ങളിലെ പരിപൂർണ്ണത

യേശുവിൽ വിശ്വസിച്ചാൽ ഒരാൾക്ക് ക്രിസ്ത്യാനിയാകാം ശ്രീകൃഷ്ണനിലും ശ്രീരാമചന്ദ്രനിലും വിശ്വസിക്കുന്ന ഒരാൾക്ക് ഒരുപക്ഷേ ഹിന്ദുവാകാം. എന്നാൽ മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുന്ന ഒരു മുസ്ലിമിന്ന് തന്റെ വിശ്വാസം പൂർണ്ണമാകണമെങ്കിൽ യേശു, മോശ, ശ്രീബുദ്ധൻ ശ്രീകൃഷ്ണൻ തുടങ്ങിയ ദൈവപ്രേഷിതരായ മുഴുവൻ മഹാത്മാക്കളിലും വിശ്വസിക്കേണ്ടത് അനിവാര്യമാണ്. ***'നിങ്ങൾ (മുസ്ലിംകൾ) പറയുക: 'ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്രാഹിമിന്നും ഇസ്റായിലിന്നും ഇസ്ഹാക്കിന്നും യഅ്ഖൂബിന്നും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും മൂസ്സക്കും ഈസാക്കും നൽകപ്പെട്ടതിലും മറ്റു പ്രവാചകന്മാർക്ക് അവരുടെ നാഥനിൽ നിന്ന് നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ യാതൊരാളുടെ ഇടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിച്ചിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്ന് മാത്രം കീഴ്പ്പെടുന്നവരുമാകുന്നു' (2:137)***

മതങ്ങളുടെയെല്ലാം ഉത്ഭവം ദൈവത്തിൽ നിന്നാണെന്ന വസ്തുത ഇസ്ലാം അംഗീകരിക്കുന്നു. അതുകൊണ്ട് തന്നെ അവയിൽ നന്മകളുടെ മേന്മയും കാണാവുന്നതാണ്. എന്നാൽ കാലക്രമേണ കൈകടത്തലുകളും മാറ്റത്തിരുത്തലുകളും സംഭവിച്ചതിനാൽ ആ മതങ്ങളുടെ തനത് രൂപം നഷ്ടപ്പെടുകയായിരുന്നു. ഇസ്ലാമിന്ന് മുമ്പ് വന്ന ദൈവ പ്രേഷിതരുടെ ദൗത്യം സ്ഥലകാലവൃത്തങ്ങളിൽ പരിമിതപ്പെട്ടിരുന്നതിനാൽ അവർ നൽകിയിരുന്ന അദ്ധ്യാപനങ്ങളിലും ആചാരങ്ങളിലും ആ പരിമിതി ദർശിക്കാൻ കഴിയും എന്നാൽ ലോക ജനത പരസ്പരം സമ്പർക്കം പുലർത്താൻ പ്രാപ്തമാവുകയും മാനവ സമൂഹം വിശ്വതലത്തിൽ ഒന്നാക്കപ്പെടുന്നതിന്നുള്ള സാഹചര്യം വന്നെത്തുകയും ചെയ്തപ്പോൾ സാർവ്വ ലൗകികവും സാർവ്വ ജനീനവുമായ ഒരു തത്വസംഹിതയുടെ അനിവാര്യതയും ലോകത്ത് പ്രകടമായി. ഈ അനിവാര്യതയുടെ ദിവ്യമായ പുലർച്ചയാണ് ഇസ്ലാം മതം. ഇസ്ലാം മതം സർവ്വ മതങ്ങളുടെയും സാരാംശം സമഗ്രമായി ഉൾക്കൊള്ളുന്നു. അതിലെ

മതങ്ങളുടെയെല്ലാം ഉത്ഭവം ദൈവത്തിൽ നിന്നാണെന്ന വസ്തുത ഇസ്ലാം അംഗീകരിക്കുന്നു. അതുകൊണ്ട് തന്നെ അവയിൽ നന്മകളുടെ മേന്മയും കാണാവുന്നതാണ്. എന്നാൽ കാലക്രമേണ കൈകടത്തലുകളും മാറ്റത്തിരുത്തലുകളും സംഭവിച്ചതിനാൽ ആ മതങ്ങളുടെ തനത് രൂപം നഷ്ടപ്പെടുകയായിരുന്നു. ഇസ്ലാമിന്ന് മുമ്പ് വന്ന ദൈവ പ്രേഷിതരുടെ ദൗത്യം സ്ഥലകാലവൃത്തങ്ങളിൽ പരിമിതപ്പെട്ടിരുന്നതിനാൽ അവർ നൽകിയിരുന്ന അദ്ധ്യാപനങ്ങളിലും ആചാരങ്ങളിലും ആ പരിമിതി ദർശിക്കാൻ കഴിയും എന്നാൽ ലോക ജനത പരസ്പരം സമ്പർക്കം പുലർത്താൻ പ്രാപ്തമാവുകയും മാനവ സമൂഹം വിശ്വതലത്തിൽ ഒന്നാക്കപ്പെടുന്നതിന്നുള്ള സാഹചര്യം വന്നെത്തുകയും ചെയ്ത പ്പോൾ സാർവ്വ ലൗകികവും സാർവ്വ ജനീനവുമായ ഒരു തത്വസംഹിതയുടെ അനിവാര്യതയും ലോകത്ത് പ്രകടമായി. ഈ അനിവാര്യതയുടെ ദിവ്യമായ പുലർച്ചയാണ് ഇസ്ലാം മതം. ഇസ്ലാം മതം സർവ്വ മതങ്ങളുടെയും സാരാംശം സമഗ്രമായി ഉൾക്കൊള്ളുന്നു. അതിലെ അപര്യാപ്തതകൾ നികത്തുകയും ചെയ്യുന്നു.

അപര്യാപ്തതകൾ നികത്തുകയും ചെയ്യുന്നു. ***'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് പൂർത്തിയാക്കിത്തരികയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.' (5:4)***

**'**തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാം (സമ്പൂർണ്ണ സമർപ്പണം.) ആകുന്നു.**'**(3:20) ദൈവിക പരിരക്ഷയുള്ള മതവുമാണ് ഇസ്‌ലാം

## സാമുദായിക സഹവർത്തിത്വം

ഇതരമതങ്ങളുടെ വികാരങ്ങളെ മാനിക്കാൻ വിശാലമായ സമീപനം സ്വീകരിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിശ്വാസ വൈപരീത്യം സഹിഷ്ണുതയുയോടെ കാണുന്നതിന്നും അത് സാമുദായിക സഹവർത്തിത്വത്തിന്ന് തടസ്സമാകാതിരിക്കുവാനും ഉപദേശിച്ച നബി (സ) തിരുമേനി സ്വജീവിതത്തിലൂടെ ഇതിന്റെ നിസ്തുല മാതൃക കാണിച്ചുതരികയും ചെയ്തു. ഒരിക്കൽ ഒരു യഹൂദിയുടെ ജനാസ കൊണ്ടുവരുന്നത് കണ്ടപ്പോൾ ആദരം വെളിപ്പെടുത്തികൊണ്ട് അവിടുന്ന് എഴുന്നേറ്റു നിന്നു. മറ്റൊരിക്കൽ നബി (സ) തിരുമേനിക്കെതിരെ ഹദ്റത്ത് മൂസാ നബിയുടെ മഹത്വം വിവരിച്ചതിൽ നിന്നും പ്രകോപിതനായ ഒരു സഹാബി യഹൂദിയെ പ്രഹരിക്കുകയുണ്ടായി. ഈ വിവരമറിഞ്ഞ നബി (സ) തിരുമേനി അദ്ദേഹത്തെ ശാസിക്കുകയും പ്രവാചകന്മാരുടെ മഹത്വം പരസ്പരം താരതമ്യം ചെയ്ത് അഭിപ്രായം പുറപ്പെടുവിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തു. അഥവാ മറ്റുള്ളവരുടെ വികാരങ്ങൾക്ക് ക്ഷതമേൽപ്പിക്കപ്പെടും വിധം മൂസാക്ക് മേൽ തന്റെ മഹത്വം സ്ഥാപിക്കരുത് എന്ന് ശാസിക്കുകയും ചെയ്തു. വേറൊരു സന്ദർഭത്തിൽ നജറാനിൽ നിന്നും വന്ന ക്രിസ്തീയ സംഘത്തെ അവരുടെ ആരാധനാ സമയമായപ്പോൾ മസ്ജിദുനബവിയിൽ വെച്ച് ക്രൈസ്തവ രീതിയനുസരിച്ച് ആരാധന നടത്തുവാൻ അവിടുന്ന് അനുവാദം നൽകി. ഇസ്‌ലാമിന്നെതിരിൽ നബി (സ) സംവാദത്തിനെത്തിയവരായിരുന്ന ആ ക്രിസ്തീയ സംഘത്തിന്ന് സ്വന്തം ആരാധനാ സ്ഥലമനുവദിച്ച സംഭവം സ്മരീയമാണ്. മുമ്പ് താൻ ചെയ്തിരുന്ന ബിംബാരാധനയിൽ വിരക്തി പ്രകടിക്കാനെന്നോണം ഒരു സഹാബി തന്റെ വീട്ടിന്റെ പ്രവേശന കവാടത്തിന്റെ ചവിട്ടുപടിയിൽ പ്രസ്തുത ബിംബത്തെ വെച്ചിരുന്നു. ബിംബത്തെ ചവിട്ടികൊണ്ടാണ് അദ്ദേഹം അവന്റെ ഭവനത്തിൽ പ്രവേശിച്ചിരുന്നത്. ഇതറിഞ്ഞ റസൂൽ തിരുമേനി (സ) അങ്ങേയറ്റത്തെ നീരസം പ്രകടിപ്പിക്കുകയും ലോകത്ത് ബിംബാരാധകർ ഉള്ളേടത്തോളം കാലം ഇത്തരം പ്രവർത്തികൾ ചെയ്തു പോകരുതെന്നും ആ സഹാബിയെ ഗുണദോഷിക്കുകയും ചെയ്തു. ഏക ദൈവ വിശ്വാസത്തെ ശക്തമായി പ്രബോധിക്കുന്ന ഇസ്‌ലാം മതം തന്നെയാണ് മറ്റുള്ളവർ ആരാധിക്കുന്ന ആരാധ്യ വസ്തുക്കളെ അപവദികരുതെന്ന് ആജ്ഞാപിച്ചിട്ടുള്ളത്. എനിക്ക് എന്റെ മതം നിങ്ങൾക്ക് നിങ്ങളുടെ മതം എന്ന വിശാലമായ കാഴ്ചപ്പാട് അവതരിപ്പിച്ചതും. മറ്റുള്ളവരുടെ ആചാര സമ്പ്രദായങ്ങളെ അപഹസിക്കാത്ത വിധം ഏറ്റവും മാന്യമായ രീതിയിൽ അവരുമായി ആശയ സംവാദം നടത്തുവാനാണ് വിശുദ്ധ ഖുർആൻ നിർദേശിക്കുന്നത് ***'തത്വജ്ഞാനവും സദുദേശവും കൊണ്ട് നിങ്ങൾ നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവരെ പറ്റി അല്ലാഹു നന്നായി അറിയുന്നു.'(16:126)***

വിവിധ മതാനുയായികൾ അതാത് മതങ്ങളിലെ വൈശിഷ്ട്യങ്ങൾ മാത്രം പ്രതിപാദിക്കുന്ന ഒരു രീതി അവലംബിക്കുകയാണെങ്കിൽ ദിവ്യ പരിരക്ഷയുള്ള ജീവൽ മതത്തെ വിവേചിച്ചറിയാൻ നിഷ്പക്ഷ ഹൃദയർക്ക് പ്രയാസമുണ്ടാവില്ല. ഇക്കാര്യത്തിൽ സന്ദർഭൗചിത്യമനുസരിച്ചുള്ള എല്ലാ ഉത്തമ മാർഗ്ഗങ്ങളും സ്വീകരിക്കുക എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ചുരുക്കത്തിൽ സാമുദായിക സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന്നുതകുന്ന വിധം അത്യുദാരമായ മാർഗ്ഗദർശനങ്ങൾ ഇസ്‌ലാം നൽകുന്നു.

## ഇസ്‌ലാംമതം ജീവനുള്ള മതം

സൃഷ്ടിയെ സൃഷ്ടാവുമായി ബന്ധിപ്പിക്കുക എന്നതാണ് മതത്തിന്റെ അന്തസ്സാരം. മതംകൊണ്ട് മനുഷ്യൻ നിർണ്ണയിക്കുന്ന ആത്യന്തിക ലക്ഷ്യവും ഇത് തന്നെയാണ്. പാരത്രികോൽക്കർഷത്തെ കുറിച്ച് വിവിധ മതങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക മാർഗ്ഗദർശന പ്രകാരം സൂക്ഷ്മ ജീവിതം നയിക്കുന്നവർക്ക് ഐഹിക ജീവിതത്തിൽ വെച്ച് തന്നെ സംപ്രാപ്തമാകുന്ന സ്വർഗ്ഗീയാനുഗ്രഹങ്ങളെ കുറിച്ച് അത് വാഗ്ദാനം ചെയ്യുന്നു. ***'തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെടുന്നവന്ന് രണ്ട് ആരാമങ്ങളുണ്ട്.'(വി.ഖു: 55:47) 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്യുന്നവരാരോ അവരുടെയടുക്കൽ മലക്കുകളിറങ്ങും. (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട നിങ്ങൾ വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ നിങ്ങൾ സന്തുഷ്ടരാവുക. (എന്നവർക്ക് സുവിശേഷം നൽകുകയും ചെയ്യുന്നു.)'(41:31)*** ഇപ്രകാരം സ്വർഗ്ഗീയാനുഗ്രഹങ്ങൾ ലഭിച്ച ലക്ഷക്കണക്കിനാളുകൾ ഇസ്‌ലാമിൽ കഴിഞ്ഞു പോയിട്ടുണ്ട്. ഇസ്‌ലാം ജീവനുള്ള മതമാണെന്നതിലേക്കുള്ള അനിഷേധ്യമായ സാക്ഷ്യമാണിത്.

# അവിശ്വാസികളെ കൊല്ലാൻ ഖുർആൻ കൽപ്പിക്കുന്നുവോ?

വിശ്വാസ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ സൂക്തങ്ങൾ അടങ്ങിയ ഖുർആനിൽ അവിശ്വാസികളെ വകതിരിവില്ലാതെ കൊന്നൊടുക്കണമെന്ന സൂക്തമുണ്ട് എന്ന് പറഞ്ഞു കൊണ്ട് ഇസ്‌ലാം വിരോധികൾ വിമർശനമുന്നയിക്കുന്നു. ഈ വിമർശനം തികച്ചും അടിസ്ഥാന രഹിതമാണെന്ന് തൊട്ടടുത്ത വചനങ്ങൾ തന്നെ വ്യക്തമാക്കുന്നു.

ഇബ്നു അബ്ദുല്ല

***'അങ്ങനെ ആ നിരോധിക്കപ്പെട്ട മാസങ്ങൾ (അശ്ശഹറുൽ ഹുർമ) കഴിഞ്ഞാൽ ബഹുദൈവ വിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക. അവരെ പിടികൂടുകയും അവരെ തടഞ്ഞു നിർത്തുകയും എല്ലാ വിധ പതിതസ്ഥലങ്ങളിലും അവരെ നോക്കി തക്കം പാർത്തിരിക്കകയും ചെയ്യുക. ഇനി അവർ പശ്ചാതപിച്ചു മടങ്ങുകയും നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നതായാൽ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. തീർച്ചയായും അല്ലാഹു സർവ്വദാ പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു.' (വിശുദ്ധ ഖുർആൻ 9:5)***

വിശുദ്ധ ഖുർആനിലെ 'അത്തൗബ' (പശ്ചാത്താപം) എന്ന അദ്ധ്യായത്തിലെ 5-ാം വചനമാണ് മേൽ കൊടുത്തിരിക്കുന്നത്. ഈ ഖുർആൻ വചനമാണ് ഇസ്‌ലാമിനെ വിമർശിക്കാനും അപകീർത്തിപ്പെടുത്താനും എതിരാളികൾ ഉപയോഗിക്കുന്നത്. അവിശ്വാസികളെ കൊല്ലാൻ ഖുർആൻ മുസ്‌ലിംകൾക്ക് അനുമതി നൽകുന്നു എന്നാണ് വിമർശനം. ഈ ഖുർആൻ വചനം അതിന്റെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അതിന് പിന്നിലെ ചരിത്രവും പശ്ചാത്തലവും കരുതികൂട്ടി മറച്ചുവെച്ചു കൊണ്ടാണ് വിമർശകന്മാർ തങ്ങളുടെ വാദങ്ങൾ ഉന്നയിക്കുന്നത്.

മുഹമ്മദ് നബി(സ) മക്കയിൽ തന്റെ ദിവ്യദൗത്യ പ്രഖ്യാപനത്തിന്ന് ശേഷം ഏകദൈവ വിശ്വാസം പ്രബോധിക്കാനാരംഭിച്ചപ്പോൾ 13 വർഷക്കാലം അബ്രഹാമി(അ)നെ പോലെയും യേശു (അ)വിനെ പോലെയും കടുത്ത പീഢനങ്ങൾക്ക് അവിടുന്ന് വിധേയനായി. സ്വദേശത്ത് തന്റെ ജനതയാൽ പീഢിതനായി അരക്ഷിതാവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് സുരക്ഷിതമായ സ്ഥലത്തേക്ക് പലായനം ചെയ്ത് സമാധാനപൂർവ്വം തനിക്ക് വെളിപ്പെട്ട സത്യം പ്രബോധനം ചെയ്യാൻ മുഹമ്മദ് നബി(സ)തീരുമാനിച്ചു. അങ്ങിനെ അനുയായികൾ ആദ്യവും റസൂൽ തിരുമേനി(സ) അവസാനവുമായി മദീനയിലേക്ക് മുസ്‌ലിംകൾ പാലായനം ചെയ്യുകയും അവിടെ ശാന്തസുന്ദരവും അതുല്യവുമായ ഒരു ലോകക്രമം കെട്ടിപടുക്കുകയും ചെയ്തു. അത്യധികം ആഹ്ളാദത്തോടെയാണ് റസൂൽ തിരുമേനി(സ) യുടെ വരവ് മദീനാ നിവാസികൾ ആഘോഷിച്ചത്. തിരുമേനിയോടുള്ള അടങ്ങാത്ത അഭിനിവേശവും നിലക്കാത്ത സ്നേഹവും കാരണം യത്‌റിബ് നിവാസികൾ തങ്ങളുടെ നഗരത്തെ മദീനത്തുന്നബി(നബിയുടെ പട്ടണം) എന്ന് പേരുമാറ്റിയിടുകയായിരുന്നു. അന്ന് മുതലാണ് ആ നഗരം മദീന എന്നറിയപ്പെടാൻ തുടങ്ങിയത്. പക്ഷേ മദീനത്തേക്ക് മാറി താമസിച്ചിട്ടും മക്കത്തെ സത്യത്തിന്റെ വിരോധികൾ റസൂൽ തിരുമേനി(സ)ക്ക് അവിടെയും സ്വൈര ജീവിതം അനുവദിച്ചില്ല. മക്കക്കാർ മദീനയിൽ ചെന്ന് ഇടക്കിടെ മുസ്‌ലിംകളെ ആക്രമിക്കുകയും മുസ്‌ലിംകളുടെ കന്നുകാലികളെയും വസ്തുവകകളും കൊള്ളയടിച്ചു കൊണ്ടു പോകുകയും യുദ്ധ

ഭീഷണി മുഴക്കിയും ജീവിതം ദുസ്സഹമാക്കി. സഹനത്തിന്റെയും സഹിഷ്ണുയുടെയും അവസാന ത്തിൽ അവിടുന്ന് സ്വയം പ്രതിരോധിക്കാനായി യുദ്ധത്തിലേ ക്ക് വലിച്ചിഴക്കപ്പെടുകയാണുണ്ടായ ത്. അവസാനം തന്നെ ദ്രോഹിച്ചവർ ക്കെല്ലാം മാപ്പ് നൽകി വിജയശ്രീ ലാളിതനായി മക്കയിലേക്ക് സമാ ധാനപൂർവ്വം ജേതാവായി തിരിച്ചു വരികയുമുണ്ടായി. ആളുകൾ വിഷമിക്കുന്നത് കണ്ടാൽ അസ്വസ്ഥ നാകുകയും മറ്റുള്ളവർ ദുഖിക്കു മ്പോൾ കരയുകയും ചെയ്യുന്ന കാരുണ്യത്തിന്റെ മഹാസാഗരമായി രുന്നു റസൂൽ തിരുമേനി(സ) ഒരിക്കലും യുദ്ധം ആഗ്രഹിക്കുയോ സംഘർഷം ഇഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആശയ സംമ്പുഷ്ടവും സംവാദാ ത്മകവുമായ പുതിയ ദൗത്യം പ്ര ചരിപ്പിക്കാൻ ഏറ്റവും ആവശ്യമായി വേണ്ടിയിരുന്നത് സമാധാനമായി രുന്നു. അത് സ്ഥാപിക്കാനായിരു ന്നു അദ്ദേഹം സദാ ശ്രമിച്ചു കൊണ്ടിരുന്നത്.

ഒന്നാമതായി ഈ ഖുർആൻ വചനത്തിൽ പരാമർശിക്കുന്നത് അവിശ്വാസികളെ(Infidel) വധി ക്കുന്ന കാര്യമല്ല. മറിച്ച് കരാർ ലംഘിച്ചത് മൂലം യുദ്ധത്തിലേർപ്പെ ട്ട ഒരു പ്രത്യേക വിഭാഗം ബഹു ദൈവ വിശ്വാസികളെ (മുശ്‌രിക്കു കൾ) പറ്റിയാണെന്ന് നാം ഓർ ക്കണം. കുറേകൂടി വ്യക്തമായി പറഞ്ഞാൽ ബനൂ കുസാഅ:, ബനൂ മുദിലിജ്, ബനൂ ദംറ:, ബനൂ ബക്കർ, ബനൂ സുലൈമാൻ എന്നീ കരാർ ലംഘകരും അക്രമണകാരികളു മായ അഞ്ചു ഗോത്രങ്ങളെക്കുറിച്ചാ ണ്. മുസ്‌ലികളുമായുണ്ടാക്കിയ കരാർ ലംഘിച്ച് യുദ്ധത്തി ലേർപ്പെട്ട ഒരു വിഭാഗമായിരുന്നു അവർ. പ്രതിരോധ യുദ്ധത്തിന്റെ ഭാഗമായി യുദ്ധം പ്രഖ്യാപിക്കപ്പെട്ട അക്രമണ കാരികളോട് സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ചാണ് ഇവിടെ ഖുർആൻ പറയുന്നത്. അതും മുസ്‌ലിംകൾ കർശനമായി പാലിക്കാൻ ബാദ്ധ്യപെട്ട പവിത്ര മാസത്തിലെ സംയമനഘട്ടം കഴി ഞ്ഞതിന്ന് ശേഷം മാത്രമേ അതി ന്റെ നടപടികളിലേക്ക് പോകാവൂ എന്ന നിബന്ധനയോടെയാണ് ഖുർആന്റെ ഈ പ്ര ഖ്യാപനം. യുദ്ധമുഖത്ത് പ്രതിയോഗിയെ വധിക്കാമെന്നത് സാർവ്വത്രികമായി സ്വീകരിക്കപ്പെട്ട ഒരു തത്വവുമാണ്. തൗബ സൂറത്തി ലെ 5ാം വചത്തിന്ന് തൊട്ട് മുമ്പിലുള്ള വചനങ്ങൾ കൂടി ചേർത്ത് വായിക്കാം. *'ബഹു ദൈവവിശ്വാസികളിൽ പെട്ട ആരുമായാണോ നിങ്ങൾ ഉടമ്പടി ചെയ്തിട്ടുള്ളത്(അവർ ഉടമ്പടയി ലംഘിച്ച കാരണത്താൽ) മേലിൽ അവരോട് ഒരു ബാദ്ധ്യതയുമില്ലെന്ന് അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമ്മുള്ള ഒരു വിടുതൽ പ്രഖ്യാപനമാണിത്. അതിനാൽ നിങ്ങൾ നാട്ടിൽ നാലു മാസം സഞ്ചരിച്ചുകൊള്ളുക. നിങ്ങൾക്ക് അല്ലാഹുവിനെ പരാജ യപ്പെടുത്തുവാൻ സാധ്യമല്ലെന്നും അവിശ്വാസികളെ അല്ലാഹു അപമാനിതനാക്കുന്നതാണെന്നും നിങ്ങൾ അറിഞ്ഞു കൊള്ളുക. മഹത്തായ ഹജ്ജ് നാളിൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്ത് നിന്നുള്ള സകല ജനങ്ങൾക്കുമുള്ള ഒരു പ്രഖ്യാപന മാണിത്. തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും ബഹുദൈവവിശ്വാസികളിൽ നിന്നും (അവരുമായുള്ള ഉടമ്പടി ബാദ്ധ്യതകളിൽനിന്ന്) വിമുക്തരാ ണ്. എന്നാൽ നിങ്ങൾ പശ്ചാത്തപി ച്ചു മടങ്ങുന്ന പക്ഷം നിങ്ങൾക്ക് അത് ഗുണകരമായിരിക്കും. നിങ്ങ ൾ അത് ചെയ്യാതെ പിന്മാറുന്ന തായാൾ തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്താ നാവില്ലെന്നും അറിഞ്ഞുകൊള്ളു ക. അവിശ്വാസികൾക്ക് വേദനാ ജനകമായ ശിക്ഷയുണ്ടായിരിക്കു മെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുക. ബഹുദൈവ വിശ്വാസി കളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കു ക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേ ഹിക്കുന്നു.(9:1-4)'* പക്ഷേ വിമർശ കന്മാർ ആദ്യത്തെ വചനങ്ങൾ വിട്ടുകൊണ്ട് ഖുർആൻ അവിശ്വാ സികളെ കൊന്നൊടുക്കാനുള്ള ആഹ്വാനമാണ് നൽകുന്നതെന്ന് പ്രചരിപ്പിക്കുകയാണ് ചെയ്യാറ്. ഈ വചനത്തിൽ പറയുന്ന 'ആദരണീയ മാസങ്ങൾ' (അൽ അശ്ഹുറുൽ ഹുറും)എന്നത് ശവ്വാൽ, ദുൽഖയ്ദ്, ദുൽഹിജ്ജ, റജബ് എന്നീ നാലു മാസങ്ങളാണ്. ഇവിടെ ബഹു വചനമായും മറ്റു അഞ്ചു സ്ഥല ങ്ങളിൽ ഏകവചനത്തിലും 'ആദര ണീയ മാസം അഥവാ പരിശുദ്ധ മാസം' (അശ്ശഹറുൽ ഹറാം) എന്നും ഖുർആൻ പ്രതിപാദിക്കുന്നു. 'നിരോധിക്കപ്പെട്ട മാസങ്ങൾ' എന്നും ഇതിന്നർത്ഥമുണ്ട്. ഇതിൽ ആദ്യത്തെ മൂന്ന് മാസം ഹജ്ജിന്നു ള്ള തീർത്ഥാടന കാലവുമായി ബന്ധപ്പെട്ടതാണ്. റജബ് മാസം പൊതുവേ ഉംറ നിർവ്വഹിക്കാ നുമുള്ള മാസമാണ്. അതുകൊണ്ട് ഈ മാസങ്ങളിൽ യുദ്ധം നിരോധി ക്കപ്പെട്ടിരുന്നു. ഇസ്‌ലാം ആവിർഭ വിക്കുന്നതിന്ന് മുമ്പ് തന്നെ ഇബ്രാ ഹിം നബി(അ)യുടെ കാലത്തോ അതിന്ന് മുമ്പോ ആചരിച്ചുവരുന്ന സാർവ്വത്രികമായ ഒരു സമ്പ്രദാ യമാനിത്. അതിന്റെ പൗരാണിക തയിലേക്ക് താഴെ പറയുന്ന ഖുർആ ൻ വചനം വിരൽ ചൂണ്ടുന്നു. *'ആകാശവും ഭൂമിയും സൃഷ്ടിച്ച നാൾ മുതൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം ആദരണീയ മാസങ്ങളാ കുന്നു.' (9:36)* യുദ്ധപ്രിയരായ അറബികൾ ഈ പൗരാണിക ചട്ടം ചിലപ്പോൾ ലംഘിക്കാറുണ്ടായിരു

ന്നു. അതിന്ന് 'നസീഅ:' എന്നാണ് പറയുക. ഈ വചനത്തിന്ന് തുടർന്നുള്ള വചനത്തിൽ 9:37 ൽ അത് സംബന്ധിച്ച് പരാമർശമുണ്ട്. ഈ ലംഘനം(നസീഅ:) അവിശ്വാസം (കുഫ്ർ) ആണെന്നാന്ന് ഖുർആൻ പറയുന്നത്. അതായത് യാതൊരു കാരണവശാലും സമാധാനത്തിന്റെയും ആദരവിന്റെയും യുദ്ധനിരോധനത്തിന്റെയും ഈ നാലു മാസങ്ങളുടെ പവിത്രത ലംഘിക്കരുതെന്ന തത്വം വളരെ കർശനമായി പാലിക്കണമെന്നാണ് ഖുർആന്റെ നിർദ്ദേശം. യുദ്ധം നിർത്തിവെച്ച് വിശ്രമിക്കുന്ന അഥവാ ഇരിക്കുന്ന മാസമായതിനാലാണ് 'ദുൽഖഅ്ദ:' (ഇരുത്തത്തിന്റെ മാസം)എന്ന പേർ പോലും ഹജ്ജിന്ന് മുമ്പുള്ള മാസത്തിന്ന് വന്നത്. പൗരാണികമായ ഈ സമ്പ്രദായം അറബികൾ പൊതുവേ പാലിച്ചിരിന്നു.

മുസ്‌ലിംകൾ വളരെ പ്രതിബദ്ധതയോടെ പവിത്രത കാത്തുസൂക്ഷിക്കുന്ന യുദ്ധനിരോധന മാസങ്ങളിൽ മേൽപറഞ്ഞ ബഹുദൈവ വിശ്വാസികളായ അഞ്ച് ഗോത്രങ്ങൾ നിരന്തരം മുസ്‌ലിംകളെ അക്രമിക്കുകയും യുദ്ധം ചെയ്യുകയും മുസ്‌ലിംകളെ ബഹിഷ്ക്കരിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തുകൊണ്ടിരുന്നു. മക്കാവിജയത്തിന്ന് ശേഷവും പോലും അവർ മുസ്‌ലിംകളുമായി കരാർചെയ്യാൻ ഒരുക്കമല്ലായിരുന്നു. ഈ യുദ്ധനിരോധന മാസം കഴിഞ്ഞാൽ സമാധാന കരാർ ലംഘിച്ച ഗോത്രങ്ങൾക്കെതിരെ യുദ്ധം തുടരാമെന്നാണ് ഈ പ്രഖ്യാപനം പറയുന്നത്. അല്ലാതെ എല്ലാ ബഹുദൈവ വിശ്വാസികൾക്കും എതിരെയുള്ള യുദ്ധപ്രഖ്യാപനമോ അവരെ മുഴുവൻ കൊന്നൊടുക്കാനുള്ള ആഹ്വാനമോ അല്ല. മുസ്‌ലിംകളല്ലാത്ത എല്ലാവരേയും കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കാൻ ഖുർആൻ ആഹ്വാനം ചെയ്തു എന്ന ദുരുപധിഷ്ഠിതമായ ആരോപണമാണ് വിമർശകർ ഉന്നയിക്കുന്നത്. വിമർശകർ ഒഴിവാക്കുന്ന തൊട്ടുമുമ്പത്തെ വചനങ്ങളിൽ അക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.***'ബഹുദൈവ വിശ്വാസികളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും അശ്രയിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.'***(9:4) കരാർ പാലിച്ച ബഹുദൈവാരാധകരോട് നിശ്ചയമായും കരാർ പാലിക്കാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്. മാത്രമല്ല ദൈവത്തിന്റെ നിയമമോ പൗരാണികമായ കീഴ് വഴക്കങ്ങളോ നീതിതത്ത്വങ്ങളോ ദൈവിക നിയമങ്ങളോ പാലിക്കാതെ മുസ്‌ലിംകളെ നിരന്തരം ഉപദ്രവിക്കുകയും മുസ്‌ലിംകളെ നശിപ്പിക്കാൻ തക്കം പാർത്തിരിക്കുകയും വഞ്ചനയുടെ കരുക്കൾ എപ്പോഴും നീക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രസ്തുത ബഹുദൈവ വിശ്വാസികൾക്കെതിരെ പോലും യുദ്ധനിരോധന മാസങ്ങൾ കഴിഞ്ഞ് മാത്രമേ പ്രതികരിക്കാൻ പാടുള്ളൂ എന്ന ആജ്ഞകൂടി ഖുർആൻ ഇവിടെ നൽകുന്നു.

യുദ്ധം ചെയ്യാൻ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ബഹുദൈവ വിശ്വാസികളിൽ പെട്ട ഒരു വിഭാഗത്തിന്ന് മുന്നിലും ഈ നാല് മാസം യുദ്ധനിരോധനവും ആത്മസംയമനവും പാലിക്കണമെന്നും ആ സമയം കഴിഞ്ഞാൽ മാത്രമേ പ്രതിരോധവും പ്രത്യാക്രമണവും നടത്താവൂ എന്നാണ് ഈ വചനങ്ങളിലൂടെ ഖുർആൻ വ്യക്തമാക്കുന്നത്. വിമർശകന്മർ ***'ബഹുദൈവിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക.'*** എന്ന വചനം മാത്രം സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ദുഷ്പ്രചരണം നടത്തുകയാണ്. അമുസ്‌ലിംകൾ എല്ലാവരെയും അല്ലെങ്കിൽ ബഹുദൈവ വിശ്വസികളെയെല്ലാവരെയും വധിക്കാനുള്ള ആഹ്വാനമല്ല ഖുർആൻ നടത്തിയത് എന്നതിന് മറ്റൊരു പ്രകടമായ തെളിവ് തൊട്ട് പിറകെയുള്ള 6-ാം വചനത്തിലും കാണാം. ***'ബഹു ദൈവവിശ്വാസികളിൽപെട്ട ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അയാൾക്ക് അഭയം നൽകുക. കാരണം അയാൾ അല്ലാഹുവിന്റെ വചനങ്ങൾ ശ്രവിച്ചേക്കം. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചു കൊടുക്കുക. ഇത് അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളായത് കൊണ്ടാണ്.'(9:6)*** ഈ വചനം അഭയം തേടുന്ന ബഹുദൈവ വിശ്വാസികൾക്ക് അഭയം നൽകണമെന്നും. പിന്നീട് അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാൻ സാദ്ധ്യതയുണ്ടെന്നും ബഹു ദൈവവിശ്വസിയായിരിക്കെതന്നെ അഭയം തേടിയ ആ അഭയാർത്ഥിയെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചു കൊടുക്കണമെന്നും ഖുർആൻ നിർദേശിച്ചിക്കെ യാതൊരു വകതിരിവുമില്ലാതെ അവിശ്വാസികളെ വധിക്കണമെന്നാണ് ഖുർആൻ കൽപ്പനയെന്ന വാദം ഇസ്‌ലാം വിരോധികളുടെ വ്യാജാരോപണമെന്നല്ലാതെ മറ്റൊന്നുമല്ല. ചുരുക്കത്തിൽ ഒരോ അക്ഷരത്തിലും വചനത്തിലും സത്യവും നീതിയും ജ്വലിച്ചു നിൽക്കുന്ന പ്രകാശപൂർണ്ണമായ ഖുർആനെ വിദ്വേഷത്തിന്റെയും പകയുടെയും പ്രചോദനം കൊണ്ട് മാത്രം അയുക്തികവും വ്യാജവുമായ വിമർശനം നടത്തി തോൽപ്പിക്കാൻ സാദ്ധ്യമല്ല.



ഭാഗം - 35

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി
## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മീർ സാഹിബിന്റെ ചോദ്യങ്ങളും അലി സാഹിബിന്റെ മറുപടിയും

ഏതായാലും 1908 ലെ ജൽസ സാലാനയിലെ തങ്ങളുടെ പ്രസംഗങ്ങളും ചെയ്തികളും ഖിലാഫത്തിന്റെ തുണയാളികളും സഹായികളുമായ യഥാർഥ അഹ്മദികളിൽ സംശയം ജനിപ്പിച്ചിട്ടുണ്ടെന്നും തങ്ങൾ വേണ്ടവിധം പദ്ധതികൾ തയ്യാറാക്കിയില്ലെങ്കിൽ പരാജയം സംഭവിച്ചേക്കാമെന്നും മനസ്സിലാക്കി ഖിലാഫത്തിന്നെതിരിൽ അവർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തുടങ്ങി. അതിന്റെ ആദ്യപടിയെന്ന നിലയിൽ മൗലവി സദറുദ്ദീൻ സാഹിബ് പ്രാദേശിക തലത്തിൽ തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാനും ഖ്വാജാ കമാലുദ്ദീൻസാഹിബ് പുറത്തുള്ള ജമാഅത്തുകളിൽ പര്യടനം നടത്തി ഖിലാഫത്തിന്നെതിരിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ തനിക്കനുകൂലമാക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. സദർ അഞ്ചുമന്റെ മെമ്പറെന്ന നിലയിൽ ഖ്വാജാ സാഹിബിനെ പുറത്തുള്ള ജമാഅത്തിലുള്ളവർ ബഹുമാനിക്കുകയും ജനങ്ങൾ ആ ഒരു സ്വാധീന വലയത്തിൽ കുടുങ്ങിപ്പോവുകയും ചെയ്തിട്ടുണ്ടായിരുന്നു. ഖിലാഫത്തിന്നെതിരിലുള്ള ഇവരുടെ സംസാരങ്ങളും രഹസ്യമായ ബോധവൽക്കരണവും ജമാഅത്തിൽ ചെറുതല്ലാത്ത ആശയക്കുഴപ്പമാണു സൃഷ്ടിച്ചത്. അതിനാൽ ഇതു സംബന്ധമായി ഖലീഫത്തുൽ മസീഹിൽ നിന്നും ഒരു വിശദീകരണം ഉണ്ടാകണമെന്നു ജമാഅത്തിലുള്ളവർ ആഗ്രഹിച്ചു. ഈ ചർച്ചകൾക്കു ചൂടു പിടിച്ചപ്പോൾ ഹദ്റത്ത് ഉമ്മുൽമുഅ്മിനീന്റെ സഹോദരൻ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ) ഖിലാഫത്തും അഞ്ചുമനും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും ഖിലാഫത്തിനു മുന്നിൽ അഞ്ചുമന്റെ സ്ഥാനമെന്താണെന്നതിനെ കുറിച്ചും ഏതാനും ചോദ്യങ്ങൾ എഴുതി ഖലീഫത്തുൽ മസീഹിൽ നിന്നുള്ള വിശദീകരണത്തിനായി അപേക്ഷിച്ചു. ഹുദൂർ ആ ചോദ്യങ്ങൾ നേരെ മൗലവി മുഹമ്മദ് അലി സാഹിബിന്നയച്ചു കൊടുത്തു എന്നിട്ട് അതിനു മറുപടി എഴുതാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു.

ഖിലാഫത്തിനെ സംബന്ധിച്ചു മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടുകാരും സാധാരണ പറഞ്ഞു പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന അതേ ആശയം തന്നെ ആ ചോദ്യങ്ങൾക്കുള്ള മറുപടിയായി അദ്ദേഹം എഴുതി ഹുദൂറിനു നൽകി. അതായത് 'ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ന്റെ വസിയത്തിലൂടെ ഖലീഫ ഒരു വ്യക്തിയായിരിക്കണമെന്നു നിർബന്ധമില്ലെന്നാണു പ്രകടമാകുന്നത്. എന്നാൽ ഇപ്പോഴത്തെ ചില പ്രത്യേക സാഹചര്യത്തിൽ അങ്ങനേയും ആകാം. യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ചുമനെയാണു തന്റെ പിൻഗാമിയും ഖലീഫയുമായി നിശ്ചയിച്ചത്. അതിനാൽ ഖലീഫ ഒരു വ്യക്തിയായിരിക്കണമെന്ന് നിർബന്ധവുമില്ല' ഇതായിരുന്നു മൗലവി മുഹമ്മദ് അലി സാഹിബിന്റെ മറുപടിയിലെ ചുരുക്കം. ഹുദൂർ ഈ മറുപടി കണ്ട് ശരിക്കും ഞെട്ടി. അതോടെ ഖിലാഫത്തു വ്യവസ്ഥിതിയെ തന്നെ ജമാഅത്തിൽ നിന്നും പാടെ ഇല്ലാതാക്കുവാനാണു ഇക്കൂട്ടർ ശ്രമിക്കുന്നതെന്ന യാഥാർഥ്യം ഹുദൂറിനു വളരെ ബോദ്ധ്യമായി. അതിനാൽ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ) ഉന്നയിച്ച ആ ചോദ്യങ്ങളുടെ ധാരാളം പകർപ്പുകളുണ്ടാക്കി എല്ലാ ജമാഅത്തുകളിലും വിതരണം ചെയ്തു

കൊണ്ട് ജമാഅത്തിലുള്ളവരോട് അതിന്റെ മറുപടി തയ്യാറാക്കാനും ഹുദൂർ കൽപിച്ചു. ഈ ചോദ്യവുമായി ബന്ധപ്പെട്ടു ജമാഅത്തിലുള്ളവരുടെ പൊതുഅഭിപ്രായവും ഈ കാര്യങ്ങളെകുറിച്ചു അവർ എന്താണു മനസ്സില്ലാക്കുന്നതെന്നറിയാനും വേണ്ടിയാണു അങ്ങനെ ചെയ്തതു. മാത്രവുമല്ല 1909 ജനുവരി 31-ാം തിയ്യതി എല്ലാ ജമാഅത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾ ഖാദിയാനിൽ എത്തിച്ചേരണമെന്നും എല്ലാവരുമായി ഈകാര്യത്തിൽ ഒരു പൊതു ചർച്ച ഉണ്ടായിരിക്കുന്നതാണെന്നും ഹുദൂർ എല്ലാ ജമാഅത്തുകളേയും അറിയിക്കാൻ കൽപിക്കുകയുണ്ടായി.

## ജമാഅത്തിന്നെതിരിലെ ഫിത്നയും ഒരു സ്വപ്നവും

ആ സമയങ്ങളിൽ പ്രായം കൊണ്ട് ചെറുതായതിനാൽ പൊതുവിൽ മിയാ സാഹിബ്, അല്ലെങ്കിൽ ഹദ്റത്ത് സാഹിബ് സാദാ സാഹിബ്, അതുമല്ലെങ്കിൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് എന്നൊക്കെ വിളിപ്പെട്ടിരുന്ന, അറിയപ്പെട്ടിരുന്ന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) പറയുകയാണ് അന്നു ജമാഅത്തുകളിൽ വിതരണം ചെയ്യപ്പെട്ട ഹദ്റത്ത് മീർ ഇസ്ഹാഖ് സാഹിബ് ഉന്നയിച്ച ചോദ്യാവലിയുടെ ഒരു കോപ്പി മറുപടി നൽകാനായി എനിക്കും കിട്ടി. അതിനു ഏതാനും ദിവസങ്ങൾക്കു മുമ്പ് ഞാനൊരു സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നത്തിലൂടേയാണു ഒരു കൂട്ടം ആളുകൾ ജമാഅത്തിനകത്തു ഖിലാഫത്തിന്നെതിരിൽ ശക്തമായ രീതിയിൽ കുഴപ്പങ്ങളും കുത്സിതവൃത്തിയും നടത്തുന്നതായി എനിക്കു മനസ്സിലായത്. അതുവരെ ആ ഫിത്നയെ കുറിച്ചു എനിക്കു യാതൊരു ധാരണയുമില്ലായിരുന്നു.

ഹദ്റത്ത് സാഹിബ് സാദാ മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) വിവരിക്കുകയാണ്. സ്വപ്നത്തിൽ ഞാൻ ചെറിയൊരു കെട്ടിടം കണ്ടു. അതിനു രണ്ടു ഭാഗങ്ങളുണ്ട്. ഒരു ഭാഗം പൂർത്തിയായിട്ടുണ്ടെങ്കിലും മറ്റെ ഭാഗത്തെ പണി ഇനിയും ബാക്കിയുണ്ട്. ആ ഭാഗത്തെ മച്ചിന്റെ പണികൾക്കായി കഴുക്കോലുകൾ വച്ചിട്ടുണ്ടെങ്കിലും പലകയടിച്ചിട്ടില്ല. പക്ഷേ അതിനു മുകളിൽ കുറച്ചു ഉമിയുണ്ട്. (പഞ്ചാബിലും പൊതുവിൽ ഉത്തരേന്ത്യയിലും ആദ്യകാലങ്ങളിൽ വീടിന്റെ മച്ചിനു വേണ്ടി പലകയടിച്ചശേഷം ഉമിയോ ഗോതമ്പ് വൈക്കോൽ ചെറുതായി അരിഞ്ഞെടുത്ത പഞ്ചാബിയിൽ അത് തൂഡി എന്നു വിളിക്കപ്പെടുന്നു. ആ തൂഡിയും ചേർത്ത് കുഴച്ചുണ്ടാക്കിയ പശപശപ്പുള്ള ചെളി നന്നായി കട്ടിയിൽ പലകയ്ക്കു മുകളിൽ മെഴുകിയ ശേഷമാണു മച്ചിൽ മണ്ണ് നിറക്കുന്നത്. പിന്നീട് അതിൽ ചോർച്ചയൊന്നും ഉണ്ടാവുകയുമില്ല. ചൂടും കുറവായിരിക്കും. അതുമായി ബന്ധപ്പെട്ടതാണു മുസ്‌ലിഹ് മൗഊദിന്റെ സ്വപ്നം)

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് തുടർന്നു വിവരിക്കുകയാണ് അതിനടുത്ത് തന്നെ മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും എന്റെ അനുജൻ മിർസാ ബശീർ അഹ്മദ് സാഹിബും നിസാർ അഹ്മദ് എന്നുപേരുള്ളഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഒരു ബന്ധുവും നിൽപ്പുണ്ട്. ഇസ്ഹാഖ് സാഹിബിന്റെ കയ്യിൽ ഒരു തീപ്പെട്ടിയുണ്ട് അതിൽ നിന്നും അദ്ദേഹം തീപ്പെട്ടിക്കോലെടുത്ത് ഉമിക്കു തീ കൊളുത്താനുള്ള പുറപ്പാടിലാണ്. ഞാനദ്ദേഹത്തോടു പറഞ്ഞു. ഉമിക്ക് വേണമെങ്കിൽ തീ കൊളുത്താം. പക്ഷേ ഇപ്പോൾ അതിനു സമയമായിട്ടില്ല. മാത്രവുമല്ല, അങ്ങനെ ചെയ്യുന്നതു കൊണ്ട് കഴുക്കോലിനും തീപിടിച്ചേക്കാം. ഞാനിതു പറഞ്ഞപ്പോൾ അദ്ദേഹം അങ്ങനെ ചെയ്യുന്നതിൽ നിന്നും വിട്ടു നിന്നു. അതിനു ശേഷം ഞാൻ കെട്ടിടത്തിന്റെ മറ്റേ ഭാഗത്തേയ്ക്കു പോയി. അൽപം ദൂരം പോയതേയുള്ളു ഞാനെന്തോ ബഹളം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ മീർ ഇസ്ഹാഖ് സാഹിബ് തിരക്കിട്ട് ഉമിക്കു തീ കൊടുക്കാൻ വീണ്ടും ശ്രമിക്കുന്നതാണു കണ്ടത്. ഞാൻ തിരിച്ചു വന്നു തടഞ്ഞേക്കുമെന്നു കരുതി അദ്ദേഹം പെട്ടെന്നു പെട്ടെന്നു തീപ്പെട്ടിക്കോലുരസി തീ കൊളുത്താനുള്ള ശ്രമത്തിലാണ്. ആ തിരക്കു കാരണം തീ കെട്ടു പോകുന്നു. ഞാനതു കണ്ട് ഓടി വന്നു തടയാൻ ശ്രമിക്കുമ്പോഴേയ്ക്കും ഉമിക്കു തീപിടിച്ചു. ഞാൻ ചാടി വീണു തീ അണച്ചു. അപ്പോഴേയ്ക്കും ഏതാനും കഴുക്കോലിന്റെ തല ഭാഗത്തിനു തീ പിടിച്ചു കഴിഞ്ഞിരുന്നു.

മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് പറയുകയാണു ഞാൻ ഈ സ്വപ്നം എഴുതി ഖലീഫത്തുൽ മസീഹിനു മുന്നിൽ സമർപ്പിച്ചു. ഹുസൂർ അതു വായിച്ച ശേഷം ഈ സ്വപ്നം പൂർത്തിയായിരിക്കുകയാണെന്നും മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് ഏതാനും ചില ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്നും ചിലർ ഈ ഫിത്നയിൽ ഉൾപ്പെട്ടു പോകുമോയെന്ന ആശങ്കയുണ്ടെന്നും ഒരു കുറിപ്പെഴുതി എന്നെ അറിയിക്കുകയുണ്ടായി. തുടർന്നു മിയാ സാഹിബ് പറയുകയാണ് ചോദ്യാവലിയുടെ കോപ്പി കിട്ടിയപ്പോൾ അതിന്റെ മറുപടി തയ്യാറാക്കാനായുള്ള മാർഗദർശനത്തിനായി ഞാൻ വളരെ ശ്രദ്ധയോടെ അല്ലാഹുവിനോടു ദുആ ചെയ്തു കൊണ്ടിരുന്നു. ഖിലാഫത്തിന്റെ ആവശ്യകതയും അനിവാര്യതയും ഞാൻ നന്നായി മനസ്സിലാക്കുന്നവനാണെങ്കിലും അതിനെ കുറിച്ചു കൂടുതൽ ഗഹനമായി ആലോചിക്കാനും ചിന്തിക്കാനും തുടങ്ങി. ഹുസൂറിനു മറുപടി നൽകേണ്ട ദിവസം വന്നപ്പോൾ എന്റെ

മനസ്സിൽ വന്ന ഉത്തരമെഴുതി ഞാൻ ഹുസൂറിനു സമർപ്പിച്ചു. പക്ഷേ, ഞാൻ തികച്ചും അസ്വസ്ഥ നായിരുന്നു. എന്റെ മനസ്സ് വളരെ കലുഷിതമാണ്. ആ ദിനങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം എത്രമാത്രം കഠിന പരീക്ഷണം നിറഞ്ഞതായിരുന്നുവെന്നു അല്ലാഹുവിനു മാത്രമേ അറിയാൻ പാടുള്ളു. എനിക്കു അതികഠിന മായ ഹൃദയ വേദനയുണ്ടായിട്ടും അല്ലാഹുവിൽ നിന്നു യാതൊരു മാർഗനിർദേശവും എനിക്കു ലഭിച്ചി ല്ല.

## ലാഹോറിലും ഖാദിയാനിലും അനുകൂല പ്രതിഷേധ യോഗങ്ങൾ

ആയിടയ്ക്കു ഖ്വാജാ കമാലുദ്ദീ ൻ സാഹിബ് ലാഹോറിൽ തന്റെ വസതിയിൽ ജമാഅത്തിന്റെ ഒരു യോഗം വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിൽ അദ്ദേഹം ജമാഅത്തു നാശത്തിന്റെ വക്കിലാ ണുള്ളതെന്നു മുന്നറിയിപ്പു നൽകി ക്കൊണ്ട് മസീഹ് മൗഊദി (അ) ന്റെ യഥാർഥത്തിലുള്ള പിൻഗാമി അഞ്ചുമനാണെന്നും മസീഹ് മൗഊദി(അ)ന്റെ ഈ കൽപന നമ്മൾ അനുസരിച്ചില്ലെങ്കിൽ ജമാ അത്ത് അപകടാവസ്ഥയിലാവുക യും നശിക്കുമെന്നും ജനങ്ങളെ ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. ഖലീഫത്തുൽ മസീഹും ഈ യാഥാർഥ്യങ്ങൾ പൂർണമായും സമ്മതിക്കുന്നുണ്ടെന്നും അദ്ദേഹം നമ്മെ ജമാഅത്തിന്റെ ശരിയായ പാതയിൽ നയിക്കുമെന്ന ഉത്തമ വിശ്വാസത്തിലാണ് അദ്ദേഹത്തിന്റെ കയ്യിൽ നമ്മൾ ബൈഅത്തു ചെയ്തതെന്നും ഏതെങ്കിലും തരത്തിൽ അദ്ദേഹം തന്റെ സ്ഥാന മാനങ്ങളോർത്തു ഇതിൽ നിന്നും പിൻമാറാൻ വിസമ്മതിച്ചാൽ അദ്ദേഹത്തെ നാം ഈ സ്ഥാനത്തു നിന്നു നിഷ്കാസനം ചെയ്യുമെന്നും ഖ്വാജാ സാഹിബ് അവിടെ കൂടിയി രുന്നവർക്കു ഉറപ്പു നൽകുകയു ണ്ടായി.

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ശാസനയനുസ രിച്ചു താൻ അഞ്ചുമനെ മസീഹ് മൗഊദിന്റെ പിൻഗാമിയും പ്രതിനി ധിയുമായി അംഗീകരിക്കുന്നുവെ ന്നു എല്ലാവരോടും എഴുതി വാങ്ങി ക്കുകയും ഒപ്പിടുവിക്കുകയും ചെയ്തു. അതിൽ രണ്ടു പേർ, അഞ്ചുമൻ അഹ്മദിയാ ലാഹോറി ന്റെ സെകട്ടറി ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബ് ഖുറൈശി യും ബാബു ഗുലാം മുഹമ്മദ് സാഹിബും ഒപ്പിടാൻ വിസമ്മതിച്ചു. അവർ പറഞ്ഞു ഞങ്ങൾ ഒരാളുടെ കയ്യിൽ ബൈഅത്തു ചെയ്തിട്ടാണു ള്ളത്. ആ മഹാത്മാവ് ഞങ്ങളേ ക്കാൾ കൂടുതൽ അല്ലാഹുവിനെ ഭയപ്പെടുന്നയാളും അഗാധ പണ്ഡി തനുമാണു. മസീഹ് മൗഊദി (അ) നോടുള്ള ആദരവും അദ്ദേഹം എല്ലാവരേക്കാൾ കൂടുതൽ തന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വ്യക്തിയുമാണ്. അതിനാൽ അദ്ദേ ഹം എന്തു പറയുമോ ഞങ്ങളതനു സരിച്ചു മാത്രമേ പ്രവർത്തിക്കുക യുള്ളു.

ലാഹോറിൽ നടന്ന ഖിലാഫത്ത് വിരുദ്ധരുടെ യോഗത്തെ കുറിച്ച് ഖാദിയാനിൽ വിവരം ലഭിച്ചപ്പോൾ ഒട്ടും താമസിയാതെ അവിടെയുള്ള വരും യോഗം ചേർന്നു. അതിൽ ഖിലാഫത്തിന്റെ ആവശ്യകതയെ കുറിച്ചും മഹാത്മ്യത്തെ സംബന്ധി ച്ചും പ്രസംഗങ്ങൾ സംഘടിപ്പിക്കുക യും തങ്ങൾ ഖിലാഫത്തിന്റെ ആശ്രിതരാണെന്നും അതുമായി ഒട്ടി നിൽക്കുമെന്നും അവർ പ്രഖ്യാപി ക്കുകയും ഒരു പ്രമേയം പാസ്സാ ക്കുകയും ചെയ്തു. ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) യുടെ പ്രേരണയാൽ അദ്ദേഹത്തിന്റെ വസതിയിലാണു ഈ യോഗം സംഘടിപ്പിക്കപ്പെട്ടത്. അതിൽ പങ്കെടുത്ത നാൽപത്തി രണ്ടു പേരിൽ രണ്ടു പേർ പ്രതിഷേധിച്ചു. ലാഹോറിൽ നടന്ന യോഗത്തിലും രണ്ടുപേർ പ്രതി ഷേധിച്ചിട്ടുണ്ടായിരുന്നുവല്ലോ? വ്യത്യാസം ഇത്രമാത്രമേയുള്ളു ഖാദിയാനിൽ അഞ്ചുമനെ അനുകൂ ലിച്ചും ലാഹോറിൽ ഖിലാഫത്തിനെ അനുകൂലിച്ചുമാണു പ്രതിഷേധമു ണ്ടായത്.

ഇതു ജനാധിപത്യ കാലഘട്ടമാ ണെന്നും അതുകൊണ്ടാണു മസീ ഹ് മൗഊദ് (അ) അഞ്ചുമനെ തന്റെ പ്രതിനിധിയായി പ്രഖ്യാപിച്ചതെ ന്നും മസീഹ് മൗഊദി (അ)ന്റെ കാലശേഷവും ഒരു വ്യക്തിയുടെ ഖിലാഫത്തായിരുന്നു വേണ്ടിയിരു ന്നതെങ്കിൽ തീർച്ചയായും ഹുദൂർ മുൻകാല പ്രവാചകന്മാരെ പോലെ തന്നെ എന്റെ കാല ശേഷവും ജമാഅത്തിൽ ആ രീതിയിലുള്ള ഖിലാഫത്താണുണ്ടാവുക എന്നു പറയുമായിരുന്നു എന്നതാണു ഖിലാഫത്ത് വിരുദ്ധരുടെ വാദം. എന്നാൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അൽവസിയത്തിൽ അല്ലാഹു രണ്ടു ശക്തിപ്രഭാവ മാണു കാണിക്കുന്നതെന്നും അതി ലൊന്നു പ്രവാചകർ മുഖേനയും രണ്ടാമത്തേത് അവരുടെ മരണ ശേഷവുമാണെന്നു വളരെ വ്യക്ത മായി ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ)ന്റെ ഉദാഹരണം വിശദീകരിച്ചു കൊണ്ട് നൽകിയത് ഇക്കൂട്ടർ എപ്പോഴും മറന്നു പോവു കയോ മന:പൂർവം മറക്കുകയോ ആണു ചെയ്യുന്നത്. മാത്രവുമല്ല ഹുസൂർ ഇതു സംബന്ധിച്ചു നൽകിയ സൂചനകളെ കുറിച്ചും ഒരിക്കലും സ്പർശിക്കാറുമില്ല. ഇവർ ഒരു ഭാഗം മാത്രം നോക്കി പക്ഷപാതപരമായ തെളിവുകളാ ണു എന്നും നിരത്താറുള്ളത്.

## ഉൽകണ്ഠാകുലവും ഉദ്വേഗജനകവുമായ രാത്രി

ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദേശമനുസരിച്ചു അഭിപ്രായ ഭിന്നതയ്ക്കു തീരുമാനം കൽപിക്കേണ്ട ദിനമാണ് 1909 ജനുവരി 31. തലേ ദിവസം 30-ാം തിയ്യതി തന്നെ ജമാഅത്തു പ്രതിനി ധികൾ കേന്ദ്രത്തിൽ എത്തിക്കഴി ഞ്ഞിരുന്നു. പിറ്റേ ദിവസം എന്തു തീരുമാനമാണു അമീറുൽ മുഅ്മി

നീനിൽ നിന്നു ഉണ്ടാവാൻ പോകുന്നതെന്ന കാര്യത്തിൽ എല്ലാവരും ഉൽകണ്ഠാകുലരായിരുന്നു. ജമാഅത്തിലെ മുഖ്‌ലിസീങ്ങളായ ഇവർ 30ന്റേയും 31ന്റേയും മദ്ധ്യേയുള്ള രാത്രി അങ്ങേയറ്റത്തെ ഹൃദയ വേദനയോടെ അല്ലാഹുവിനോടു ഏങ്ങലടിച്ചു ദുആ ചെയ്തു കൊണ്ടാണു കഴിച്ചു കൂട്ടിയത്. ജമാഅത്തു പ്രതിനിധികളിൽ മിക്കവരും നേരത്തെ തന്നെ തഹജ്ജുദിനായി മസ്ജിദ് മുബാറക്കിൽ എത്തിയിട്ടുണ്ട്. പ്രാദേശിക ജമാഅത്തംഗങ്ങളും കൂട്ടം കൂട്ടമായി പള്ളിയിലേയ്ക്കു വന്നു കൊണ്ടിരിരുന്നു. ഫജ്ർ നമസ്ക്കാരത്തിന്നായി ബാങ്ക് വിളിച്ചു. അൽപ സമയത്തിനു ശേഷം ഹുസൂർ എത്തി. അതോടെ പള്ളിയിൽ പരിപൂർണ നിശ്ശബ്ദത പരന്നു. ഹുസൂർ നമസ്ക്കാരത്തിൽ സൂറത്ത് ബൂറൂജിലെ ആയത്തുകളാണു പാരായണം ചെയ്തത്.

إِنَّ الَّذِينَ فَتَنُوا الْمُؤْمِنِينَ وَالْمُؤْمِنَاتِ ثُمَّ لَمْ يَتُوبُوا فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيقِ

(സത്യവിശ്വാസിളേയും സത്യവിശ്വാസിനികളേയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കു നരക ശിക്ഷയുണ്ടായിരിക്കും എരിച്ചു കളയുന്ന ശിക്ഷയാണ് അവർക്കുണ്ടാവുക. ഖുർആൻ 85:11) ഹുസൂറിന്റെ പാരായണം ഈ ആയത്തിലെത്തിയപ്പോൾ പുറകിൽ നമസ്ക്കരിക്കുന്നവരുടെ മാനസിക നില പറഞ്ഞറിയിക്കാനാവാത്ത വിധം ദയനീയമായി.

മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്) വിവരിക്കുകയാണ് ജനങ്ങളുടെ അപ്പോഴത്തെ അവസ്ഥ വിവരണാതീതമായിരുന്നു. അവരുടെ ഹൃദയം ദൈവ ഭയത്താൽ വിറകൊള്ളുന്നതു പോലെ തോന്നി. പലരും എത്ര തന്നെ ശ്രമിച്ചിട്ടും സംയമനം പാലിച്ചിട്ടും നിയന്ത്രിക്കാനാവാതെ വിങ്ങിപ്പൊട്ടികരഞ്ഞു. തന്റെ ഏക മകന്റെ വിയോഗത്തിൽ ഒരു മാതാവു പോലും ഇത്തരത്തിൽ അനിയന്ത്രിതമായി വിലപിച്ചിട്ടുണ്ടാവുമെന്നു തോന്നുന്നില്ല. അന്നു കരയാത്തവരായി ആരുമില്ല. ദു:ഖത്താൽ ഹുദൂറിന്റെ ശബ്ദം ഇടറുകയും പുറത്തു വരാതാവുകയും ചെയ്തു. പിന്നീട് ഹുസൂർ മുകളിൽ പറഞ്ഞ ആയത്തു ആവർത്തിച്ചു ചൊല്ലിയപ്പോൾ പുറകിലുള്ളവർ അറുത്തിട്ട മൃഗങ്ങളെ പോലെയായിത്തീർന്നു. ഞങ്ങൾ കണ്ട ദൈവിക ദൃഷ്ടാന്തമായിരുന്നു അത്. ഞങ്ങളനുഭവിച്ച ദൈവിക പിന്തുണയായിരുന്നു അത്. നമസ്ക്കാര ശേഷം ഹുസൂർ പെട്ടെന്നു തന്നെ വീട്ടിലേയ്ക്കു പോയി.

ലജ്ജാകരമെന്നു പറയട്ടെ, അന്നത്തെ ആ ഫജ്ർ നമസ്ക്കാരവും ഖിലാഫത്തിനെ ചൊല്ലി അതിലുയർന്ന ജനങ്ങളുടെ ആശങ്കകളും വികാരപ്രകടനങ്ങളും വിലാപവും രോദനങ്ങളും ഒന്നുംതന്നെ ഖിലാഫത്തു നിഷേധികളിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. നമസ്ക്കാര ശേഷം ഖ്വാജാ കമാലുദ്ദീൻ സാഹിബ് തന്റെ ആശ്രിതരിൽ ചിലരോടു പറഞ്ഞു,

إِنَّ الَّذِينَ فَتَنُوا الْمُؤْمِنِينَ وَالْمُؤْمِنَاتِ ثُمَّ لَمْ يَتُوبُوا فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيقِ

എന്ന ആയത്തു ആവർത്തിച്ചു ചൊല്ലിക്കൊണ്ട് മസീഹ് മൗഊദ് (അ) തന്റെ പിൻഗാമിയാക്കി പ്രഖ്യാപിച്ച അഞ്ചുമനു ഒരുവിലയും കൽപിക്കാതെ ഖിലാഫത്തു തന്നേയാണു എല്ലാം എന്ന മൗലവി സാഹിബിന്റെ (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ) വികാര പ്രകടനം കണ്ടില്ലേ? അദ്ദേഹം ജമാഅത്തിൽ വലിയൊരു ഫിത്ന യാണുണ്ടാക്കുന്നത്. അദ്ദേഹത്തിന്റെ ഈ ചെയ്തികൾക്കു തക്ക ശിക്ഷ ലഭിക്കുക തന്നെ ചെയ്യും.

പിന്നീട് യോഗം നടന്നു. ആ യോഗത്തിനു മുമ്പും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഒരു സ്വപ്നം കണ്ടിട്ടുണ്ടായിരുന്നു. മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുകയാണു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പ്രസംഗിക്കുന്നതായി ഞാൻ സ്പനത്തിൽ കണ്ടു. പക്ഷേ, മസ്ജിദ് മുബാറക്കിന്റെ ജനങ്ങളുടെ സംഭാവന കൊണ്ട് പുതുക്കി പണിത ഭാഗം ഒഴിവാക്കി പള്ളിയുടെ പഴയഭാഗത്താണു ഹുദൂർ നിൽക്കുന്നത്. ഹുദൂർ ഖിലാഫത്തിനെ കുറിച്ചാണു പ്രസംഗിക്കുന്നത്. ഞാൻ ഹുദൂറിന്റെ വലതു ഭാഗത്ത് ഇരുന്നിട്ടുണ്ട്. ഹുദൂറിന്റെ പ്രസംഗത്തിനു ശേഷം ഞാനും എഴുന്നേറ്റു നിന്നു പ്രസംഗിച്ചു. എന്റെ പ്രസംഗത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു. ഹുദൂറിന്റെ മേൽ പല തരത്തിലുള്ള ആരോപണങ്ങളുന്നയിച്ചുകൊണ്ട് ഹുദൂറിനെ മാനസികമായി വേദനിപ്പിച്ചിട്ടാണുള്ളത്. എന്നാൽ ഞങ്ങൾ ആത്മാർഥതയോടും സത്യഹൃദയത്തോടും കൂടിയാണു താങ്കളുടെ കയ്യിൽ ബൈഅത്തു ചെയ്തിരിക്കുന്നത്. പിന്നീട് സ്വപ്നത്തിൽ തന്നെ ഒരൻസാർ റസൂൽ തിരുമേനിയോട് (സ) പറഞ്ഞ സംഭവം യാ റസൂലല്ലാഹ് ഞങ്ങൾ അങ്ങയുടെ വലതും ഇടതും മുന്നിലും പിന്നിലും നിന്നു കൊണ്ട് യുദ്ധം ചെയ്യുമെന്നും ഞങ്ങളുടെ ശവശരീരങ്ങൾ ചവിട്ടി മെതിച്ചല്ലാതെ ഒരു ശത്രുവിനും അങ്ങയുടെ അടുക്കൽ എത്താൻ സാധിക്കുകയില്ലെന്നും പറഞ്ഞ സംഭവം ഓർമവരികയും ഞാനും അതുപോലെ, ഞങ്ങൾ അങ്ങയുടെ അങ്ങേയറ്റം വിശ്വസ്ത്തരായിരിക്കുമെന്നു പറയുകയും ചെയ്തു. ഈ സ്വപ്നവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ കേൾപിച്ചിരുന്നു. പക്ഷേ പിന്നീട് ഈ സ്വപ്നം കണ്ട കാര്യവും അത് ഹുദൂറിനെ കേൾപിച്ചതും മിയാ സാഹിബ് പാടെ മറന്നു പോയി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തുടർന്നു അരുൾ ചെയ്യുകയാണ് ഹുദൂർ പ്രസംഗത്തിനായി പള്ളി

യിൽ പ്രവേശിച്ചു. ആ സമയം ഞാൻ കണ്ട സ്വപ്നത്തെ കുറിച്ചുള്ള ചിന്ത എന്റെ മനസ്സിൽ നിന്നും ഹൃദയത്തിൽ നിന്നും തികച്ചും അപ്രത്യക്ഷമായിരുന്നു. അതിനാൽ ഞാൻ പള്ളിയുടെ ഇടതു ഭാഗത്തു ചെന്നിരുന്നു. എന്നെ ഇടതു ഭാഗത്തു ഇരിക്കുന്നത് കണ്ടപ്പോൾ ഹുദൂർ എന്നോടു വലതു ഭാഗത്തു ഇരിക്കാൻ കൽപിച്ചു. എന്നിട്ട് ഹുദൂർ എന്തിനാണു ഇങ്ങനെ ചെയ്യുവാൻ നിർദേശിച്ചതെന്നു എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു എനിക്കറിയില്ല. അപ്പോൾ ഹുദൂർ പറഞ്ഞു നീ തന്നെയല്ലേ സ്വപ്നത്തിൽ വലതു ഭാഗത്തു ഇരിക്കുന്നത് കണ്ടതായി പറഞ്ഞത്.

അവസാനം യോഗത്തിന്റെ സമയം വന്നെത്തി. ഹദ്റത്ത് മസീഹ്മൗഊദ് (അ) അഞ്ചുനേര നമസ്ക്കാരം അനുഷ്ടിച്ചിരുന്ന തന്റെ വീടിനോടു ചേർന്ന മസ്ജിദ് മുബാറക്കിന്റെ ഭാഗത്തിന്റെ മുകൾ തട്ടിൽ എല്ലാവരോടും ചെന്നിരിക്കാൻ പറഞ്ഞു. എല്ലാവരും മുകൾ ഭാഗത്തു ചെന്നിരുന്ന അവസരത്തിൽ ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് എന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു, മസീഹ് മൗഊദിന്റെ പിൻഗാമി അഞ്ചുമൻ തന്നെയാണെന്ന കാര്യം ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരോടും പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ ഇനി കുഴപ്പവും ഫിത്നയും ഒന്നും തന്നെ ഉണ്ടാവുകയില്ലെന്നും താങ്കൾ മൗലവി സാഹിബിന്റെ (ഖലീഫത്തുൽ മസീഹ്) അടുക്കൽ ചെന്നിട്ടു പറയൂ. പക്ഷേ, ഞാൻ ഒന്നും പറയാതെ അവിടെ തന്നെയിരുന്നു. അപ്പോൾ അദ്ദേഹം സ്വയം തന്നെ ഹുദൂറിന്റെ അടുക്കൽ ചെന്നിട്ട് പറഞ്ഞു മുബാറക് ഹൊ, അഞ്ചുമൻ തന്നേയാണു യഥാർഥ പിൻഗാമി എന്ന കാര്യം എല്ലാവരേയും പറഞ്ഞു ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇനി പ്രശ്നങ്ങളൊന്നും തന്നെ ഉണ്ടാവുകയില്ല. അതുകേട്ട് ഹുദൂർ ചോദിച്ചു നിങ്ങൾ ഏത് അഞ്ചുമന്റെ കാര്യമാണു പറയുന്നത്. നിങ്ങൾ ഉദ്ദേശിക്കുന്ന അഞ്ചുമനു നിയമപരമായി എന്തു സ്ഥാനമാണുള്ളത്. ഒരു സ്ഥാനവുമില്ല. അതു കേട്ടപ്പോൾ അദ്ദേഹത്തിനും സമാന ചിന്താഗതിക്കാരായ മറ്റുള്ളവർക്കും തങ്ങൾ ഉദ്ദേശിക്കുന്നതു പോലെ കാര്യം അത്ര എളുപ്പമല്ലായെന്നു മനസ്സിലായി.

എന്നിട്ടും അവർ അണിയറയിൽ പല തരത്തിലുള്ള ഗൂഡാലോചനകൾ നടത്തുകയും പൊതു അഭിപ്രായം തങ്ങൾക്കനുകൂലമാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. യോഗം ആരംഭിച്ചാൽ ഭൂരിഭാഗം ആളുകളുടേയും താൽപര്യവും പിന്തുണയും അഞ്ചുമന്റെ കൂടെയാണെന്നു മനസ്സിലായാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഈ കാര്യം വോട്ടിനിടുമെന്നും ഭൂരിപക്ഷം പേരും അഞ്ചുമനെ പിന്തുണച്ചു വോട്ടു ചെയ്യുമെന്നും, അങ്ങനെയെങ്കിൽ ഹുദൂറിനു അഞ്ചുമനെ പിൻഗാമിയാക്കാതെ ഗത്യന്തരമില്ലെന്നും അവർ വ്യാമോഹിച്ചു. ഇതിൽ നിന്നും

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ

(ഖുർആൻ 24:56) ഖലീഫമാരിലൂടെ അവൻ അവർക്കായി തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തുമെന്ന അല്ലാഹു മുഅ്മിനീങ്ങൾക്കു നൽകിയസുവിശേഷത്തിലേയ്ക്കു അവരുടെ ചിന്തകൾക്കു പറന്നെത്താൻ സാധിച്ചില്ല. ഏതൊരു ദീനിലാണോ ഖലീഫത്തുൽ മസീഹ് നില കൊള്ളുന്നത് അതുതന്നേയാണു യഥാർഥ ദീൻ. ആ ദീനിനെ തന്നേയാണു അല്ലാഹു പ്രബലപ്പെടുത്തുമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നത്.

## അഹ്മദിയാ ചരിത്രത്തിലെ നിർണായക യോഗം

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ആ യോഗത്തെ കുറിച്ചു വിവരിക്കുകയാണ്. ജനങ്ങളെല്ലാം മസ്ജിദ് മുബാറക്കിന്റെ മുകൾ തട്ടിൽ വന്നിരുന്ന ശേഷം ഹുദൂർ അവിടേയ്ക്കു വന്നു. ഏറെക്കുറെ ഇരുനൂറ്റിയമ്പത് പേരാണു സമ്മേളിച്ചിരിക്കുന്നത്. പക്ഷേ, അതിൽ വലിയ ഭാഗം ജമാഅത്തുകളുടെ പ്രതിനിധികളായിരുന്നതിനാൽ ആ രീതിയിൽ അതു പരിഗണിക്കുമ്പോൾ അവരുടെ എണ്ണം യഥാർഥത്തിൽ വളരെ വലുതായിരുന്നു. ബാഹ്യദൃക്കുകൾക്കു അത് തികച്ചും ഒരു സാധാരണ ഒത്തുചേരലായി തോന്നാമെങ്കിലും അതിൽ പങ്കെടുക്കുന്നവരുടെ ഹൃദയം ഈമാൻ കൊണ്ട് നിർഭരമായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവർ അടിയുറച്ചു വിശ്വസിച്ചിരുന്നു. അഹ്മദിയത്തിന്റെ ഭാവി വിജയവും പുരോഗതിയും അവരെടുക്കുന്ന തീരുമാനത്തിൽ അധിഷ്ടിതമാണ്. അതിനാൽ ജമാഅത്ത് ഏതു പാതയാണു സ്വീകരിക്കുക? ഭൗതിക സമുദായങ്ങളുടേയും സമൂഹങ്ങളുടേയും പാതയാണോ അതോ റസൂൽ കരീമി(സ)ന്റെ പാതയാണോ? എല്ലാവരും ഉൽകണ്ഠയോടെ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

ഹുദൂറിനായി പള്ളിയുടെ മദ്ധ്യഭാഗത്തു ഒരു സ്ഥലം ഒരുക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഹുദൂർ അവിടെ നിൽക്കാൻ വിസമ്മതിച്ചു. എന്നിട്ട് പള്ളിയുടെ മസീഹ് മൗഊദ് പണി കഴിപ്പിച്ച വടക്കുഭാഗത്തു ചെന്നു നിന്നു.*

കുറിപ്പ്**ആദ്യകാലത്ത് മസ്ജിദ് മുബാറക് വളരെ ചെറിയൊരു പള്ളിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വാദത്തിനും എത്രയോ മുമ്പ് തനിച്ചു ഇബാദത്ത് ചെയ്യാമെന്ന ഉദ്ദേശ്യത്തിൽ തന്റെ വീടിനോട് ചേർന്ന ഒരു ചെറിയ ഭാഗം ഇടവഴിയുടെ മുകളിൽ മച്ചുണ്ടാക്കിയാണു അതുനിർമിച്ചത്. ഏകദേശം അതിൽ മുപ്പത്പേർക്കു നമസ്കരിക്കാമായിരുന്നു. മസീഹ് വാദത്തിനു ശേഷം ജമാഅത്തിനു വലിയ പുരോഗതിയുണ്ടാവുകയും ധാരാളം പേർ മറ്റു സ്ഥലങ്ങളിൽ നിന്നും പലായനം ചെയ്ത് ഖാദിയാനിൽ വരികയും ചെയ്തപ്പോഴാണു ജമാഅത്തിലുള്ളവരുടെ സംഭാവനകൾ കൊണ്ട് പള്ളി വിശാലമാക്കിയത്.

എന്നിട്ട് ഹുദൂർ പ്രസംഗം ആരംഭിച്ചു. ഹുദൂർ പറഞ്ഞു: ഖിലാഫത്ത് ഒരു മതപരമായ വിഷയമാണ്. ഖിലാഫത്തില്ലാതെ ജമാഅത്തിനു പുരോഗതി പ്രാപിക്കാനാവുകയില്ല. ഒരാൾ മുർത്തദ്ദ് (മതത്യാഗി) ആവുകയാണെങ്കിൽ അയാൾക്കു പകരം നിനക്കു ഞാനൊരു ജമാഅത്തു നൽകുമെന്നു അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നു. അതിനാൽ ഈ കാര്യത്തിൽ എനിക്കൊരു ഉൽകണ്ഠയുമില്ല. ഞാൻ അത്തരം കുഴപ്പക്കാരെ ഗൗനിക്കുന്നുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവനെന്നെ സഹായിക്കുമെന്നു ഞാൻ ദൃഢമായും വിശ്വസിക്കുന്നു. പിന്നീട് ഖിലാഫത്ത് സംബന്ധിച്ച ചോദ്യത്തിനു ഖ്വാജാ സാഹിബും മൗലവി മുഹമ്മദ് അലി സാഹിബും നൽകിയ മറുപടി പരാമർശിച്ചുകൊണ്ട് പറഞ്ഞു, ഖലീഫയുടെ പണി നമസ്കരിപ്പിക്കുക, നിക്കാഹ് ഖുതുബ ഓതുക, മറ്റുള്ളവരിൽ നിന്നും ബൈഅത്തു വാങ്ങുക, മയ്യത്ത് നമസ്കരിപ്പിക്കുക മാത്രമാണെന്നു ചിലരെന്നോട് പറയുന്നു. ഇതവരുടെ അജ്ഞതയാണ്. അവർ ധിക്കാരവും ധാർഷ്ട്യവുമാണു കാണിച്ചിരിക്കുന്നത്. അവർ തൗബ ചെയ്തേ പറ്റു. അല്ലെങ്കിൽ നാശത്തിൽ ചെന്നു പതിക്കും. നിങ്ങൾ നിങ്ങളുടെ ചെയ്തികളാൽ എനിക്കു അങ്ങേയറ്റം മനോവേദന ഉണ്ടാക്കുകയും ഖിലാഫത്തിന്റെ മഹനീയ സ്ഥാനത്തെ അപമാനിക്കുകയും ചെയ്തിരിക്കുകയാണ്. ആ കാരണത്താൽ നിങ്ങളുടെയൊക്കെ സംഭാവന കൊണ്ട് നിർമിച്ച പള്ളിയുടെ ആ ഭാഗത്തു നിൽക്കാൻ പോലും ഞാൻ ഇഷ്ടപ്പെടാത്തതു കൊണ്ടാണു ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർമിച്ച ഭാഗത്തു ഞാൻ നിൽക്കുന്നത്.

ഹുദൂറിന്റെ പ്രസംഗം തുടരുന്നതനുസരിച്ച് ഏതാനും ചില കുഴപ്പക്കാരും ഫിത്നാ തലവന്മാരും ഒഴികെ ബാക്കിയുള്ളവർ കാര്യങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിരുന്നു. ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബിനെ ഖലീഫയുടെ സ്ഥാനത്തു നിന്നു നിഷ്കാസനം ചെയ്യാൻ ശട്ടം കെട്ടി വന്നവർ തങ്ങളുടെ തെറ്റുകൾ അംഗീകരിച്ചു. ഖിലാഫത്തിനോടു വിമുഖത പ്രകടിപ്പിച്ച പലരും ഖിലാഫത്തിന്റെ അനുകൂലികളായി മാറി. ഖിലാഫത്തിനെ അനുകൂലിച്ചു യോഗം നടത്തിയവരോടും ഹുദൂർ തന്റെ പ്രസംഗത്തിന്നിടയിൽ അനിഷ്ടവും അസ്ന്തുഷ്ടിയും പ്രകടിപ്പിച്ചു. എന്നിട്ടു പറഞ്ഞു നാം ഇത്തരത്തിലുള്ള ഒരു യോഗം വിളിച്ചു ചേർത്ത സ്ഥിതിക്കു മറ്റൊരു യോഗം നടത്താനുള്ള അധികാരം ആരാണു അവർക്കു നൽകിയത്. ഇതിനായി ഞാനവരെ ഭരമേൽപിച്ചിരുന്നോ? ഹുസൂർ തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ചിലരോടു ഈ കാര്യത്തിൽ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ ആവശ്യപ്പെട്ടു. ആർക്കും ഒരു ഭിന്നാഭിപ്രായവുമില്ലായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് തുടർന്നു പറയുകയാണു എന്നോടും എന്റെ സഹോദരി ഭർത്താവായ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനോടും ഹുദൂർ അഭിപ്രായം ചോദിച്ചു. ഞങ്ങൾ വളരെ നേരത്തെ തന്നെ ഖിലാഫത്തിന്റെ അനുകൂലികളാണെന്നു മറുപടി പറഞ്ഞു. ഖ്വാജാ കമാലുദ്ദീൻ സാഹിബിനോടും സംസാരിക്കാൻ ആവശ്യപ്പെട്ടു. അവസരത്തിന്റെ ഗാംഭീര്യം മനസ്സിലാക്കി അദ്ദേഹം അവ്യക്തമായി എന്തൊക്കെയൊ ചിലതു പറഞ്ഞു ഉരുണ്ടു. ഹുദൂർ അദ്ദേഹത്തോടും മൗലവി മുഹമ്മദ് അലി സാഹിബിനോടും രണ്ടാമതും ബൈഅത്തു ചെയ്യാൻ ആവശ്യപ്പെട്ടു. എന്നിട്ടു പറഞ്ഞു രണ്ടു പേരും മാറി നിന്നു കൂടിയാലോചന നടത്തിയ ശേഷം മനസ്സ് സംതൃപ്തമാണെങ്കിൽ മാത്രം ബൈഅത്തു ചെയ്താൽ മതി. അതിനു ശേഷം ഖിലാഫത്തിനെ അനുകൂലിച്ചുകൊണ്ട് യോഗം നടത്തുകയും അതിനു നേതൃത്വം നൽകി ഒപ്പു ശേഖരിക്കുകയും ചെയ്ത അൽഹക്കം പത്രാധിപർ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനിയോടു അദ്ദേഹം ചെയ്തതും തെറ്റാണെന്നും അതിനാൽ രണ്ടാമതു ബൈഅത്തു ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു.

അവർ മൂന്നു പേരുടേയും പുതിയ ബൈഅത്തു പൂർത്തിയായ ശേഷം യോഗം പിരിഞ്ഞു. അല്ലാഹു ജമാഅത്തിനെ വളരെ വലിയൊരു പരീക്ഷണത്തിൽ നിന്നും രക്ഷിച്ചതിൽ എല്ലാവരും സമാധാനിച്ചു. എന്നാൽ ഏതാനും നിമിഷങ്ങൾക്കു മുമ്പ് ബൈഅത്തു ചെയ്ത ഖ്വാജാ സാഹിബും മുഹമ്മദ് അലി സാഹിബും ഉള്ളിൽ അങ്ങേയറ്റം ദ്വേഷ്യത്തിലായിരുന്നു. അവരുടെ ആ ബൈഅത്തു ഒരു പ്രകടനമായിരുന്നുവെന്നു പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. അവർ ഒരിക്കലും ഖലീഫത്തുൽ മസീഹിനെ നിരുപാധികം അനുസരിക്കണമെന്ന കാര്യം ഒരിക്കലും അംഗീകരിക്കുന്നവരായിരുന്നില്ല. ഹദ്റത്ത് അബ്ദുർ റഹീം സാഹിബ് നയ്യർ (റ) നിവേദനം ചെയ്യുന്നു. അന്നു യോഗത്തിനു ശേഷം പള്ളിയിൽ നിന്നും താഴെ ഇറങ്ങിയ ഉടനെ മൗലവി മുഹമ്മദ് അലി സാഹിബ് ഖ്വാജാ സാഹിബിനോടു പറഞ്ഞു ഇന്നു നമ്മെ അങ്ങേയറ്റം അപമാനിക്കുകയാണു ചെയ്തിരിക്കുന്നത്. എനിക്കിത് ക്ഷമിക്കാനാവുകയില്ല. യോഗത്തിൽ നമ്മെ ചെറുപ്പെടുത്താണടിച്ചത്. ജമാഅത്തിനെ കർമപരമായി സംസ്ക്കരിക്കുകയാണെന്നു അവകാശപ്പെടുന്നയാളുടെ ബാഹ്യപ്രകടനമാണു ഈ കണ്ടത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുകയാണ്. ഈ യോഗത്തിനു ഏതാനും ദിവസങ്ങൾക്കു ശേഷം ഞാൻ ഹുദൂറിന്റെ അടുക്കൽ ഇരിക്കുകയായിരുന്ന അവസരത്തിൽ ഹുദൂറിനു മൗലവി മുഹമ്മദ് അലി സാഹിബിന്റെ ഒരു സന്ദേശം കിട്ടി. അതിൽ അദ്ദേഹം ഖാദിയാൻ ഉപേക്ഷിക്കാൻ തീരുമാനിച്ചതായി എഴുതിയിട്ടുണ്ടായിരുന്നു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ

സാഹിബിനു ഇവർ രണ്ടു പേരുമായി വളരെ ഊഷ്മളമായ സ്നേഹബന്ധമായിരുന്നു ഉണ്ടായിരുന്നത്. മൗലവി മുഹമ്മദ് അലി സാഹിബിനെ ഒരു അനിഷേധ്യ നേതാവും ജമാഅത്തിനെ താങ്ങി നിർത്തുന്ന ഒരു തൂണുമായിട്ടായിരുന്നു അദ്ദേഹം കണ്ടിരുന്നത്. ഒരിക്കൽ ഡോക്ടർ റശീദുദ്ദീൻ സാഹിബ്, ആകാശം ഇടിഞ്ഞു വീണിരിക്കുകയാണു എന്നു മറ്റുള്ളവർക്കു തോന്നുന്നവിധം പരിഭ്രമത്തോടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കൽ ഓടിക്കിതച്ചു വന്നു. എന്നിട്ട് പറഞ്ഞു ഹുദൂർ സംഗതി വളരെ ആശങ്കാകുലമാണ്. ഉടനെ എന്തെങ്കിലും ചെയ്തെ പറ്റൂ അല്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടു പോകും. ഹുദൂർ ചോദിച്ചു എന്താ കാര്യം? അദ്ദേഹം പറഞ്ഞു മൗലവി മുഹമ്മദ് അലി സാഹിബ് പറയുകയാണ് ഞാൻ ഇനി ഇവിടെ ഖാദിയാനിൽ തങ്ങാൻ ഉദ്ദേശിക്കുന്നില്ല. അത്രമാത്രം ഞാൻ അപമാനിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഹുദൂർ ഉടനെ എന്തെങ്കിലും പരിഹാരം കണ്ടെത്തിയാലും. അദ്ദേഹം ഖാദിയാനിൽ നിന്നും പോയിക്കളയുമോ എന്നാണെന്റെ ഭയം.

ഹുദൂർ പറഞ്ഞു, ഡോക്ടർ സാഹിബ്, നാളെയാണു മുഹമ്മദ് അലി സാഹിബ് പോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹത്തോടു ഇന്നു തന്നെ പോയിക്കൊള്ളാൻ ഞാൻ പറഞ്ഞതായി ചെന്നു പറഞ്ഞാലും. മൗലവി മുഹമ്മദ് അലി സാഹിബ് ഖാദിയാനിൽ നിന്നും പോയാൽ ഇവിടെ ആകാശം ഇളകി വീഴും ഭൂമി വിറകൊള്ളും എന്നൊക്കെ കരുതുന്ന വളരെ സാത്വികനായ മസീഹ് മൗഊദിന്റെ സഹാബി ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹിന്റെ ഈ മറുപടി കേട്ട് അന്ധാളിച്ചു നിന്നു. എന്നിട്ട് പറഞ്ഞു ഹുദൂർ, അങ്ങനെ വല്ലതും സംഭവിച്ചാൽ ഇവിടെ വലിയ രീതിയിലുള്ള ഫിത്ന ഉണ്ടായേക്കും. അപ്പോൾ ഹുദൂർ പറഞ്ഞു. ഡോക്ടർ സാഹിബ് പറയാനുള്ളത് ഞാൻ പറഞ്ഞു കഴിഞ്ഞു. ഫിത്ന പൊട്ടിപ്പുറപ്പെടുന്നെങ്കിൽ അത് എനിക്കെതിരിലായിരിക്കും ഉണ്ടാവുക. താങ്കളെന്തിനാണു ഭയപ്പെടുന്നത്. അതിനാൽ നാളെയാണു ഖാദിയാൻ വിടാൻ ഉദ്ദേശിക്കുന്നതെങ്കിൽ നാളെയ്ക്കു പകരം അവർ ഇന്നു തന്നെ പോയിക്കൊള്ളട്ടെ. ഏതായാലും അതോടെ ഫിത്ന കുടുതൽ രൂക്ഷമായി.

അതിനു ശേഷം ആദരവും പേരും പ്രശസ്തിയും നേടുന്നതിനായി ഖിലാഫത്ത് നിഷേധികൾ ജമാഅത്തിന്റെ പല അടിസ്ഥാന തത്ത്വങ്ങളേയും അനഹ്മദി മുസ്‌ലിംകളുമായി ഭിന്നാഭിപ്രായമുള്ള കാര്യങ്ങളേയും മാറ്റി മറിച്ചു. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഗ്രന്ഥങ്ങളിലുള്ള അനഹ്മദികളെ ചൊടിപ്പിക്കുന്ന കാര്യങ്ങൾ മയപ്പെടുത്തി അവരുടെ ആദർശങ്ങളോടും അഭിപ്രായങ്ങളോടും യോജിക്കും വിധം അവർ അവരുടെ മുന്നിൽ സമർപ്പിക്കാൻ തുടങ്ങി. ഞങ്ങൾക്ക് നിങ്ങളുമായി യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ലെന്നു അവർക്ക് കാണിക്കണമായിരുന്നു. ഇത്തരത്തിൽ അനഹ്മദികളെ സന്തോഷിപ്പിക്കുന്നതിലൂടെ ഇസ്‌ലാമിക പ്രചാരണത്തിന്റെ പേരിൽലക്ഷക്കണക്കിനാളുകൾ അവരോടൊപ്പം ചേരുമെന്നായിരുന്നു ഖിലാഫത്ത് നിഷേധികളുടെ കണക്കു കൂട്ടൽ. മറ്റൊരു കാര്യം ഖിലാഫത്തിന്റെ സ്ഥാനം ആഗ്രഹിച്ചു നടക്കുന്ന ഇക്കൂട്ടർക്കു മിയാ സാഹിബ് (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്) എന്നും കണ്ണിലെ കരടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ, മിയാ സാഹിബിനോടു കാണിക്കുന്ന ആദരവും ബഹുമാനവും, അസുഖം കാരണം ഹുദൂർ പള്ളിയിൽ വരാതിരിക്കുന്ന സമയങ്ങളിൽ മിയാ സാഹിബിനെ ഇമാമായി നിശ്ചയിക്കുന്നതിലൂടേയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനു ശേഷവും ഖിലാഫത്ത് നമ്മിൽ ആർക്കും ലഭിക്കുകയില്ലെന്നും മിയാ സാഹിബായിരിക്കും അടുത്ത ഖലീഫയെന്നും അവർ ഏറെക്കുറെ കണക്കു കൂട്ടിയിരുന്നു.

മിയാ സാഹിബ് ഖലീഫയായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഖാദിയാൻ ഉപേക്ഷിച്ചു ലാഹോറിൽ പോകാമെന്നും അവിടെ സ്വന്തം മിഷൻ തുറക്കാമെന്നും ഉറച്ച തീരുമാനം അവർ എടുത്തിട്ടുണ്ടായിരുന്നു. അതിനാൽ മിയാ സാഹിബിനോടു പ്രത്യേകിച്ചും മസീഹ് മൗഊദിന്റെ കുടുംബത്തോടു പൊതുവിലും ഇക്കൂട്ടർ കടുത്ത ശത്രുത കാണിക്കാൻ തുടങ്ങി. അവസാനം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ നാളുകളിൽ തന്നെ ഇക്കൂട്ടർ പിണങ്ങി ലാഹോർ പോലുള്ള വലിയൊരു നഗരത്തിൽ പോയി തങ്ങളുടെ കേന്ദ്രം സ്ഥാപിച്ചു. നൂറു വർഷത്തിൽ കൂടുതൽ കാലം കഴിഞ്ഞിട്ടും അനഹ്മദികളെ സന്തോഷിപ്പിക്കുന്നതിനായി ജമാഅത്തിന്റെ മിക്കവാറും എല്ലാ അടിസ്ഥാന തത്ത്വസംഹിതകളേയും ആദർശങ്ങളേയും ബലി കഴിച്ചെങ്കിലും അനഹ്മദികളെ സന്തോഷിപ്പിക്കാനോ തങ്ങളുടെ അംഗ സംഖ്യ വർദ്ധിപ്പിക്കാനോ അവർക്കായില്ല. ഖിലാഫത്ത് കൂടാതെ ജമാഅത്തിനു പുരോഗതി പ്രാപിക്കാനാവുകയില്ലെന്ന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ തങ്ക ലിപികളാൽ എഴുതപ്പെടേണ്ട ഉപദേശം അവർ ആഗ്രഹിക്കുകയാണെങ്കിൽ അത് ഇനിയും അവർക്കു പ്രയോജനപ്പെടുത്താൻ സാധിക്കുമായിരുന്നു. (തുടരും)

www.alislam.org

# സ്പോട്സും ഇസ്ലാമും

**മുസാഫിർ**



ലോകം മുഴുവൻ ആവേശത്തിന്റെ തിരമാലകളുയർത്തിയാണ് ഖത്തർ ലോകകപ്പ് ഫുട്ബോൾ മത്സരം അവസാനിച്ചത്. ഒരു മുസ്ലിം രാജ്യത്ത് വെച്ച് നടന്ന ലോക കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഖത്തർ എന്ന സമ്പന്നമായ കൊച്ചു രാജ്യം നല്ല രീതിയിൽ ആതിഥ്യമരുളുകയുണ്ടായി. പശ്ചാത്യ മാധ്യമങ്ങൾ ഈ അവസരത്തിൽ ഖത്തറിനേയും ഇസ്ലാം മതത്തേയും പ്രത്യക്ഷമായും പരോക്ഷമായും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചത് സ്പോർട്സ് രംഗത്ത് പോലും പ്രതിഫലിക്കുന്ന ഇസ്ലാം വിരോധത്തിന്റെ തെളിവാണ്. എല്ലാറ്റിനേയും അതിജീവിച്ച് ലോക ഫുട്ബോൾ മത്സര ചരിത്രത്തിൽ ഇന്നേവരെ നടത്തിയതിനേക്കാൾ മികച്ച രീതിയിൽ ഖത്തറിന് മത്സരം നടത്താൻ സാധിച്ചതായി ഫിഫയുടെ പ്രസിഡന്റ് ജിയോവെനി വിൻസെൻസോ ഇൻഫാന്റിനോ പറഞ്ഞു.

ഇസ്ലാം മനുഷ്യന്റെ ആത്മീയവും ശാരീരികവുമായ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നിലകൊള്ളുന്ന മതമാണ്. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ സ്പോർട്സിനും കായിക മത്സരങ്ങൾക്കും നൽകിയ പ്രാധാന്യം അമുസ്ലിം ലോകം അറിയാതെ പോകുന്നത് നിർഭാഗ്യകരമാണ്. ഇസ്ലാം മതം സ്പോട്സിന് പ്രോത്സാഹനാജനകമായ നിലപാടാണ് സ്വീകരിച്ചത്. ഇസ്ലാമിക സംസ്ക്കാരത്തിന് കീഴിലാണ് ഇന്നത്തെ പല സ്പോർട്സ് ഇനങ്ങളും രൂപം പ്രാപിച്ചത്.

വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടെയും അദ്ധ്യാപനങ്ങൾ ഇതിലേക്ക് വെളിച്ചം വീശുന്നതാണ്. ശരീരം ആത്മാവിന്റെ മാതാവും ആവാസ ഭൂമികയുമായിരിക്കെ ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സും ആത്മാവും ഉണ്ടാകൂ. ശരീരവും ആത്മാവുമായുള്ള ബന്ധം അതിഗാഢവും അവിച്ഛിന്നവുമാണ്. അതുകൊണ്ട് ശരീരത്തിന്റെ പോഷണവും ക്ഷമതയും സംരക്ഷിക്കൽ മനുഷ്യന്റെ ബാദ്ധ്യതയും കടമയുമായി ഇസ്ലാം കാണുന്നു. ശരീരവും ആത്മാവുമായുള്ള ബന്ധത്തെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: **‘ഞാൻ അവനെ (അവന്റെ ശരീരത്തെ) ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും**

**എന്റെ ചൈതന്യത്തിൽ നിന്നും ഒരംശം ഞാൻ അവനിൽ ഊതുകയും (ആത്മാവിനെ ഊതി) ചെയ്തു.' (15:30)** ഈ വചനത്തിൽ നിന്നും ആത്മാവ് ശരീരത്തിൽ നിന്നും ഉത്ഭൂതമാവുന്നതാണെന്ന് അല്ലെങ്കിൽ ശരീരത്തിന്റെ രൂപീകരണ ഘട്ടത്തിൽ തന്നെ സംജാതമാവുന്ന ഒരു ചൈതന്യമാണെന്നും വരുന്നു. ഈ വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: **'ആത്മാവും ശരീരവും തമ്മിലുള്ള പ്രസ്തുത ബന്ധത്തെ തെളിയിക്കുന്നതിന് ബലവത്തായ മറ്റൊരു തെളിവ് ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്ന സിദ്ധാന്തമാണ്. ആത്മാവിന്റെ ചലനങ്ങൾ ശരീരത്തിന്റെ ചേഷ്ടകളെ അവലംബിച്ചിരിക്കുന്നു. നാം ഏത് ഭാഗത്തേക്ക് ശരീരം തിരിക്കുന്നുവോ ആ ഭാഗത്തേക്ക് ആത്മാവും ആവശ്യം തിരിയേണ്ടിയിരിക്കുന്നു.' (ഇസ്ലാം മത തത്ത്വജ്ഞാനം).**

ഇസ്ലാമിലെ നിർബന്ധ പ്രാർത്ഥനയായ അഞ്ചനേര നമസ്കാരം ശരീരവും ആത്മാവും കൂടി പങ്കെടുക്കുന്ന ഒരു പ്രാർത്ഥനാ സമ്പ്രദായമാണ്. ശരീരചലനങ്ങൾ ആത്മാവിനെ സ്വാധീനിക്കുകയും ആത്മീയ ചിന്തകൾ ശരീരത്തെ ആവഴിക്ക് ചലിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് മനുഷ്യന്റെ ഘടന നിർണ്ണയിച്ചിരിക്കുന്നത്. നിശ്ചേതനനായി ഒരു സ്ഥലത്ത് കുത്തിയിരുന്ന് മന്ത്രങ്ങൾ ഉരുവിടുന്ന രീതിയല്ല ഇസ്ലാമിലെ നമസ്കാരം. ആത്മാവിനോടൊപ്പം ശരീരവും ഈ പ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുന്നു. സൂര്യചലനത്തെ അടിസ്ഥാനമാക്കിയുള്ള നിശ്ചിത സമയങ്ങളിലാണ് പ്രകൃതിയോട് സമരസപ്പെടുത്തിക്കൊണ്ടുള്ള ഇസ്ലാമിലെ ആരാധനകൾ നിർണ്ണയിച്ചിരിക്കുന്നത്. മിതത്വത്തിന്റെ മാർഗം അവലംബിച്ചുകൊണ്ട് എല്ലാ നന്മകളും ആർജ്ജിക്കാനാണ് ഇസ്ലാം മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നത്.

സ്പോട്സ് മനുഷ്യന്റെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം മനുഷ്യന് സന്തോഷം പ്രധാനം ചെയ്യുന്ന ഒരു വിനോദോപാധി കൂടിയാണ്. കായിക പരിശീലനങ്ങളിലൂടെ ശരീരത്തിന്റെ ആരോഗ്യവും പ്രവർത്തന ശേഷിയും വർദ്ധിപ്പിക്കുകയും മനസ്സിന്റെ പിരിമുറുക്കം കുറക്കുകയും ചെയ്യേണ്ടത് സ്ത്രീപുരുഷന്മാരുടെ ആരോഗ്യത്തിനും സുഖക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. കായിക പ്രധാനമായ മത്സരങ്ങളിൽ ഏർപ്പെടുമ്പോൾ സ്വാഭാവികമായും അതിരുകടന്ന മത്സരബുദ്ധിയും ആവേശവും പക്ഷപാതിത്വങ്ങളും ഉണ്ടാവുന്നു. മല്ലയുദ്ധത്തിൽ പ്രതിയോഗിയെ കീഴ്പ്പെടുത്തുന്നവനല്ല ശക്തൻ കോപം വരുമ്പോൾ അതിനെ കീഴ്പെടുത്തുന്നവനാണ് ശക്തൻ എന്ന നബി വചനം സ്പോർട്സ് രംഗത്തയാലും ശരീരത്തിന്മേൽ ആത്മാവിന്റെ നിയന്ത്രണത്തെയും അധീശത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. ഇതിന് ഉദാഹരണമാണ് ചൈനീസ് മാർഷൽ ആർട്ടായ കുങ്ഫു. ചൈനീസ് മുസ്ലിം മാസ്റ്റേഴ്സ് ആണ് കുങ്ഫു എന്ന് അയോധന മുറ ഇജ്തിഹാദ് (ഗവേഷണം) നടത്തി പരിപോഷിപ്പിച്ച് ഇന്നത്തെ രീതിയിൽ വികസിപ്പിച്ചത്. ശരീരത്തിന് മേലുള്ള മനസ്സിന്റെ നിയന്ത്രണം ഈ ആയോധന കലയിൽ പ്രകടമാണ്. അറബിയിൽ സ്പോർട്ട്സിന് റിയാദ: എന്നാണ് പറയുക. അതേ പദം തന്നെയാണ് ഗണിത ശാസ്ത്രത്തിനും പറയുന്നത്. ആത്മീയ പരിശീലനത്തിന് സൂഫികൾ ഉപയോഗിക്കുന്നതും ഇതേ പദം തന്നെയാണ്. മുസ്ലിം പരിപ്രേഷ്യത്തിൽ സ്പോട്സിന് ഉപയോഗിക്കുന്ന ഈ പദം ശരീരത്തിനും ബുദ്ധിക്കും ആത്മാവിനും സമഗ്രമായി പരിശീലനം നൽകുന്നതിനെയാണ് കുറിക്കുന്നത്. അഹ്മദിയ്യ ഖലീഫമാർ സ്പോർടിസിനെ പ്രത്യേകം സ്നേഹിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്നവരും ചിലർ സ്പോർട്സിൽ പങ്കെടുക്കുന്നവരുമാണ്. സ്ത്രീകളും കുട്ടികളുടക്കം യുവാക്കൾക്കും നാൽപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും സ്പോട്സിനെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തന രൂപരേഖയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ശാഖാ സംഘടനകൾക്കുണ്ട്.

മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ കടമകളെയും ഉത്തരവാദിത്തങ്ങളെയും മറപ്പിക്കുകയും വീഴ്ച്ചവരുത്തുകയും ചെയ്യുന്ന വിധം സ്പോട്സിൽ മുങ്ങിത്താഴുന്നത് അഭിലഷണീയമല്ലാത്ത കാര്യമാണ്. അതുപോലെ മനുഷ്യന്റെ ധാർമികതയേയും ആത്മീയതയേയും ദുഷിപ്പിക്കുന്ന ആൺപെൺ മിശ്രണവും സ്പോർട്സിലായാലും ഇസ്ലാം അനുവദിക്കുന്നില്ല. അത്തരം അതിരുകടക്കലുകൾ സ്പോട്സിന്റെ തന്നെ ആത്യന്തികമായ ഉദ്ദേശ്യത്തെ നിഷ്ഫലമാക്കുന്നു.

ബൈബിളിൽ പഴയ നിയമത്തിൽ മക്കാബായർ എന്ന അദ്ധ്യായത്തിൽ ഫലസ്തീനിലെ സിനഗോഗുകൾ ഗ്രീക്ക് സെലൂസിഡ് ഭരണാധികാരിയായ അന്തിയോക്കസ് എപ്പിഫനാസിന്റെ ഭരണത്തിൻ കീഴിൽ ഭൗതിക പ്രധാനമായ ഗ്രീക്ക് സംസ്ക്കാരം സ്വീകരിച്ച റോമൻ ഭരണാധികാരികൾ യഹൂദ മതസംസ്ക്കാരം നശിപ്പിക്കാൻ സിനഗോഗുകളിൽ ജിംനേഷ്യം സ്ഥാപിച്ചിരുന്നതായി ബൈബിൾ പറയുന്നു. ജെറുസലേമിൽ യാസോൻ എന്ന ഇസ്റയേൽക്കാരൻ വക്രമാർഗത്തിൽ രാജാവിന് കൈക്കൂലി നൽകി മഹാപുരോഹിതനായി. യഹൂദരെ ഗ്രീക്ക് സംസ്ക്കാരത്തിലേക്ക് പരിവർത്തിപ്പിക്കാൻ യാസോൻ റോമൻ ഭരണാധികാരികളുമായി ചേർന്ന് യഹൂദ യുവാക്കളെ നഗ്നരാക്കി കായിക പരിശീലനം നടത്തിയതായും പരിഛേദന നിർത്തിയതായും ബൈബിൾ വിവരിക്കുന്നു. ജിംനേഷ്യത്തിൽ കായിക പരിശീലനങ്ങളും ശരീര പ്രദർശനങ്ങളുമായിരുന്നു നടത്തി

യിരുന്നത്. ജിംനേഷ്യം എന്ന ഗ്രീക്ക് പദത്തിന് നഗ്നത എന്നാണ് അർത്ഥം. മക്കാബിയന്മാർ എന്നറിയപ്പെടുന്ന യഹൂദ മതയാഥാസ്ഥിതിക വിപ്ലവകാരികളെ കലാപങ്ങളിലേക്ക് നയിച്ച ഈ ജിംനേഷ്യ പരിഷ്ക്കാരങ്ങളെപറ്റി ബൈബിൾ പഴയ നിയമത്തിൽ മക്കാബായർ എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

മനുഷ്യനെ നന്മയിലേക്കും ആരോഗ്യത്തിലേക്കും നയിക്കുന്നതിന് പകരം ആത്മീയതയേയും ധാർമിക സദാചാരത്തേയും മത സംസ്ക്കാരത്തെയും നശിപ്പിക്കുന്ന ഉപാധിയായി സ്പോർട്സ് അധപതിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. സ്പോർട്സ് ഒരു ജീവിതോപാധിയായി സ്വീകരിക്കുന്ന പ്രൊഫഷണൽ സ്പോർട്സിനെയും ഇസ്‌ലാം അനുകൂലമാണ്. ഇസ്‌ലാമിന് ഇക്കാര്യത്തിൽ തനതായ മൂല്യങ്ങളും രീതികളും പെരുമാറ്റ ചട്ടങ്ങളും മര്യാദകളുമുണ്ട്. പകിടകളിയും ചൂതാട്ടത്തിന്റെ സ്പർശമുള്ള പണംവെച്ചുള്ള എല്ലാ വിനോദങ്ങളും ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. അത്പോലെ നേരംപോക്കും സമയം വൃഥാ പാഴാക്കുന്ന കേവല വിനോദങ്ങളും നിരുത്സാഹപ്പെടുത്തേണ്ടതുമുണ്ട്.

സ്പോർട്സിൽ കാണിക്കേണ്ട സ്പോർട്സ്മാൻ സ്പിരിറ്റിന്റെ ഏറ്റവും ഉത്തമവും ഉദാത്തവുമായ നിരവധി മാതൃകകയും ഉപദേശവും റസൂൽ തിരുമേനി(സ)യിൽ നിന്നും നമുക്ക് ല ിക്കുന്നു.

**നബി (സ)ന് അദ്ബാഅ് എന്നു പേരുള്ള ഒരു പെണ്ണൊട്ടകമുണ്ടായിരുന്നു. മറ്റ് ഒട്ടകങ്ങൾക്ക് അതിനെ മറികടക്കാൻ കഴിഞ്ഞിരുന്നില്ല. അത്രയും ശക്തയായിരുന്നു അവൾ. നിവേദക പരമ്പരയിലെ ഹുമൈദ് പറയുന്നു: മറ്റ് ഒട്ടകങ്ങൾക്ക് അതിനെ മറികടക്കാൻ കഴിയുമായിരുന്നില്ല. അതിനിടെ ഒരു ഗ്രാമീണ അറബി, യാത്ര ചെയ്യാൻ പ്രായമായ ഒരു ഒട്ടകവുമായി വന്നു. അത് നബിയുടെ ഒട്ടകത്തെ മറികടന്നു. അത് മുസ്‌ലിംകളെ പ്രയാസപ്പെടുത്തി. അവിടുന്ന് അത് മനസ്സിലാക്കി. തിരുമേനി പറഞ്ഞു: ദുനിയാവിൽ ഉയർന്നു വരുന്ന എന്തിനെയും താഴ്ത്തിക്കളയുക എന്നത് അല്ലാഹുവിന്റെ ബാദ്ധ്യതയാണ്. (മുസ്നദ് അഹ്മദ്, ബുഖാരി)**

ഓട്ടം, അമ്പെയ്ത്ത്, ഗുസ്തി, നീന്തൽ എന്നീ കായികാഭ്യാസങ്ങൾക്കെല്ലാം റസൂൽ തിരുമേനി(സ) പ്രോത്സാഹനം നൽകിയതായി കാണാം. ജലാശയങ്ങളിൽ നിന്നും കടലിൽ നിന്നും വളരെ അകലെ ജീവിച്ച ആളായിരുന്നിട്ടും നീന്തൽ

## അയൽക്കാരനോടുള്ള കടപ്പാട്

അംറുബ്നു ശുഐബ് (റ) ൽനിന്നും നിവേദനം: നബി (സ) പറഞ്ഞു: തന്റെ കുടുംബത്തിന്നും സമ്പത്തിന്നുമുണ്ടാകുന്ന നഷ്ടം ഭയന്ന് അയൽക്കാരന്ന് നേരെ വാതിൽ കൊട്ടിയടക്കുന്നവൻ സത്യവിശ്വാസിയല്ല. ഏതൊരുവന്റെ ഉപദ്രവത്തിൽ നിന്ന് അയൽക്കാരൻ നിർഭയനല്ലയോ അവനും വിശ്വാസിയല്ല. അയൽക്കാരനോടുള ബാദ്ധ്യതകൾ എന്തൊക്കെയാന്നെന്ന് അറിയുമോ? അവൻ നിന്നോട് സഹായമഭ്യർത്ഥിച്ചാൽ അവനെ സഹായിക്കണം. കടം ചോദിച്ചാൽ കൊടുക്കണം. അവൻ ആവശ്യക്കാരനെങ്കിൽ അത് അവന്ന് തന്നെ തിരിച്ച് നൽകണം. രോഗിയായാൽ സന്ദർശിക്കുക. അവന്ന് വല്ല നന്മയും കൈവന്നാൽ ആശം സിക്കുക. ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ആശ്വസിപ്പിക്കുക. മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കുക. അവന്റെ അനുവാദം കൂടാതെ കെട്ടിടമുയർത്തി നീ അവന്റെ വീട്ടിലേക്കുള്ള വായു സഞ്ചാരം തടസ്സപ്പെടുത്തരുത്. തന്റെ കറിയിൽ നിന്നും അവന് ഒന്നും നൽകാതെ അതിന്റെ മണം മാത്രം പരത്തിക്കൊണ്ട് നീ അവനെ ഉപദ്രവിക്കരുത്. നീ പഴം വാങ്ങിയാൽ അതിന്റെ ഒരു വിഹിതം അവന്ന് നൽകുക. അതിന്ന് സാദ്ധ്യമല്ലെങ്കിൽ വീട്ടിൽ അത് സ്വകാര്യമായിവെക്കുക. അതുമായി നിന്റെ മകൻ പുറത്ത് പോയി, അത് കണ്ട അയാൽവാസിയുടെ മകൻ പ്രയാസപ്പെടാൻ ഇടവരരുത്. (ഇമാം തബറാനി)

പഠിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) നടത്തിയ ഉദ്ബോധനങ്ങൾ അതിശയകരമാണ്. ചെറിയ കുട്ടികൾക്ക് ചെറിയ സമ്മാനങ്ങൽ നൽകി ഓട്ടമത്സരങ്ങൾ റസൂൽ തിരുമേനി (സ) നടത്തിയിരുന്നു. തന്റെ ഭാര്യ ആയിശ(റ)യുമായി ഓട്ടപന്തയം വെച്ച് മത്സരിച്ചതായി ഹദീസുകളിലുണ്ട്. ആയിശ(റ) യുവതിയായിരുന്നപ്പോൾ റസൂൽ തിരുമേനി (സ)യെ തോൽപ്പിച്ചതായും പിന്നീട് ആയിശാ(റ) അൽപ്പം തടികൂടിയപ്പോൾ റസൂൽ തിരുമേനി(സ) അവരെ തോൽപ്പിച്ചതായും ഹദീസിൽ രേഖപ്പെടുത്തുന്നു. റുകാന എന്ന് പേരുള്ള മല്ലനുമായി റസൂൽ തിരുമേനി (സ) ഒന്നിലേറെ തവണ ഗുസ്തിയിലേർപ്പെടുകയും അതിലെല്ലാം പ്രവാചകൻ വിജയിക്കുകയും ചെയ്തിരുന്നു. അത്രക്ക് ദൃഢഗാത്രനായിരുന്നു അവിടുന്ന്.

ചുരുക്കത്തിൽ മനുഷ്യജീവിതത്തിന് ഇഹത്തിലും പരത്തിലും സർവ്വതോന്മുഖമായ ക്ഷേമവും സൗഖ്യവും സൗന്ദര്യവും ലക്ഷ്യം വെക്കുന്ന ഇസ്‌ലാം മതത്തിന് സ്പോർട്സിൽ ഉത്തമ മാതൃകയും വ്യക്തമായ ദിശാബോധവുമുണ്ട്. മിതത്വം പാലിച്ച് ശാരീരികവും ഭൗതികമായും ഉള്ള നന്മ ആർജ്ജിക്കാനാണ് വിശുദ്ധ മാനവരാശിയോട് ഉപദേശിക്കുന്നത്.

**ആദം സന്തതികളെ! നിങ്ങളുടെ ആരാധനയുടെ ഓരോ സമയത്തും സ്ഥലത്തും നിങ്ങൾ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവീൻ എന്നാൽ ഒന്നിനും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നില്ല. (അഅ്റാഫ് 7:32)**

www.alislam.org




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കുവൈക്ക് അമീറായിരുന്ന അഹ്മദ് ഇസ്മായിൽ സാഹിബിന്റെ Smile of Ismail എന്ന ആത്മകഥ 2022 നവംബർ 15ന് NBTC യുടെ കുവൈറ്റ് കോർപറേറ്റ് ഹെഡ് ഓഫീസിൽ വെച്ച് നടന്ന പ്രത്യേക ചടങ്ങിൽ അൽ ബദ്ദ ട്രേഡിങ്ങ് & കോൺട്രാക്റ്റിങ്ങ് കമ്പനി ചെയർമാൻ മുഹമ്മദ് നാസർ അൽ ബദ്ദ പ്രകാശനം ചെയ്യുന്നു. ഗെറ്റി ഓയിൽ കമ്പനി മുൻ ചെയർമാൻ അബ്ദുർ റഹ്മാൻ അൽ മുല്ലയാണ് പുസ്തകം ഏറ്റുവാങ്ങിയത്. അഹ്മദ് ഇസ്മായിൽ സാഹിബ് 60 വർഷം എൻജിനിയറായി ജോലി ചെയ്ത ഓയിൽ കമ്പനിയിൽ വെച്ചായിരുന്നു പുസ്തക പ്രകാശനം.




ഡിസംബർ 29 30 31 ജനുവരി 1 തീയതികളിൽ കോഴിക്കോട് ജില്ലാ അഹ്മദിയ്യാ കമ്മിറ്റി സംഘടിപ്പിച്ച ബുക്സ്റ്റാൾ.



# JALSA SALANA QADIAN 2022











Published on 07.01.2023 Pages 44 Vol: 95 Issue. 01
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

# വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

## ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250. ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim